# അവന്റെ സാന്നിദ്ധ്യത്തിൽ

നന്ദി, നെവിൽ സഹോദരാ, കർത്താവ് നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ.

സന്ധ്യാ വന്ദനം, സ്നേഹിതരെ. ഈ രാത്രിയിൽ വീണ്ടും ഈ കെട്ടിടത്തിൽ തിരിച്ചെത്താൻ സാധിച്ചത് ഒരു വലിയ സൌഭാഗ്യമാണ്, നമ്മുടെ കർത്താവ് വാഗ്ദത്തം നൽകിയതു പോലെ, അവന്റെ ഒരിക്കലും-തോല്പിയടയാത്ത സാന്നിദ്ധ്യം അനുഭവപ്പെട്ടുന്നു. ഇപ്പോൾ, നിങ്ങളിൽ പലരും ഇന്ന് രാത്രിയിലെ ഈ ചെറിയ സന്ദേശത്തിനായി താമസിച്ചെന്ന് എനിക്കറിയാം, അതിനായി ഞാൻ വളരെ നന്ദിയുള്ളവനാണ്. വീട്ടിലെത്താൻ, നിങ്ങളിൽ പലർക്കും ഈ രാത്രിയിൽ വാഹനം ഓടിക്കേണ്ടതുണ്ട്. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു പോലെ, ചിലർ നിങ്ങൾ വഴിയരികയുള്ള ഹോട്ടലുകളിൽ നിന്നും മുറികൾ ഒഴിഞ്ഞു കൊടുത്തിരിക്കുന്നു. നിങ്ങളെ ദീർഘനേരം ഇരുത്താതിരിക്കാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്, അതിനാലാണ് ഞങ്ങൾ നേരത്തെ വന്നത് അങ്ങനെ നമുക്ക് നേരത്തെ കടന്നു പോകാനാകും.

2 ഇപ്പോൾ നമ്മൾ ആരംഭിക്കാൻ പോകുന്നു, എനിക്കു കഴിയുന്ന അത്രയും വേഗത്തിലാക്കി, ഞങ്ങൾ എപ്പോൾ തുടങ്ങാൻ പോകുന്നു എന്ന് ഞാൻ പ്രഖ്യാപിക്കാൻ പോകുന്നു, ഈ അദ്ധ്യായത്തിൽ നിന്നോ അതോ, ഈ പുസ്തകങ്ങളിൽ നിന്നോ ഞങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയുന്നതിന്, എനിക്ക് ഇന്ന് ഉച്ചതിരിഞ്ഞപ്പോൾ ചില വിളികൾ ഉണ്ടായിരുന്നു. ഞാൻ കരുതുന്നത്, കർത്താവിന്റെ ഇഷ്ടമെങ്കിൽ, അടുത്ത തവണ നമ്മൾ ആരംഭിക്കുമ്പോൾ, ഞാൻ എടുക്കാൻ ആഗ്രഹിക്കുന്നു, വെളിപ്പാടിന്റെ ഏഴു മുദ്രകളിൽ നിന്നും, പ്രകൃത്യാലുള്ള ഏഴു മുദ്രകളും ആകുന്നു. പിന്നെ, കൃത്യ സമയത്ത് കടന്നു പോയാൽ, പുസ്തകത്തിന്റെ പുറത്തെ ഏഴ് മുദ്രകളും എടുക്കുന്നതാണ്, നോക്കൂ. ഇപ്പോൾ, അതിനായി കുറച്ച് സമയമെടുത്തേക്കാം. നോക്കൂ, അവിടെ തുറന്ന ഏഴ് മുദ്രകളുണ്ട്; ഏഴ് ബാധകൾ, ഏഴ് കാഹളങ്ങൾ, ആ എല്ലാ ഏഴുകളും; നമുക്ക് ആദ്യം ആ ഏഴു മുദ്രകളെ എടുക്കാം. പിന്നെ പുസ്തകത്തിന്റെ പുറത്ത് ഏഴു മുദ്രകളാൽ മുദ്രയിട്ടിരിക്കുന്നു. ഇടിയും നാദം മുഴക്കിയത്, ദാനീയേൽ ആ ശബ്ദങ്ങൾ കേട്ടു, അത് എഴുതരുത് എന്നു വിലക്കിയിരുന്നു. യോഹന്നാനോട് അതു എഴുതുന്നതിനു വിലക്കിയിരുന്നു. എന്നാൽ അത് പുസ്തകത്തിന്റെ പുറകു വശത്തായി

മുദ്രയിട്ടിരിക്കുന്നു, അതാണ് അത്, പുസ്തകത്തിന്റെ രഹസ്യങ്ങളെല്ലാം വെളിപ്പെടുത്തി പുറപ്പെടുവിച്ചതിനു ശേഷമായിരുന്നു. ദാനീയേൽ അവിടെ പറഞ്ഞത് നിങ്ങൾ ശ്രദ്ധിക്കു, "ഈ ശബ്ദങ്ങളുടെ കാലത്തുള്ള രഹസ്യങ്ങൾ, ദൈവത്തിന്റെ മർമ്മം അപ്പോഴേക്കും തുറക്കപ്പെടും." നോക്കു, "ആ രഹസ്യം," ദൈവം ആരാണ്, അവൻ എങ്ങനെ ജഡമായി തീർന്നു, ഇവയെല്ലാം ആ സമയത്ത് തുറക്കപ്പെട്ടിരിക്കണം. തുടർന്ന്—തുടർന്ന് പുസ്തകത്തിന്റെ പുറകിലുള്ള ഏഴ് മുദ്രകൾക്കായി നാം തയ്യാറാകുന്നു, അത് മനുഷ്യന് വെളിപ്പെടുത്തിയിട്ട് പോലുമില്ല, ബൈബിളിൽ പോലും എഴുതിയിട്ടില്ല, പക്ഷേ അവ ബൈബിളിലെ ശേഷിക്കുന്നതുമായി കൃത്യമായി താരതമ്യപ്പെടേണ്ടതുണ്ട്, അത് ഒരു മഹത്തായ കാര്യമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

3 അതുകൊണ്ട് ഇപ്പോൾ നാം ധൃതിയിൽ കടന്നുപോകാൻ ശ്രമിക്കുകയാണ്. നിങ്ങളുടെ ദയയ്ക്കും നിങ്ങളുടെ സാന്നിദ്ധ്യത്തിനും നിങ്ങൾക്ക് ഓരോരുത്തർക്കും നന്ദി, കൂടാതെ—കൂടാതെ നിങ്ങൾ ചെയ്ത എല്ലാത്തിനും, ഞങ്ങൾ വളരെ നന്ദി പറയുന്നു. നിൽക്കാനും, ഇരിക്കാനും നിങ്ങൾ വളരെ ക്ഷമയുള്ളവരാകയാൽ, ഇന്ന് രാത്രി ഞങ്ങൾ നിങ്ങളെ കൂടുതൽ നേരം ഇരുത്തില്ലെന്ന് ഞാൻ—ഞാൻ വിശ്വസിക്കുന്നു. എന്റെ ഭാര്യ അവിടെ പിന്നിലുണ്ട്, ഇന്നലെ രാത്രിയെപ്പറ്റി അവൾ പറയുകയായിരുന്നു, അവൾ പറഞ്ഞു, "വളരെ ഭാരം കൂടിയ ഒരു സ്ത്രീ അവിടെ നിൽക്കുന്നതു, ഞാൻ കണ്ടു, അവരുടെ വസ്ത്രങ്ങൾ നനഞ്ഞു കുതിർന്നിട്ടും, അവിടെ നിന്നുകൊണ്ട്, ഓരോ വാക്കും ശ്രദ്ധയോടെ കേട്ടിരുന്നു." ആ കാരണത്താലാണ് പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൻ കീഴിൽ തുടരാൻ ഞാൻ ആഗ്രഹിക്കുന്നത്, അതിനാൽ നിങ്ങൾ പുറത്തു വന്ന് ആ ജനങ്ങളോട് ആത്മാർത്ഥമായി സത്യം പറയുന്നു, നോക്കു, സത്യമല്ലാതെ മറ്റൊന്നുമല്ല. അപ്പോൾ അവർക്ക് അതിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞിട്ട്, അങ്ങനെ അതെല്ലാം ശരിയാക്കും.

4 ഇപ്പോൾ കുറച്ച് നിമിഷത്തേക്ക് നിങ്ങളോട് ക്ഷമാപണം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് രാവിലെ ഞാൻ അല്പം നേരത്തെ പോയി. ഈ സമയത്ത് ടേപ്പുകൾ ഓഫ് ചെയ്തിരിക്കും, ടേപ്പ് എപ്പോൾ പ്രവർത്തിപ്പിക്കണം എന്നു ഞാൻ—ഞാൻ ഒരു നിമിഷത്തിനുള്ളിൽ റിക്കോർഡ് ചെയ്യുന്നരോട് പറയുന്നതാണ്. ഞാൻ പോകുന്നതിനു മുമ്പ്, അഞ്ച് നിമിഷം വേണം, *പുറകോട്ടെണ്ണൽ* പൂർത്തിയാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മറന്നിട്ട് പോയതായിരുന്നു, ഞാൻ ഇന്ന് രാവിലെ അങ്ങനെ തുടർന്നു കൊണ്ടു പോയിട്ട് അതിനെക്കുറിച്ച് ഒന്നും

പറയാതെ പുറപ്പെട്ടു പോയി. പക്ഷേ, എനിക്കു കുറച്ചു വിട്ടുപോയതു പോലെ തോന്നി, "എന്താണ് പുറകോട്ടെണ്ണൽ?" കണ്ടോ? നമ്മൾ പുറകോട്ടുള്ള എണ്ണത്തിലാണെന്ന് ഞാൻ അറിയുന്നു, എന്നാൽ എന്താണ് പുറകോട്ടെണ്ണൽ? കണ്ടോ? പുറകോട്ടെണ്ണൽ എന്താണെന്ന് നിങ്ങൾക്ക് അറിയില്ലെങ്കിൽ, പിന്നെ നിങ്ങൾ ഒരു വിധം ആശയക്കുഴപ്പത്തിലായി തീരും. അതിനാൽ, ഞാൻ—ഞാൻ അതിനെ അല്പം നേരത്തേക്ക്—അതിനെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു, ടേപ്പ് പുറത്തു അയയ്ക്കുന്ന കാരണത്താൽ, ഞാൻ ഇപ്പോൾ ഈ ടേപ്പ് പൂർത്തിയാക്കേണ്ട അതേ സ്വരത്തിൽ തന്നെ തുടരാൻ ശ്രമിക്കും, *പുറകോട്ടെണ്ണൽ*. ഇപ്പോൾ നിങ്ങൾ എല്ലാവരും ഒരു നിമിഷം എന്നോട് ക്ഷമിക്കണം, ഞാൻ ആ ടേപ്പ് പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു. ഒരു നിമിഷത്തേക്ക് നിങ്ങൾ അത് ചെയ്യുമോ, പിന്നെ നമുക്ക് മറ്റേത് ആരംഭിച്ചു കൂടെ? [സഭ പറയുന്നു "ആമേൻ."—Ed.] ഇപ്പോൾ—ഇപ്പോൾ ടേപ്പ് റെക്കോർഡ് ചെയ്യുന്നവർ, നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, ഇപ്പോൾ നിങ്ങളുടെ ടേപ്പിൽ ഒന്നു വിരൽ നൊടിച്ചു കൊള്ളൂ.

[ടേപ്പിൽ ശൂന്യമായ സ്ഥലം. ബ്രദർ ബ്രൺഹാം 4-5 ഖണ്ഡികയിൽ വിശദീകരിക്കുന്നു ഇന്നു രാവിലത്തെ പ്രഭാഷണമായ *പുറകോട്ടെണ്ണലിൽ* അദ്ദേഹം കാണാതായ ഈ ഭാഗം ചേർത്തു ഖണ്ഡിക 106-111—Ed.]

5 വ്യത്യസ്ത സ്ഥലങ്ങളിൽ നിന്ന് വന്നിട്ട്, അവസാനത്തെ മൂന്ന് സന്ദേശങ്ങളിൽ നമുക്ക് ഒരു മഹത്തായ സമയം ലഭിച്ചിരുന്നു, വ്യത്യസ്തമായ—ഉപദേശങ്ങളുടെ വിഷയത്തിലും അങ്ങനെയും മറ്റും സംസാരിക്കുന്നതിനു നാം മുന്നോട്ട് വെച്ചിരുന്നു. ടേപ്പിലുള്ളവരെ നിങ്ങൾക്ക്, നിങ്ങളുടെ ടേപ്പുകളിൽ മാറ്റം വരുത്താനായി, അവിടെ കുറച്ച് ഇടം നൽകേണ്ടതായിരുന്നു എന്നു ഞാൻ ഇപ്പോൾ ഓർത്തു. ഓൺ ചെയ്യാൻ എപ്പോൾ തയ്യാറാകും എന്നു ഞാൻ നിങ്ങളോട് പറയാം. അങ്ങനെയാകട്ടെ. ഇപ്പോൾ, എനിക്കു ഇത് ശ്രദ്ധിക്കേണം. ഇത് ഒരു കൂട്ടർക്കായി ഔപചാരികമായി ഉണ്ടാക്കിയിരിക്കുന്നു എന്നു തോന്നുന്നു, പക്ഷേ ബാലന്മാക്ക് ടേപ്പിൽ അതു ടേപ്പ് ചെയ്യേണം. അവർക്ക് അതെല്ലാം കുഴച്ചു മറിക്കാൻ കഴിയില്ല; അവർ അങ്ങനെ ചെയ്താൽ, അവിടെ പുറമെയുള്ള ജനങ്ങൾക്ക് അത് മനസ്സിലാകില്ല. അതിനാൽ നമുക്ക് അതിനെ ഈ രീതിയിൽ തന്നെ എടുക്കണം. ആരെങ്കിലും മുറിയിൽ നിന്ന് ഇറങ്ങി വന്ന് എന്നെ ആംഗ്യം കാണിച്ചാൽ, ജൂനിയർ, ടേപ്പുകൾ മറിച്ചിടാൻ അവർ തയ്യാറാകുമ്പോഴാണ് അങ്ങനെ ചെയ്യുക. വളരെ നന്ദി, ജനങ്ങളേ,

നിങ്ങളുടെ എല്ലാ ദയയ്ക്കും മറ്റെല്ലാത്തിനും വേണ്ടി, ഞാൻ വീണ്ടും പറയുന്നു. ശരി, ഇപ്പോൾ നമ്മൾ തയ്യാറാണ്, നിങ്ങൾക്ക് അവയെ ഓൺ ചെയ്യാം.

6 കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇന്ന് രാത്രിയിൽ വീണ്ടും ടെബർണക്കിളിൽ ആയിരിക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. മൂന്ന് ദിവസത്തെ...അല്ലെങ്കിൽ മൂന്ന് തവണത്തെ ശുശ്രൂഷയിലും, നിരവധി ജനങ്ങളാൽ തിങ്ങി നിറഞ്ഞിട്ട് ഇന്ന് രാത്രിയിലും ചുറ്റും നിൽക്കുകയാണ്. ആരെങ്കിലും ഈ ടേപ്പ് കേൾക്കുകയാണെങ്കിൽ, അവർ തിരിച്ചെത്തി കഴിഞ്ഞ രാത്രിയിലെ ടേപ്പ് എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വീട്ടിൽ വച്ച് ഇത് പഠിക്കു. ഇത് കർത്താവ് എനിക്ക് നൽകിയ—ഇപ്പോഴത്തെ ശുശ്രൂഷയുടെ ഘട്ടമാണ്. പ്രത്യേകിച്ച് ദൈവ ദാസന്മാർ ഞാൻ അവരുടെ പള്ളികൾ സന്ദർശിക്കുകയും അവരുടെ വീടുകളിലേക്ക് വരുന്നതിനും മുമ്പ് അത് കേട്ടിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ അത്—എടുക്കാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നു. ഇപ്പോൾ, ഇന്ന് രാവിലെ നാം *പുറകോട്ടെണ്ണൽ* എന്ന വിഷയത്തിന്മേൽ സംസാരിച്ചു, സഭ പോകാൻ തയ്യാറായിരിക്കുന്നു.

7 ഇപ്പോൾ ഇന്ന് രാത്രി, ദൈവ ഇഷ്ടമെങ്കിൽ, *അവന്റെ സാന്നിദ്ധ്യത്തിൽ* എന്ന വിഷയത്തിന്മേൽ ഞങ്ങൾ സംസാരിക്കുന്നു. കൂടാതെ, ഓ, അവന്റെ സാന്നിദ്ധ്യത്തിൽ വരാൻ കഴിഞ്ഞ പദവിക്ക് നാം ദൈവത്തിന് എങ്ങനെയാണ് നന്ദി പറയേണ്ടത്. എന്നാൽ, ആദ്യം, നിങ്ങൾ എല്ലാവരും എന്നോടൊപ്പം നിങ്ങളുടെ ബൈബിളുകളിൽ യെശയ്യാവ് പ്രവാചകൻ, യെശയ്യാവ് പ്രവാചകന്റെ 6-ാം അദ്ധ്യായം തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. യെശയ്യാവ് ഒരു പ്രധാന പ്രവാചകനും, അവന്റെ കാലത്തെ മഹാനായ പ്രവാചകന്മാരിൽ ഒരാളുമായിരുന്നു എന്ന് നമുക്കെല്ലാവർക്കും അറിയാം. സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയുടെ രക്തസാക്ഷിയെന്ന നിലയിൽ, ഒരു സാക്ഷ്യത്തിനായി, ഈർച്ചവാളുകളാൽ കഷണം കഷണമായി വേർപെടുത്തപ്പെട്ടു അവൻ തന്റെ ജീവിതം അവസാനിപ്പിച്ചു. യെശയ്യാവിന്റെ പുസ്തകത്തിലെ, 6-ാം അദ്ധ്യായം, ഞാൻ 5-ാം വാക്യത്തിൽ നിന്ന് വായിക്കാൻ, തുടങ്ങുന്നു. “അപ്പോൾ ഞാൻ പറഞ്ഞു, ‘എനിക്ക് അയ്യോ കഷ്ടം! കാരണം...” ഒരുപക്ഷേ ഞാൻ 1-ാം വാക്യത്തിൽ നിന്ന് തുടങ്ങും. ഒരു നിമിഷം എന്നോട് ക്ഷമിക്കു. നമുക്ക് 1-ാം വാക്യത്തിൽ നിന്ന് തുടങ്ങി ഏകദേശം 8-ാം വാക്യം വരെ വായിക്കാം.

*ഉസ്സീയാ രാജാവ് മരിച്ച ആണ്ടിൽ കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു, അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.*

*സാറാഫുകൾ അവന്നു ചുറ്റം നിന്നു: ഓരോരുത്തന്നു ആറാറ് ചിറകുണ്ടായിരുന്നു; രണ്ടു കൊണ്ടു അവർ മുഖം മൂടി, രണ്ടു കൊണ്ടു കാൽ മൂടി, രണ്ടു കൊണ്ടു പറന്നു.*

*ഒരുത്തനോടു ഒരുത്തൻ, സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഭൂമി മുഴുവനും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.*

*അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി, ആലയം പുക കൊണ്ട് നിറഞ്ഞു.*

*അപ്പോൾ ഞാൻ, എനിക്ക് അയ്യോ കഷ്ടം! ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള...ജനത്തിന്റെ നടുവിൽ വസിക്കുന്നു: എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ, രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.*

*അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്നും കൊടിൽകൊണ്ട് ഒരു തീക്കനൽ എടുത്തു, കയ്യിൽ പിടിച്ചുകൊണ്ട് എന്റെ അടുക്കൽ പറന്നു വന്നു:*

*അതു എന്റെ വായ്ക്കു തൊട്ടുവിച്ചു, ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ; നിന്റെ അകൃത്യം നീങ്ങി, നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു.*

*അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്ക് വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം ഞാൻ കേട്ടിട്ട്, അടിയാൻ ഇതാ; അടിയാനെ അയക്കേണമെ എന്നു പറഞ്ഞു.*

8 കർത്താവ് തന്റെ വചനത്തെ അനുഗ്രഹിക്കട്ടെ. അത് ഏറ്റവും ശ്രദ്ധേയമായ ഒരു തിരുവെഴുത്താണെന്ന് ഞാൻ കരുതുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ, മനുഷ്യർ തങ്ങൾ പാപികളാണെന്ന് തിരിച്ചറിയുന്നു, അതാണെന്നു നാം കാണുന്നു. വ്യത്യസ്ത സ്ഥലങ്ങളിലേക്ക് നാം പുറപ്പെട്ടു പോകുമ്പോൾ നമുക്ക് നന്നായി തോന്നിയിട്ട്, നമ്മൾ നല്ല ജനങ്ങളാണെന്ന് നമുക്ക് തോന്നും, എന്നാൽ നാം എപ്പോഴെങ്കിലും ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ

വരുമ്പോൾ, നാം എത്രമാത്രം കുറവുള്ളവരാണെന്ന് നമുക്ക് കാണാനാകുന്നു.

9 എനിക്ക് ക്രിസ്തുവിലേക്ക് നയിക്കാനുള്ള പദവി ലഭിച്ച എന്റെ ഒരു—ഒരു സുഹൃത്തിനോടൊപ്പം കുറച്ചു നാൾ മുമ്പ് ഞാൻ നിൽക്കുകയായിരുന്നു, വേട്ടയാടൽ പങ്കാളിയായ, ന്യൂ ഹാംഷെയറിലെ, ബെർട്ട് കോൾ, ഞങ്ങൾ അഡിറോണ്ടാക്കിൽ കോൾഡ് ബ്രൂക്ക് വെള്ളച്ചാട്ടത്തിന് അരികിൽ നിൽക്കുകയായിരുന്നു, അത് ഒരു ഭയങ്കര വെള്ളച്ചാട്ടമായിരുന്നു. കഴിഞ്ഞ വർഷം ഞാൻ എന്റെ കുടുംബത്തെ അതു കാണാനായി അവിടെ കൊണ്ടുപോയി. റോഡിന്റെ നിന്ന് വളരെ പിന്നിലായി, അതിലേക്ക് പോകുന്നതിന് നിങ്ങൾക്ക് കാൽനടയായി ദീർഘ ദൂരം പോകണം. നീല-പച്ചവെള്ളം പർവതങ്ങളിൽ നിന്ന് അത്രയേറെ ശക്തിയോടെ ഒഴുകുന്നത് ഞങ്ങൾ കണ്ടപ്പോൾ, പാറകൾക്ക് മുകളിലൂടെ പ്രവഹിക്കുമ്പോൾ, ബെർട്ട് അവിടെ നിന്നുകൊണ്ട് എന്നെ നോക്കി, അവൻ പറഞ്ഞു. “ഗീ, ബില്ലി, ഇത് ഒരു മനുഷ്യനെ *വളരെ* നിസ്സാരൻ എന്നു തോന്നിപ്പിക്കുന്നു,” അവനെ അളന്നാൽ അവന്റെ വിരലുകളിലെ ഒരു ഇഞ്ചിന്റെ നാലിലൊന്ന് വരും. ഞാൻ പറഞ്ഞു, “അത് ശരിയാണ്, ബെർട്ട്.” ഇപ്പോൾ, അവന്റെ പ്രപഞ്ച സൃഷ്ടി കാണുന്നതും, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വരുന്നതും അത്ര തന്നെ എന്നു അവന് അറിയാൻ കഴിയുമ്പോഴാണ്.

10 *അങ്ങ് എത്ര മഹാൻ,* എഴുതിയ മനുഷ്യൻ എന്നെ അത്ഭുതപ്പെടുത്തുന്നു, അവൻ ഒരു രാത്രി നക്ഷത്രങ്ങളെ നോക്കിയില്ലായിരുന്നു എങ്കിൽ, അവ എത്ര ദൂരെയാണ്! കുറച്ച് മാസങ്ങൾക്ക് മുമ്പ്, ഫ്രെഡ് സഹോദരൻ, വുഡ് സഹോദരനും ഞാനും, മക് അനാലി സഹോദരനോടൊപ്പം അരിസോണ മരുഭൂമിയിൽ നിൽക്കുകയായിരുന്നു, ഒരു നക്ഷത്രം, അത് മറ്റൊന്നിനോട് എത്ര അടുത്താണ്, ശ്രമിച്ചിട്ട്, ഞങ്ങൾ അളക്കുകയായിരുന്നു. ദശലക്ഷക്കണക്കിന് കോടിക്കണക്കിന് മൈലുകൾ അകലെയുള്ളവ, കാഴ്ചയിൽ അവ പരസ്പരം ഒരിഞ്ചിന്റെ നാലിൽ ഒന്നു പോലെ കാണപ്പെട്ടിരുന്നു. അതിന്റെ ശാസ്ത്രീയ തെളിവുകൾ അനുസരിച്ച്, ഞങ്ങൾ അതുകഴിഞ്ഞ് ചിന്തിക്കാൻ തുടങ്ങി, ഒരുപക്ഷേ ആ നക്ഷത്രങ്ങളും നമ്മളും തമ്മിൽ എത്ര അകലമുണ്ടോ അതിലും കൂടുതൽ അകലം അവ തമ്മിലുണ്ട്. അത് എങ്ങനെയാണെന്നു കാണുന്നോ?

11 അവൻ എത്ര വലിയവൻ എന്ന് നാം തിരിച്ചറിയുമ്പോൾ നാം എത്ര നിസ്സാരർ എന്ന് നാം തിരിച്ചറിയും, അവന്റെ സാന്നിദ്ധ്യത്തിൽ

വരിക എന്നത് നമ്മെ എത്രത്തോളം അടുപ്പിക്കുന്നു. എങ്ങനെയോ അതോ മറ്റൊരു വിധത്തിലോ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വരുന്നത് എല്ലായ്പ്പോഴും ജനങ്ങളിൽ ഒരു വലിയ സ്വാധീനം ഉണ്ടാക്കുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ അത്തരമൊരു സ്ഥലത്തേക്ക് വരുന്നത് നിങ്ങൾ കാണുന്ന സമയം ഞാൻ എന്റെ ശുശ്രൂഷയിൽ കണ്ടിട്ടുണ്ട് അത് ഒരു വ്യക്തിയെ ആ സ്ഥലത്തേക്ക് കൊണ്ടു വന്നിട്ട് അവരുടെ ജീവിതം വെളിപ്പെടുത്തുകയും, അവരുടെ എല്ലാത്തരം അധാർമിക പ്രവർത്തികളുടെ പാപങ്ങളും വിളിച്ചു പറയുന്നു, അത് ജനങ്ങൾക്കിടയിൽ അത്തരമൊരു വിശുദ്ധമായ നിശ്ശബ്ദത കൊണ്ടുവരുന്നു അവർ പ്രാർത്ഥനയ്ക്ക് വരുന്നതിനു മുമ്പും അവർ പ്രാർത്ഥനയിൽ നിന്ന് പുറപ്പെട്ടു പോകുന്നതു വരെയും, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വരുന്നതിനു മുമ്പ് അവനുമായി നേരെയാവുന്നതിനു അവർ അൾത്താരയിലേക്ക് ഓടിപ്പോകുന്നു. നോക്കൂ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വരുന്നതിൽ ചിലതുണ്ട്, അത് കാര്യങ്ങൾ സംഭവിക്കാൻ കാരണമാക്കുന്നു. ജനങ്ങൾ കട്ടിലുകളിലും സ്ട്രെച്ചറുകളിലും കിടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

12 ആ രാത്രിയിൽ മെക്സിക്കോയിൽ വെച്ച്, ആ മരിച്ച കുഞ്ഞിനെ ഒരു പുതപ്പിനടിയിൽ കിടത്തിയിരുന്നിട്ട്, ആ ചെറിയ സ്പാനിഷുകാരി അമ്മ മുകളിലേക്ക് കൊണ്ടുവന്നു, സ്പഷ്ടമായി പറഞ്ഞാൽ, അഥവാ ചെറിയ മെക്സിക്കോക്കാരി അമ്മ, മുകളിലേക്ക് കൊണ്ടുവന്നു. അവർ കണ്ടപ്പോൾ, അനേകായിരക്കണക്കിന് ആളുകൾ കണ്ടു, ഒരു കൂടിവരവിൽ തന്നെ അമ്പതോ എഴുപത്തി-അയ്യായിരമോ ഉണ്ടായിരിക്കും, ആ മരിച്ച ആ കുഞ്ഞ് ജീവിച്ച് എഴുന്നേറ്റതു കണ്ടപ്പോൾ, സ്ത്രീകൾ ബോധം കെട്ടു വീണു, ജനങ്ങൾ അവരുടെ കൈകൾ ആകാശത്തേക്ക് ഉയർത്തി ആർത്തു വിളിച്ചു. എന്തുകൊണ്ട്? ഒരു മനുഷ്യന് അത് ചെയ്യാൻ കഴിയില്ലെന്നും, അവർ സർവശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആണെന്നും തിരിച്ചറിഞ്ഞു. അത് എന്തോ ചിലത് സംഭവിക്കാൻ കാരണമാക്കി.

13 ദൈവ ഭക്തരായ മനുഷ്യർ സംസാരിക്കുന്നത് കേൾക്കാനുള്ള സൌഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. ചാൾസ് ഫിന്നിയുടെ സമയത്ത് ഒരിക്കൽ, ഒരു ചെറിയ വ്യക്തിയാണ്, നൂറ്റിപ്പത്ത് പൗണ്ടിന് മുകളിൽ ഭാരം വരില്ല, പക്ഷേ അദ്ദേഹത്തിന് സംസാരിക്കാനുള്ള അത്രയും ശക്തമായ ഒരു രീതി ഉണ്ടായിരുന്നിട്ട്...ഒരു ദിവസം ഒരു കെട്ടിടത്തിൽ അദ്ദേഹം ശബ്ദ ക്രമീകരണം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്നു. അന്ന് അവർക്ക് പി.എ. സിസ്റ്റങ്ങൾ ഉണ്ടായിരുന്നില്ല. ബാൽക്കണിയിലോ, മുകളിൽ ആ സ്ഥലത്തിന്റെ മേൽക്കൂരയിലോ, ഒരു മനുഷ്യൻ

അറ്റകുറ്റപ്പണി നടത്തുകയായിരുന്നു, ആ മനുഷ്യൻ അകത്തു വരുന്നത് അദ്ദേഹം കേട്ടിരുന്നു, അവർ ആരായിരുന്നു എന്നു അദ്ദേഹത്തിനു അറിയാതിരുന്നതിനാൽ, അദ്ദേഹം അവരുമായി ഒന്നും മിണ്ടിയില്ല. ശ്രീമാൻ ഫിന്നി ശബ്ദ ക്രമീകരണം പരീക്ഷിക്കാൻ പോവുകയായിരുന്നു. അവൻ അവിടെ നടത്താൻ പോവുകയായിരുന്ന ആ ഉണർവ്വിനായി പ്രാർത്ഥനയിൽ കൂടുതൽ സമയം ചെലവഴിച്ച ശേഷം, അത് എങ്ങനെ ഫലപ്രദമാകുമെന്ന് കാണാൻ അദ്ദേഹം ശബ്ദം പരീക്ഷിച്ചു നോക്കി. അദ്ദേഹം വേഗത്തിൽ പുൾപ്പിറ്റിലേക്ക് കയറിയിട്ട്, പറഞ്ഞു, “മാനസാന്തരപ്പെട്ടു, അല്ലെങ്കിൽ നശിക്കു!” ദൈവത്തിന്റെ അഭിഷേകത്തിൻ കീഴിലായിരുന്നിട്ട്, അദ്ദേഹം അതു അത്രമാത്രം ശക്തിയോടെ—ശക്തിയോടെ അതു പറഞ്ഞു, ആ മനുഷ്യൻ ബാൽക്കണിയുടെ മുകളിൽ നിന്ന് വീഴുവോളം, താഴെ തറയിലേക്കോ, അല്ലെങ്കിൽ, കെട്ടിടത്തിന്റെ മുകളിൽ നിന്ന്, നേരെ തറയിലേക്കോ വീഴുവോളം ആയിരുന്നു.

14 മസാച്യുസെറ്റ്സിലെ, ബോസ്റ്റണിലെ ഒരു ചെറിയ ജാലകത്തിൽ നിന്നുകൊണ്ട്, അങ്ങനെയുള്ള ഒരു വിധത്തിൽ അദ്ദേഹം സുവിശേഷം പ്രസംഗിച്ചിട്ട്, കാരണം ഒരു സഭയ്ക്കും അദ്ദേഹത്തിന്റെ ജനക്കൂട്ടത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. അവൻ അത്തരമൊരു അതിശക്തമായ രീതിയിൽ അവിടെ നിന്ന്, നരകമായിരുന്ന അത്തരമൊരു സ്ഥലത്തു നിന്ന് പ്രസംഗിച്ചു, മനുഷ്യർ കയ്യിൽ കൊട്ടകളുമായി ജോലി ചെയ്തു കൊണ്ടിരുന്നിട്ട്, തെരുവിലേക്ക് വീണ് ദയയ്ക്കായി നിലവിളിക്കുവോളം ആയിരുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ! പ്രാപ്തിയുള്ള മഹത്തായ പ്രാസംഗികർ, ദൈവ വചനത്താൽ, ദൈവത്തിന്റെ സാന്നിദ്ധ്യത്തെ ശ്രോതാക്കളിലേക്ക് കൊണ്ടുവരുന്നു. അങ്ങനെ അവരുടെ ഹൃദയത്തിൽ വാട്ടുന്ന ഒരു മനുഷ്യനിൽ നിന്നും എപ്പോഴും ദൂരമായിരിക്കു അവർക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിയാൻ കഴിയാതിരിക്കുന്നതു വരെയാകുന്നു. അതിൽ നിന്നും ദൂരമായിരിക്കു!

15 ആദ്യ മനുഷ്യൻ, അവൻ എന്തോ തെറ്റായി ചെയ്ത് പാപം ചെയ്ത ഉടൻ, ദൈവം അവന്റെ സാന്നിദ്ധ്യത്തിൽ വരികയും, അഥവാ, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നപ്പോൾ, “ആദാം,” ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിൽക്കാൻ അവനു കഴിഞ്ഞില്ല. അവൻ ഓടിച്ചെന്ന് കുറ്റിച്ചെടികൾക്ക് ഇടയിൽ ഒളിച്ചിട്ട് ഒരു അത്തിയില കൊണ്ട് സ്വയം മറക്കാൻ ശ്രമിച്ചു, കാരണം അവൻ സൃഷ്ടാവിന്റെ, യഹോവയുടെ സാന്നിദ്ധ്യത്തിൽ നിൽക്കുന്നു എന്നു അവൻ അറിഞ്ഞിരുന്നു. ആദ്യ മനുഷ്യന്റെ പ്രതികരണം

അതായിരുന്നു, അവൻ പാപം ചെയ്തിട്ട് തന്റെ പ്രാണനിൽ പാപവുമായി ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വരാൻ ശ്രമിച്ചപ്പോൾ ആയിരുന്നു. അവന് ഒളിക്കാൻ കഴിഞ്ഞില്ല, കാരണം അവൻ അതുവരെ മൃദുവായവൻ ആയിരുന്നു. ഇന്നത്തെ ജനങ്ങളുടെ ഹൃദയത്തിൽ പാപം വേരൂന്നിയിരുന്നതു പോലെ പിടിച്ചിരുന്നില്ല, എന്നാൽ അവൻ തന്റെ സൃഷ്ടാവിന്റെ മുമ്പിൽ നിൽക്കുന്നു എന്ന് അവന് ബോധ്യമുണ്ടായിരുന്നു. ഇപ്പോൾ, അവൻ സ്വയം കുറ്റിക്കാട്ടിൽ ഒളിച്ചിട്ട് പുറത്തു വരാൻ കഴിയാതെയിരുന്നു, ദൈവം അവനുവേണ്ടി ഒരുക്കങ്ങൾ ചെയ്യുന്നതുവരെ പുറത്തിറങ്ങാൻ കഴിഞ്ഞില്ല.

16 നമുക്ക് തിരികെ പോയി, ഉല്പത്തി 17-ാം അദ്ധ്യായം 3-ാം വാക്യം എടുക്കാം, മഹാൻ ഗോത്ര പിതാവായ, അബ്രഹാം, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നപ്പോൾ, സർവ്വശക്തിയുള്ള ദൈവം എന്ന നാമത്തിൽ (17-ാം അദ്ധ്യായത്തിൽ) ദൈവം അവനോടു സംസാരിക്കുമ്പോൾ, അബ്രാഹാം സാഷ്ടാംഗം വീണു. ദൈവത്തിന്റെ ദാസനായ, ആ മഹാൻ ഗോത്രപിതാവിന്, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിൽക്കാൻ കഴിഞ്ഞില്ല, വിശ്വസ്തതയോടെ, ഇരുപത്തി-അഞ്ച് വർഷം അവനെ സേവിച്ചിട്ടും ആയിരുന്നു. എന്നാൽ ദൈവം അവന്റെ സാന്നിദ്ധ്യത്തിലേക്ക് വന്നപ്പോൾ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിൽക്കാൻ കഴിയാത്തതിനാൽ ഗോത്രപിതാവ് അവന്റെ മുമ്പിൽ സാഷ്ടാംഗം വീണു.

17 പുറപ്പാട് 3-ൽ, ദൈവത്തിന്റെ ശ്രേഷ്ഠ ദാസനും പ്രവാചകനുമായ, മോശെയെ നാം കാണുന്നു, അവൻ മരുഭൂമിയുടെ പുറകിൽ ആയിരുന്നപ്പോൾ, ആ മനുഷ്യൻ ഒരു വിശുദ്ധനായിരുന്നു. അവൻ ജനിച്ചത് ഈ ഉദ്ദേശ്യത്തിനായിട്ടായിരുന്നു. അവൻ അവന്റെ അമ്മയുടെ ഉദരത്തിൽ നിന്ന് ജനിച്ചത് ഒരു പ്രവാചകനായിട്ടാണ്. അവന്റെ വിദ്യാഭ്യാസം നേടിയിട്ട് തന്റെ ജനത്തെ വിടുവിക്കാൻ തന്നാലാവുന്നതെല്ലാം ചെയ്യാൻ അവൻ ശ്രമിച്ചിരുന്നു, കാരണം തന്റെ ജനത്തെ വിടുവിക്കാനാണ് അവൻ ജനിച്ചതെന്ന് അവൻ മനസ്സിലാക്കിയിരുന്നു, എങ്കിലും അവൻ ദൈവ ശാസ്ത്രപരമായ വീക്ഷണ കോണിലൂടെയാണ് അത് മനസ്സിലാക്കിയത്. അവൻ പരിശീലനം നേടിയിരുന്നു. അവൻ നന്നേ ജ്ഞാനം സമ്പാദിച്ചിരുന്നു. ലോകത്തിലെ ഏറ്റവും മിടുക്കരായ ജനങ്ങളായ, മിസ്രായീമ്യർക്ക് ജ്ഞാനം ഉപദേശിപ്പാൻ അവന് കഴിഞ്ഞിരുന്നു. എല്ലാ ഉൾക്കാഴ്ചകളും അവൻ അറിഞ്ഞിരുന്നു. എ മുതൽ അവസാന അക്ഷരം വരെ അവൻ തിരുവെഴുത്ത് അറിഞ്ഞിരുന്നു. ദൈവം നൽകിയ

വാഗ്ദാനങ്ങൾ അവന് അറിയാമായിരുന്നു. അവൻ അവയെ ഒരു ബുദ്ധി പ്രധാനമായ വീക്ഷണകോണിൽ നിന്നാണ് അറിഞ്ഞത്. മാത്രമല്ല അവൻ ഒരു—ഒരു വലിയ സൈനികനും ആയിരുന്നു. എന്നാൽ ഒരു ദിവസം മരുഭൂമിയുടെ പുറകുവശത്ത്, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നപ്പോൾ, അവൻ വിശുദ്ധ നിലത്തു നിൽക്കുന്നു എന്ന് അറിഞ്ഞിട്ട്, അവന്റെ കാലിൽ നിന്നും ചെരുപ്പ് അഴിച്ചു കുടഞ്ഞിട്ട്—അവന്റെ കാല്ക്കൽ വീണു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ അവൻ വന്നപ്പോൾ തന്റെ കാല്ക്കൽ നിൽക്കാൻ അവനു കഴിഞ്ഞില്ല, അബ്രഹാമിനെപ്പോലെ അവൻ അവന്റെ മുന്നിൽ സാഷ്ടാംഗം വീണു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിൽക്കാൻ അവനു കഴിഞ്ഞില്ല.

18 പുറപ്പാട് 19:19-ൽ, അബ്രഹാമിന്റെ കാലം മുതലുള്ള ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനം, അബ്രഹാമിൽ നിന്ന് യിസ്ഹാക്ക്, യിസ്ഹാക്കിൽ നിന്നും യാക്കോബ്, യാക്കോബിൽ നിന്ന് ഗോത്ര പിതാക്കന്മാർ, വർഷങ്ങൾക്കും വർഷങ്ങൾക്കും ശേഷം വിശുദ്ധന്മാർ, മഹാന്മാരായ മനുഷ്യർ, ഒരു തിരഞ്ഞെടുക്കപ്പെട്ട ജനം, ഒരു തിരഞ്ഞെടുത്ത വംശം ഉരുവായിക്കൊണ്ടിരുന്നു, വിശുദ്ധീകരിക്കപ്പെട്ടവർ, വിശുദ്ധ ജനം, അവരുടെ ജീവിത കാലം ദൈവത്തെ സേവിച്ചിരുന്നു. ഒരു ദിവസം ദൈവം പറഞ്ഞു, "യിസ്രായേലിനെ ഇവിടെ കൂട്ടിക്കൊണ്ടു വരിക, ഞാൻ അവരോട് സംസാരിക്കാൻ പോകുന്നു."

19 എന്നാൽ ദൈവം സീനായി പർവ്വതത്തിനു മുകളിൽ ഇറങ്ങിയപ്പോൾ തന്നെ, പർവ്വതം മുഴുവൻ തീപിടിച്ചു, പുക ഒരു ചൂളപോലെ പൊങ്ങി, ദൈവ ശബ്ദം അലറലോടെ പുറപ്പെട്ടു വന്നു. യിസ്രായേൽ അവർ സാഷ്ടാംഗം വീണിട്ട് പറഞ്ഞു, "മോശെ ഞങ്ങളോട് സംസാരിക്ക, ഞങ്ങൾ മരിക്കാതിരിക്കേണ്ടതിനു, ദൈവം ഞങ്ങളോട് സംസാരിക്കരുതേ." മനുഷ്യൻ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ, അവൻ ഒരു പാപിയാണെന്ന് തിരിച്ചറിയുന്നു! പിന്നെയും അവർ, എല്ലാവരും ന്യായപ്രമാണ പ്രകാരം പരിച്ഛേദന ഏറ്റിരുന്നിട്ടും ആയിരുന്നു. അവർ കല്പനകളും മറ്റുള്ളവയെല്ലാം പ്രമാണിച്ചിരുന്നു, എന്നാൽ ദൈവം സംസാരിക്കുകയും അവർ അവന്റെ സാന്നിദ്ധ്യത്തിലേക്ക് വരികയും ചെയ്തപ്പോൾ, അവർ പുറത്താണെന്ന് അവർ തിരിച്ചറിഞ്ഞു, അവർ—അവർ ശരിയല്ലാതിരുന്നിട്ട്, അവരിൽ എന്തോ കുറവുള്ളതായി അവിടെ എന്തോ ഉണ്ടായിരുന്നു, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നു. അതെ. അവർ പറഞ്ഞു, "മോശെ

സംസാരിക്ക, ദൈവം സംസാരിക്കരുതേ, കാരണം ദൈവം സംസാരിച്ചാൽ ഞങ്ങൾ മരിച്ചുപോകും. മോശെ ഞങ്ങളോട് സംസാരിക്കട്ടെ."

20 അത് ഇങ്ങനെ ലൂക്കോസ് 5:8-ലാണ്, അത് പത്രൊസ്...ഓ, അവൻ ഒരു വലിയ ശാഠ്യമുള്ള മനുഷ്യൻ ആയിരുന്നപ്പോൾ, നാം മനസ്സിലാക്കിയത് വലിയ അധികാരമുള്ള, വലിയ സ്വാധീനമുള്ള ഒരു മനുഷ്യൻ ആയിരുന്നു. അൻ ഒരു ഭീഷണിപ്പെടുത്തുന്നവനെ പോലെ, ഒരു പ്രശസ്തനായ മത്സ്യത്തൊഴിലാളിയായിരുന്നു. എന്നാൽ ഒരു സാധാരണ മനുഷ്യൻ ദൈവത്തിന്റെ അത്ഭുതം ചെയ്തത് കണ്ടപ്പോൾ, ഇങ്ങനെ കാണപ്പെട്ട്, അത് ആ സമയത്ത് അവൻ വല വീശിയിരുന്നിടത്തേക്ക് ആ മീനുകളെ ഇടാൻ അത് ഒരു മനുഷ്യനിലും മേലെയായിരിക്കണം എന്നു അവൻ തിരിച്ചറിഞ്ഞു, അവന്റെ സകല വിദ്യാഭ്യാസത്താലും, അവന്റെ മത്സ്യബന്ധനത്തെക്കുറിച്ചുള്ള അറിവിലും, രാത്രി മുഴുവൻ മത്സ്യബന്ധനം നടത്തിയിരുന്ന ഒരു കാര്യവും എടുത്തില്ല. "നിന്റെ വല അകത്തേക്ക് എറിയുക" എന്ന് ആരോ പറയുന്നത് അവൻ കേട്ടു.

21 അവൻ വലിക്കാൻ തുടങ്ങിയപ്പോൾ, അവന് ഒരു പെരുത്ത മീൻ കൂട്ടം കിട്ടിയിട്ട്, അവൻ ഒരു പാപിയെന്നു അവൻ തിരിച്ചറിഞ്ഞു. അവൻ പറഞ്ഞു: "കർത്താവെ, ഞാൻ പാപിയായ മനുഷ്യൻ, ആകയാൽ എന്നെ വിട്ടുപോകേണമേ." അത് ആരാണ് പറഞ്ഞത്? വിശുദ്ധ പത്രൊസ്, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ, അവന്റെ സാന്നിദ്ധ്യത്തിൽ നിന്ന് പുറത്തു പോകാൻ ദൈവത്തോട് ആവശ്യപ്പെട്ടു, എന്തുകൊണ്ടെന്നാൽ അവൻ സ്വയം പാപിയാണെന്നു തിരിച്ചറിഞ്ഞിരുന്നു.

22 അബ്രഹാം തന്നെത്താൻ "തെറ്റിലാണെന്നു" തിരിച്ചറിഞ്ഞു. ആദാം സ്വയം "തെറ്റ ചെയ്തെന്നു" തിരിച്ചറിഞ്ഞു, അത് ദൈവപുത്രൻ ആയിരുന്നിട്ടും, "തെറ്റ് ചെയ്തെന്നു" സ്വയം തിരിച്ചറിഞ്ഞു. മോശെ സ്വയം "തെറ്റ് ചെയ്തെന്നു" തിരിച്ചറിഞ്ഞു. യിസ്രായേൽ, ഒരു സഭയും രാഷ്ട്രവും എന്ന നിലയിൽ, അവർ സ്വയം "തെറ്റ് ചെയ്തെന്നു" തിരിച്ചറിഞ്ഞു. "ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട്, എന്നെ വിട്ടു പോകേണമേ." അവൻ പറയാൻ ശ്രമിച്ചില്ല, "ഇപ്പോൾ, ഞാൻ വിശുദ്ധനും ഇത് സ്വീകരിക്കാൻ യോഗ്യനുമാണ്." അവൻ പറഞ്ഞു, "ഞാൻ ഒരു പാപിയായ മനുഷ്യനാണ്."

23 ഒരക്കൽ ഒ സ്വയം- രൂപപ്പെടുത്തിയ മതവിശ്വാസി, ഗമാലിയേൽ എന്ന മഹാനായ അദ്ധ്യാപകന്റെ കീഴിൽ അവന് പഠിക്കാൻ കഴിയുന്ന എല്ലാ ദൈവ ശാസ്ത്രവുമായി, അവന്റെ പേര് തർസൊസുകാരൻ

ശൌൽ എന്നായിരുന്നു, അതിനെ മതപരമായ ഗണത്തിൽ, നമ്മൾ പൌലൊസ് എന്നു അറിയുന്നു. അവരുടെ മതത്തിലെ എല്ലാ കാര്യങ്ങളും അവന് വളരെ ആഴത്തിൽ അറിയാമായിരുന്നു. അവൻ ഒരു പരീശന്റെ പരീശനും എബ്രായന്റെ എബ്രായനും ആയിരുന്നു. അവൻ ഒരു പ്രശസ്തനായ മനുഷ്യനായി, ഒരു പണ്ഡിതൻ, മിടുക്കൻ, ബുദ്ധിമാൻ, വിദ്യാ സമ്പന്നൻ, തനിക്ക് ദൈവത്തിൽ നിന്ന് തന്നെ പരിശീലനം കിട്ടിയിരുന്നു എന്നു അവകാശപ്പെട്ടിരുന്നു. എന്നാൽ ഒരു ദിവസം ദമസ്കോസിലേക്കുള്ള യാത്രാ മധ്യേ, ആ അഗ്നിസ്തംഭം അവന്റെ മേൽ മിന്നിയപ്പോൾ അവൻ വീണു...അവൻ നിലത്തു വീണു, നിലത്തു, പൊടിയിൽ ആയിരുന്നിട്ട്, ചോദിച്ചു, "കർത്താവേ, ഞാൻ നിനക്കായി എന്താണ് ചെയ്യേണ്ടത്?" അവന്റെ എല്ലാ മികച്ച പരിശീലനവും, അവന്റെ മഹത്തായ സകല ദൈവ ശാസ്ത്ര പരിശീലനവും, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നപ്പോൾ അവന്റെ സകല വിദ്യാഭ്യാസവും ഒരു കാര്യവും അർത്ഥമാക്കിയില്ല.

24 ഒരു നിമിഷം ഇവിടെ നിർത്തി അതേ കാര്യം തന്നെ പറയാൻ ഞാനും ആഗ്രഹിക്കുന്നു. നിങ്ങൾക്ക് ഒരുപക്ഷേ ഒരു ഡി.ഡി., പിഎച്ച്.ഡി., അത് എന്തു തന്നെ ലഭിച്ചിരുന്നാലും, കുട്ടിക്കാലം മുതൽ നിങ്ങൾ പള്ളിയിൽ പോയിരുന്നാലും, അവിടെയുള്ള എല്ലാ മതപരമായ പ്രവർത്തനങ്ങളും നിങ്ങൾ ചെയ്തിരിക്കാം, എന്നാൽ നിങ്ങൾ ഒരിക്കൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലായാൽ നിങ്ങൾക്ക് വളരെ കുറഞ്ഞവനായേ തോന്നുകയുള്ളൂ.

25 പൌലൊസ് തെറ്റിലാണെന്നു അവൻ തിരിച്ചറിഞ്ഞിട്ട്, സ്വാധീനത്താലും ശക്തിയാലും, അവൻ നിലത്തു വീണു. അവൻ തല പൊക്കി നോക്കിയപ്പോൾ താൻ പ്രസംഗിച്ചു കൊണ്ടിരുന്ന അതേ ദൈവത്തെ തന്നെ അവൻ കണ്ടു, കൂടാതെ...എതിരായി, അവനു അറിയാമെന്ന് കരുതിയിട്ട്, താൻ തെറ്റുകാരനാണെന്ന് കണ്ടിട്ട്, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നതിനാൽ, അവൻ നിന്നിടത്തു നിന്നും അവൻ നിലത്തു വീണു. അവൻ ആ അഗ്നിസ്തംഭത്തെ കണ്ടിരുന്നു.

26 വെളിപ്പാട് 1:7-ലെ മഹാനായ വിശുദ്ധ യോഹന്നാനെ പറ്റി എന്താണ്, അവനെ ദർശനം കാണിച്ച്, നോക്കിയപ്പോൾ, അവനോട് ഒരു ശബ്ദം സംസാരിക്കുന്നതു കേട്ടു. അവൻ ശബ്ദം കാണാൻ തിരിഞ്ഞപ്പോൾ, അവൻ ഏഴ് പൊൻ നിലവിളക്കുകൾ കണ്ടു. ഏഴ് പൊൻ നിലവിളക്കുകളുടെ നടുവിൽ, വെളുത്ത് ഹിമം പോലെ പഞ്ഞിയുള്ള മുടിയും, അഗ്നിജ്വാലക്ക് ഒത്ത കണ്ണും, കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യവും, നിലയങ്കി ധരിച്ച്

മാറത്ത് പൊൻകച്ച കെട്ടിയിരുന്ന, അവനെ ദൈവ വചനം എന്ന് വിളിച്ചിരുന്നു. മഹാനായ വിശുദ്ധ യോഹന്നാൻ ക്രിസ്തുവിനോടൊപ്പം നടക്കുകയും, അവന്റെ മടിയിൽ ചാരി ഇരുന്നവൻ, അവൻ ഈ വക കാര്യങ്ങളെല്ലാം ചെയ്തിരുന്നിട്ടും! ഇന്ന് രാവിലെ ഞാൻ പറഞ്ഞതുപോലെ, പൗലൊസിന്റെ ശുശ്രൂഷ അവയിൽ എല്ലാത്തിലും മുകളിലാണ്. ഇവിടെ, യോഹന്നാൻ യേശുവിനോടൊപ്പം നടന്നിരുന്നു, അവനുമായി സംസാരിച്ചിരുന്നു, അവനോടൊപ്പം ഉറങ്ങിയിരുന്നു, അവനോടൊപ്പം ഭക്ഷണം കഴിച്ചിരുന്നു, എന്നാൽ അവൻ അവിടെ നിൽക്കുന്നതു കണ്ടപ്പോൾ, ആ മഹത്വവൽകൃതമായ അവസ്ഥയിൽ, അവന്റെ കാല്ക്കൽ മരിച്ചവനെപ്പോലെ അവൻ വീണു എന്നു അവൻ പറഞ്ഞു. ആമേൻ. അതിനെപ്പറ്റി ചിന്തിക്കു!

27 നമുക്ക് ആലയത്തിലേക്ക് വന്ന് ദൈവത്തെ സ്തുതിക്കാനും സംസാരിക്കാനും, അങ്ങനെയും മറ്റും ചെയ്യാനും കഴിയും, പക്ഷേ, ഓ, സഹോദരാ, അവൻ വരുന്നതു നാം കാണുമ്പോൾ, നമ്മുടെ ഹൃദയത്തിൽ എന്തോ ചിലത് വ്യത്യസ്തമായിരിക്കും! ആലയത്തിൽ പോയും ദശാംശം നൽകിയും നമ്മൾ മതപരമായ കടമ ചെയ്യുന്നു എന്ന് നാം വിചാരിച്ചേക്കാം. സഭയുടെ നിയമങ്ങൾ പാലിക്കുകയും എല്ലാ മതപ്രമാണങ്ങൾ ഏറ്റുപറയുകയും ചെയ്യെന്ന് നാം വിചാരിച്ചേക്കാം, എന്നാൽ ഒരിക്കൽ നമുക്ക് അവനെ നോക്കാനായാൽ, എല്ലാ കാര്യങ്ങളും, ചുറ്റിനും മാറിമറിയും. അതെ, അത് ഉറപ്പാണ്.

28 ഈ മഹാനായ മനുഷ്യൻ, വിശുദ്ധ യോഹന്നാൻ, അതു പോലുള്ള ഒരു മഹാനായ മനുഷ്യൻ, ബൈബിളിലെ വെളിപ്പാട് 1:7-ൽ പറയുന്നു, "അവൻ മരിച്ച ഒരു മനുഷ്യനെപ്പോലെ അവൻ വീണു." ക്രിസ്തുവുമായുള്ള മൂന്നര വർഷത്തെ കൂട്ടായ്മയ്ക്ക് ശേഷം, ലേഖനങ്ങളുടെ എഴുത്തുകാരിൽ ഒരാളായിരുന്നവൻ, അവൻ പോയതിനു ശേഷം എഴുതിയവൻ, അവനോടു കൂടെ പന്തിയിൽ ഭക്ഷണം കഴിച്ചവൻ, കിടക്കയിൽ അവനോടൊപ്പം കിടന്നവൻ, അവൻ എവിടെ പോയിരുന്നാലും അവിടെയെല്ലാം കൂട്ടായ്മ കൂടിയിരുന്നവൻ, എന്നാൽ അവൻ അവനെ കാണാൻ തിരിഞ്ഞപ്പോൾ, അവനിൽ കൂടുതൽ ജീവൻ ശേഷിച്ചിരുന്നില്ല. അവൻ മരിച്ചവനെപ്പോലെ തറയിലോ, അല്ലെങ്കിൽ നിലത്തോ വീണു. അങ്ങനെയാകട്ടെ.

29 യെശയ്യാവ് 6:5-ൽ, നാം ഇപ്പോൾ വായിച്ചതുപോലെ, നാം യെശയ്യാവിനെ കാണുന്നു, ഈ മഹാൻ ശക്തനായ പ്രവാചകൻ, അവൻ ബൈബിളിലെ ഏറ്റവും വലിയ പ്രവാചകന്മാരിൽ ഒരാളാണ്. ബൈബിളിൽ അറുപത്തി-ആറ് പുസ്തകങ്ങളുണ്ട്; യെശയ്യാവിൽ

അറുപത്തി-ആറ് അദ്ധ്യായങ്ങളുണ്ട്. യെശയ്യാവ് ഉല്പത്തിയിൽ ആരംഭിക്കുന്നു, യെശയ്യാവിന്റെ മദ്ധ്യത്തിൽ അവൻ പുതിയ നിയമത്തെ കൊണ്ടുവരുന്നു, യെശയ്യാവിന്റെ അവസാനത്ത് അവൻ ആയിരമാണ്ടു വാഴ്ച കൊണ്ടുവരുന്നു; ഉല്പത്തി, പുതിയ നിയമം, വെളിപ്പാട്. സമ്പൂർണ്ണം! യെശയ്യാവ് പ്രധാന പ്രവാചകന്മാരിൽപ്പെട്ട ഒരാളായിരുന്നു. എന്നാൽ ഒരിക്കൽ അവൻ മഹാൻ രാജാവായ ഉസ്സീയാവിന്റെ ഭുജത്തിൽ ചാരിയിരുന്നിട്ട്, ഉസ്സീയാവിനെ അവനിൽ നിന്ന് നീക്കിക്കളഞ്ഞപ്പോൾ, അവൻ താഴേക്കിറങ്ങി. അവൻ നല്ലൊരു കൂട്ടുകാരനായിരുന്നു, അവൻ നീതിമാനായ ഒരു നല്ല മനുഷ്യനായിരുന്നു, ആ നീതിമാനായ രാജാവ് (ഒരു നല്ല രാജാവ്) അവനെ ഒരു വിശുദ്ധനായി തിരിച്ചറിഞ്ഞ് അവനെ അവന്റെ ആലയത്തിൽ പാർപ്പിച്ചിരുന്നെങ്കിൽ.

30 യെശയ്യാവ് ദർശനങ്ങൾ കണ്ടിരുന്നു. അവൻ ഒരു പ്രവാചകനായിരുന്നു. യെശയ്യാവ് വചനം പ്രസംഗിച്ചിരുന്നു. അവൻ ഒരു ദൈവ ദാസനായിരുന്നു. യെശയ്യാവ് ഒരു വിശുദ്ധനായ മനുഷ്യനായിരുന്നു. എന്നാൽ ഒരു ദിവസം, ആലയത്തിൽ നിൽക്കുമ്പോൾ, അവൻ ഒരു മോഹാലസ്യത്തിലേക്ക് വീണിട്ട് അവൻ ദൈവത്തിന്റെ മഹത്വം കണ്ടു. ദൂതന്മാർ ചിറകുകൊണ്ട് അവരുടെ മുഖം മൂടിയും, അവരുടെ ചിറകുകൊണ്ട് കാലുകൾ മൂടിയും, ചിറകുകൊണ്ട് പറക്കുകയും ചെയ്യുമ്പോൾ, ആർപ്പിട്ടത് അവൻ കണ്ടു, "സർവശക്തനായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ!"

31 താൻ ഒന്നുമല്ലെന്ന് ആ പ്രവാചകൻ തിരിച്ചറിഞ്ഞു. അവൻ പറഞ്ഞു: "എനിക്ക് അയ്യോ കഷ്ടം, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ." ഒരു പ്രവാചകൻ, ബൈബിളിലെ ഏറ്റവും ശക്തനായ ഒരു പ്രവാചകൻ, അവരിൽപ്പെട്ട ഒരാൾ. "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനങ്ങളുടെ ഇടയിൽ വസിക്കുന്നു. എനിക്ക് അയ്യോ കഷ്ടം, ഞാൻ ദൈവത്തിന്റെ മഹത്വം കണ്ടുവല്ലോ."

32 അവൻ പറഞ്ഞു, ആ ദൂതൻ ആർപ്പിട്ടപ്പോൾ "മന്ദിരത്തിന്റെ ഉമ്മരപ്പടികൾ മുന്നിലേക്കും പിന്നിലേക്കും ആടി കുലുങ്ങി." സഹോദരാ, അത് നിങ്ങളിൽ ഉളവാക്കും...മന്ദിരത്തിന്റെ തൂണുകൾ മാത്രമല്ല ഇളകാൻ പോകുന്നത്, എന്നാൽ അവൻ വീണ്ടും വരുമ്പോൾ ആകാശവും ഭൂമിയും മുഴുവൻ ഇളകാൻ പോകുകയാണ്. പർവ്വതങ്ങൾ ഒഴിഞ്ഞു പോകും, സമുദ്രം ഇല്ലാതാകും, നിലവിക്കുംശ "സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണം ഞങ്ങളെ മറെപ്പിൻ." അതൊരു ഭയങ്കരമായ സമയമായിരിക്കാൻ പോകുന്നു.

പാപിയായ സുഹൃത്തേ, ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ ഇത് പരിശോധിക്കുന്നതാണ് നല്ലത്. അത് ശരിയാണ്.

33 ഇപ്പോൾ, യെശയ്യാവ് പറഞ്ഞു, "എനിക്കു അയ്യോ കഷ്ടം, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ഒരു മനുഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എനിക്കും, ഈ ജനങ്ങൾക്കും ശുദ്ധിയില്ലാത്ത അധരങ്ങളുണ്ട്."

34 ഇപ്പോൾ ഓർക്കു, അത്തരത്തിലെ വിശുദ്ധന്മാർ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ തങ്ങളെ "പാപികളാണെന്നു" തിരിച്ചറിഞ്ഞെങ്കിൽ, ആ ദിവസത്തെ പാപിയും ഭക്തി കെട്ടവരും എന്തു ചെയ്യും? യോഗങ്ങളിൽ ഇരിക്കുന്ന ജനങ്ങൾ എന്തു ചെയ്യും? ദൈവത്തിന്റെ ശക്തി കണ്ടിട്ട്, വചനത്തിന്റെ പുറകോട്ടെണ്ണൽ കേട്ട ജനങ്ങൾ എന്തു ചെയ്യും, ദൈവം സ്വയം പ്രത്യക്ഷപ്പെടുന്നതും, കൂടാതെ (സംശയത്തിന്റെ നിഴലിനപ്പുറം) ഓരോ തിരുവെഴുത്തും നിറവേറുന്നത് കണ്ടിട്ടും, വീണ്ടും ജനിച്ച് പരിശുദ്ധാത്മാവിനെ സ്വീകരിക്കാതെ ഇപ്പോഴും സ്വർഗ്ഗത്തിലേക്ക് കടക്കാൻ ശ്രമിക്കുകയാണോ? ബൈബിൾ പറയുന്നു, "നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ, അഭക്തന്റെയും പാപിയുടെയും ഗതി എന്താകും?" ദൈവം നമ്മുടെ മുമ്പിൽ തന്നെത്താൻ അനാവരണം ചെയ്യുന്നത് കണ്ടാൽ നാം ഏതുതരം സ്ഥലത്താണ് നിൽക്കാൻ പോകുന്നത്, ആ മനുഷ്യർ ചെയ്തിരുന്നതുപോലെ തന്നെ ഇപ്പോഴും ദൈവത്തിന്റെ മഹത്വം കാണുക, വചനം അടിസ്ഥാനമാക്കിയിരുന്ന പ്രവാചകന്മാരും ജ്ഞാനികളുമായി, അത്തരത്തിലുള്ള മനുഷ്യർ നിലവിളിച്ചു. അവർ കരയുകയും, അവർ സാഷ്ടാംഗം വീണ്, നിലവിളിക്കുയും ചെയ്തു, "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളും അശുദ്ധിയും ഉള്ളവനാണ്." പാപങ്ങൾ പോലും ഏറ്റുപറയാത്ത ആ മനുഷ്യന് അന്നുണ്ടാകാൻ പോകുന്ന അവസ്ഥ എന്തായിരിക്കും? അവന്റേയോ അതല്ല അവളുടെയോ പാപങ്ങൾ ഏറ്റുപറയാത്ത ആ കൗമാരക്കാരന് എന്തു സംഭവിക്കും? ദൈവത്തിന് അറിയാവുന്നതിനെക്കാൾ കൂടുതൽ ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ച് അറിയാമെന്ന് കരുതുന്ന കഠിന ഹൃദയനായ മനുഷ്യന് എന്താകും? തന്റെ ജീവിതകാലം മുഴുവൻ ബൈബിൾ നിരാകരിക്കാൻ ശ്രമിക്കുന്ന ആ മനുഷ്യന് എന്ത് സംഭവിക്കും? ആ വ്യക്തി എവിടെ കാഴ്ചയിൽ വരും? അതിനെക്കുറിച്ച് ചിന്തിക്കു!

35 ഇത് സുവിശേഷ പ്രഘോഷണമാണ്. ഇത് ജനങ്ങളെ കുലുക്കേണ്ട സമയമാണ്. ഒരു കാലം വരും എന്നു ദൈവം പറഞ്ഞിരുന്ന സമയമാണിത്, അവൻ ഒരിക്കൽ സീനായി പർവ്വതത്തെ കുലുക്കി എന്നാൽ വീണ്ടും ഒരു കുലുക്കൽ വരുന്നു, അതിൽ അവൻ

"സീനായി പർവ്വതത്തെ മാത്രമല്ല കുലുക്കുക, മറിച്ച് നീങ്ങിപ്പോകുന്ന സകലത്തെയും അവൻ കുലുക്കും." ബാക്കിയുള്ള തിരുവെഴുത്തുകളെ നിങ്ങൾ ശ്രദ്ധിച്ചോ? "എന്നാൽ ഇളകാത്ത ഒരു രാജ്യം നാം പ്രാപിക്കുന്നു!" ഹല്ലെല്ലൂയാ! ഇളക്കാൻ കഴിയുന്നതെല്ലാം ഇളക്കും. ആകാശം നീങ്ങിപ്പോകും. ഭൂമി നീങ്ങിപ്പോകും. "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, ആ വചനം ഒരിക്കലും ഒഴിഞ്ഞുപോകയില്ല. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല." കുലുക്കാൻ കഴിയുന്നതെല്ലാം ഇളക്കും. എന്നാൽ നമുക്ക് ദൈവരാജ്യം ലഭിക്കുന്നു, അത് സ്വയം ദൈവ വചനമാണ്, ദൈവം അവന്റെ വചനമാകുന്നു. അവൻ തന്നെത്താൻ കുലുക്കില്ല. ആമേൻ! ഓ, എന്റെ! "എന്നാൽ നാം ഇളകാനാവാത്ത ഒരു രാജ്യം പ്രാപിക്കുന്നു," അതു കുലുക്കാൻ കഴിയാത്തതാണ് എന്ന്, എബ്രായർ എഴുതിയ പൌലൊസ് പറയുന്നു.

36 അത്തരത്തിലെ ഒരു വ്യക്തിക്ക് അത്തരത്തിലെ ഒരു മനുഷ്യന്, അങ്ങനെയുള്ള ഒരു സമയം അവർക്ക് എങ്ങനെ അനുഭവപ്പെട്ടിരിക്കും! ഈ മനുഷ്യർ കണ്ടിരുന്നതു പോലെ, ദൈവ മഹത്വം, സ്വയം, നമ്മളും കൂടെ കണ്ടിട്ടുണ്ട്. ഉറപ്പാണ്. നമ്മൾ അത് കണ്ടിട്ടുണ്ട്. അബ്രഹാം അതു കണ്ടതുപോലെ നാം ദൈവത്തിന്റെ മഹത്വം കണ്ടു. ദൈവത്തിന്റെ മഹത്വം മോശെ കണ്ടതുപോലെ തന്നെ നാം അതു കണ്ടു, അതേ അഗ്നിസ്തംഭവും, ദൈവത്തിന്റെ അതേ ശക്തി, അതേ ക്രിസ്തു പ്രക-...തന്നെത്താൻ പ്രകടമാക്കുന്നു, സ്വയം കാണിച്ചു കൊണ്ട്, അന്ത്യ നാളിലെ വചനത്തെ പാലിക്കുന്നു. പിന്നെ നാം എങ്ങനെയാണ് വന്ന്, ഇത്ര നിസ്സാരമായി നടന്ന് പെരുമാറുന്നത്? ദൈവ വചനം സ്വീകരിക്കാതെ, നാം ചുറ്റിനടന്ന് നമ്മുടെ മതവിശ്വാസങ്ങളെയും വിഭാഗീയ സഭകളെയും മുറുകെ പിടിക്കുന്നത് എങ്ങനെ? നമുക്ക് ആ ദിവസം എന്തു സംഭവിക്കും? ദൈവത്തിന്റെ മഹത്വം നാം കാണുമ്പോൾ, അത് നമുക്ക് എങ്ങനെ വന്നു ഭവിക്കും?

37 ചില ആളുകൾ ദൂരെ നിന്നിട്ട് അവർ ഇതിനെ കളിയാക്കും, ചിലർ ഇതിനെ പരിഹസിക്കും, ചിലർ ഇതിനെ മതഭ്രാന്ത് എന്നോ, ചിലർ ഇതിനെ മാനസിക പരഹൃദയജ്ഞാനം എന്നോ, ചിലർ ഇതിനെ ബെയെത്സെബൂൽ എന്നോ, ചിലർ ഇതിനെ അതെന്നോ അതോ മറ്റേതെന്നോ വിളിക്കും. പണ്ടുള്ള പഴഞ്ചൊല്ല് പറയുമ്പോലെ, "ദൂതന്മാർ കാൽ വെയ്ക്കാൻ ഭയപ്പെടുന്നിടത്ത് വിഡ്ഢികൾ ആണി തറച്ച ചെരുപ്പു ധരിച്ചു കൊണ്ടു നടക്കും." അത് ശരിയാണ്. "വിഡ്ഢി തന്റെ ഹൃദയത്തിൽ 'ദൈവം ഇല്ല' എന്ന് പറയുന്നു." ദൈവം

സ്വന്തം വചനത്താൽ (ഒരു മതവിശ്വാസത്താലല്ല; മറിച്ച് അവന്റെ വചനത്താൽ) തികച്ചും പ്രകടമാകുന്നത് അവൻ കാണുമ്പോൾ, അവൻ അതിന് മുകളിലൂടെ പോയിട്ട് പിന്നെ അതിനെ കളിയാക്കുന്നു, അവൻ ഒരു വിഡ്ഢിയാണ്. കാരണം, അത്, ദൈവം വചനമായി, ദൈവം തന്നെത്താൻ അവനോട് വ്യക്തമാക്കുന്നതാണ്, അവൻ ഒരു "വിഡ്ഢി," എന്ന് ബൈബിൾ പറയുന്നു. അവന് ആ സ്ഥാനത്ത് നിൽക്കേണ്ടി വരുമ്പോൾ അവന് എന്ത് സംഭവിക്കും? ഭക്തികെട്ട ആ മനുഷ്യന്, അത്—അത് ആ ദിവസം അതിഭയങ്കരമായിരിക്കും.

38 എന്നിരിക്കിലും, മാനസാന്തരപ്പെട്ട പാപികൾക്ക്, ഒരു ഭയവുമില്ല. ഓ, ഇല്ല. മാനസാന്തരപ്പെടുന്ന ഒരു പാപിയ്ക്ക്, അവന്റെ സ്ഥാനത്ത് നിൽക്കാൻ, രക്തപങ്കിലമായ ഒരു ബലി കാത്തിരിക്കുന്നു എന്ന് അവനറിയാം. അതാണ് എനിക്ക് ആശ്വാസം നൽകുന്നത്. ഞാൻ ദൈവത്തിന്റെ മഹത്വം കണ്ടിരിക്കുന്നു. ഞാൻ അവന്റെ ശക്തി അനുഭവിച്ചു. അവന്റെ കൈയുടെ തൊടൽ എനിക്കറിയാം. അവന്റെ ശാസനയുടെ തൊടൽ എനിക്കറിയാം. അവൻ ദൈവമാണെന്ന് എനിക്കറിയാം. ഞാൻ ചെയ്യാത്തതാണ് എന്ന് എനിക്കറിയാം, പക്ഷേ എനിക്കായി ഒരുവൻ അവിടെ നിൽക്കുന്നു. ആമേൻ. അവിടെ നിൽക്കുന്ന ആ ഒരുവൻ പറയുന്നു, "പിതാവേ, അവൻ അവിടെ ഭൂമിയിൽ എനിക്കു വേണ്ടി നിന്നിരുന്നതിനാൽ, അവന്റെ എല്ലാ അകൃത്യങ്ങളും എന്റെ മേൽ ഇട്ടാലും." ഹല്ലെലൂയാ! അപ്പോൾ ഞാൻ ധൈര്യത്തോടെ, എന്റെ ഹൃദയത്തിൽ കൃപയുമായി, ദൈവത്തിന്റെ സിംഹാസനത്തിലേക്കു നടന്നു പോകുന്നു, അത് നല്ല പ്രവൃത്തികളിലൂടെയല്ല, മറിച്ച് അവന്റെ കൃപയാൽ ഞാൻ രക്ഷിക്കപ്പെട്ടു. എനിക്ക് എന്ത് ചെയ്യാൻ കഴിയും എന്നതിലോ, എനിക്ക് എന്തിൽ ചേരാനാകും എന്നതിലോ, എനിക്ക് എന്ത് പറയാൻ കഴിയും എന്നതിലോ അല്ല; എന്നാൽ അത് അവന്റെ കൃപയാൽ അവൻ എന്നെ രക്ഷിച്ചു.

39 കവി അതു മനസ്സിലാക്കിയിട്ട്, നിലവിളിച്ചതിൽ അതിശയിക്കാനില്ല, "അതിശയകരമായ കൃപ, എത്ര മൃദുലമായ ശബ്ദം, എന്നെപ്പോലെയുള്ള ഒരു അധമനെ അത് രക്ഷിച്ചു. ഒരിക്കൽ നഷ്ടപ്പെട്ടിരുന്നു, പക്ഷേ ഇപ്പോൾ ഞാൻ കണ്ടെത്തി; അന്ധനായിരുന്നു, പക്ഷേ ഇപ്പോൾ ഞാൻ കാണുന്നു."

40 എനിക്ക് എങ്ങനെ സ്വർഗ്ഗത്തിൽ പോകാനാകും? നിങ്ങൾക്ക് എങ്ങനെ സ്വർഗ്ഗത്തിൽ പോകാനാകും? നമുക്ക് അത് ചെയ്യാൻ കഴിയില്ല, നമുക്ക്, നമുക്ക് അത് ചെയ്യാൻ ഒരു വഴിയുമില്ല. പക്ഷേ ഒരുവൻ ആ വഴിയൊരുക്കി. അവനാണ് ആ വഴി. നാം അവനിലേക്ക്

എങ്ങനെ കടക്കും? ഏക ആത്മാവിൽ, അവന്റെ ആത്മാവിൽ, നാം ഏക ശരീരത്തിലേക്ക് സ്നാനമേറ്റ അത് ഒരു ഭ്രമണപഥം പോലെ ഉയർത്തപ്പെടും. ഈ അന്ത്യ കാലത്തെ ബഹിരാകാശ യാത്രികരെപ്പോലെ ദൈവത്തിന്റെ വിശ്വാസത്തിൽ നമ്മൾ ഈ ഭ്രമിയിൽ നിന്ന് പോകും. ആമേൻ. ഉറപ്പാണ്. മാനസാന്തപ്പെട്ട പാപികൾ വിഷമിക്കേണ്ടതില്ല, അവരുടെ സ്ഥാനത്ത് മറ്റൊരോ ഉണ്ട്.

41 ഓ, നാം ഇപ്പോൾ അവന്റെ സാന്നിദ്ധ്യത്തിൽ വന്നതിനു ശേഷം, നമ്മൾ അവന്റെ സാന്നിദ്ധ്യത്തിലായിരുന്നു എന്ന് നമുക്കറിയാം, അവൻ ഇവിടെ ഭ്രമിയിൽ ആയിരുന്നപ്പോൾ അവൻ ചെയ്തിരുന്ന കാര്യങ്ങൾ തന്നെ അവൻ ചെയ്യുന്നതു നാം കണ്ടു. നിങ്ങൾക്ക് എങ്ങനെ അറിയാം...നിങ്ങൾ നോക്കുന്നത് മുന്തിരി വള്ളിയിലാണെന്നു നിങ്ങൾ എങ്ങനെ അറിയും? കാരണം അത് കായ്ക്കുന്ന ഫലം അതാണ്. നിങ്ങൾ പോകുന്ന സഭയെ എങ്ങനെ അറിയും? അതിൽ കായ്ക്കുന്ന ഫലത്താൽ. യേശു പറഞ്ഞു, "എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ അവനും ചെയ്യും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും."

42 ഇപ്പോൾ, അവൻ നമ്മെ വിഭാഗീയ സഭകൾ ഉണ്ടാക്കാൻ നിയോഗിച്ചിട്ടില്ലെന്നു നാം കാണുന്നു. പുറപ്പെട്ടു പോയി മതവിശ്വാസം ഉണ്ടാക്കാൻ അവൻ നമ്മെ നിയോഗിച്ചില്ല. എന്നാൽ അത്തരത്തിൽ ഉള്ളതിനു എതിരായി അവൻ നമുക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. "ആരെങ്കിലും അതിൽ നിന്ന് എന്തെങ്കിലും നീക്കിക്കളയുകയോ അതിനോട്ടു എന്തെങ്കിലും കൂട്ടുകയോ ചെയ്താൽ, ജീവ പുസ്തകത്തിൽ നിന്നും, അവരുടെ അംശം, അതിനെ നീക്കിക്കളയും." കണ്ടോ?

43 അതിനാൽ, ആ വചനത്തിനൊപ്പം നിൽക്കുകയല്ലാതെ ഒന്നും ചെയ്യാൻ നമ്മെ നിയോഗിച്ചിട്ടില്ല. ഒരു മനുഷ്യനെ ദൈവത്തിൽ നിന്ന് അയച്ചാൽ, അവൻ വചനത്തോടൊപ്പം നിൽക്കും, കാരണം ദൈവത്തിന് അവന്റെ വചനത്താൽ മാത്രമേ അയയ്ക്കാൻ കഴിയൂ. കണ്ടോ? നോക്കൂ, അവൻ തന്റെ വചനപ്രകാരം തന്നെ നിന്നിരിക്കണം. നാം അവന്റെ സാന്നിദ്ധ്യത്തിലേക്ക് വരുമ്പോൾ, ഒരു മനുഷ്യൻ ഒരിക്കൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നു കഴിഞ്ഞാൽ, അവൻ എന്നേക്കുമായി മാറ്റപ്പെടുന്നു, അവിടെ അവനിൽ എന്തെങ്കിലും മാറ്റപ്പെടാൻ ഉണ്ടെങ്കിൽ ആകുന്നു. ഇപ്പോൾ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നടക്കുകയും അതിൽ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നവരുണ്ട്. അവൻ ജീവനിലേക്ക് നിയമിക്കപ്പെട്ടിട്ടില്ല. എന്നാൽ അവനെ ദൈവം മുൻനിയമിച്ചിരുന്നെങ്കിൽ, ആ ആദ്യ നീക്കം വന്നയുടൻ, അവൻ അത് അറിയും. അത് തീ പിടിക്കുന്നു.

44 ആ ദിവസം ശമര്യയിൽ ഉണ്ടായിരുന്ന ആ കൊച്ചു വേശ്യയെ, ആ സ്ത്രീയെ നോക്കൂ. മാനസികമായും ശാരീരികമായും അവൾ മോശമായ അവസ്ഥയിലായിരുന്നു. അത് നമുക്കറിയാം. എന്നാൽ മശീഹായുടെ, ആ അടയാളം അവൾ കണ്ടയുടൻ തന്നെ, അവൾ പറഞ്ഞു, "ഇത് ചെയ്യാൻ മശീഹാ വരുന്നുണ്ടെന്ന് ഞങ്ങൾ അറിയുന്നു. നീ അവന്റെ പ്രവാചകൻ ആയിരിക്കണം."

അവൻ പറഞ്ഞു, "വരും എന്നു എഴുതപ്പെട്ടിരുന്ന മശീഹാ ഞാൻ തന്നെ."

45 അവൾ അത് തിരിച്ചറിഞ്ഞു. അവൾ പിന്നെ ഒരു ചോദ്യവും ചോദിച്ചില്ല. അവൾ ഉത്തരവാദിത്തത്തോടെ ഉടനടി തുടങ്ങി, അവൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്ന് അവൾ അതു കണ്ടതിനാൽ ആയിരുന്നു, മറ്റാരോടെങ്കിലും ഇതിനെക്കുറിച്ച് പറയാൻ അവൾക്ക് ഉത്തരവാദിത്തം ഉണ്ടായിരുന്നു. ഹല്ലേലൂയാ! ശരിയാണ്. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വരുന്ന ഏതൊരു മനുഷ്യനും, ആ നിമിഷം മുതൽ, മറ്റാരോടെങ്കിലും പറയാൻ ദൈവ മുമ്പാകെ ഉത്തരവാദിത്തമുണ്ട്. അബ്രഹാമിനെ നോക്കൂ, മോശെയെ നോക്കൂ, പത്രൊസിനെ നോക്കൂ, പൗലൊസിനെ നോക്കൂ. അവർ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രവേശിച്ച നിമിഷം തന്നെ, അവർ സ്വയം തിരിച്ചറിഞ്ഞു "പാപികളാണ്," അവരുടെ സാക്ഷ്യം അവരുടെ ജീവിതവുമായി മുദ്രവെച്ചു. ആ ചെറിയ സ്ത്രീയെ നോക്കൂ, അവൾക്ക് പിന്നെയും കാത്തിരിക്കാൻ കഴിഞ്ഞില്ല, അവൾ പട്ടണത്തിലേക്ക് പോയി പുരുഷന്മാരോട് പറഞ്ഞു, "വരൂ, ഞാൻ ചെയ്ത കാര്യങ്ങൾ ഒക്കെയും എന്നോട് പറഞ്ഞ ആ മനുഷ്യനെ വന്നു കാണ്മിൻ. ഇത് മശീഹാ ആയിരിക്കില്ലേ?" അവർക്ക് അത് നിഷേധിക്കാൻ കഴിഞ്ഞില്ല, കാരണം അത് തിരുവെഴുത്തു പ്രകാരമായിരുന്നു. തീർച്ചയായും. അതെ, അവർക്ക് അത് ചെയ്യേണ്ടതുണ്ട്, ഒരു മനുഷ്യൻ, മോശെ ചെയ്തതുപോലെ പത്രൊസ് ചെയ്തതുപോലെ, പൗലൊസ് ചെയ്തതുപോലെ, മറ്റുള്ളവരോട് പറയാനുള്ള ഉത്തരവാദിത്തം ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ഈ കാര്യങ്ങൾക്ക് ശേഷം, നിങ്ങൾ അത് കണ്ട് അവന്റെ സാന്നിദ്ധ്യത്തിലേക്ക് വന്നിട്ട്, സന്ദേശത്തെ മറ്റൊരാളിലേക്ക് എത്തിക്കാനുള്ള ഉത്തരവാദിത്തം നിങ്ങൾക്കാണ്. നിങ്ങൾക്ക് അതിനോടൊപ്പം സമാധാനമായി ഇരിക്കാൻ കഴിയില്ല. നിങ്ങൾ ഇത് തികച്ചും മറ്റൊരാളുടെ അടുത്തേക്ക് കൊണ്ടുപോകണം.

46 ഒരു വയസ്സായ സഹോദരി ഇവിടെ ഉണ്ടായിരുന്നത് ഞാൻ ഓർക്കുന്നു, സഹോദരൻ ഗ്രഹാം സ്നെല്ലിംഗിന്റെ അമ്മയാണ്, അവൾ ഇവിടെ ആലയത്തിൽ തന്നെ ഇരുന്നിട്ട്, അവൾ പാടുമായിരുന്നു,

“എനിക്ക് ചെയ്തു തീർക്കേണ്ടതുണ്ട്! ഞാൻ ഓടുന്നു, ഓടുന്നു, ഓടുന്നു, എനിക്ക് ചെയ്തു തീർക്കേണ്ടതുണ്ട് എനിക്ക് ഇരിക്കാൻ കഴിയില്ല.” അവൾ എന്തോ ചിലത് കണ്ടെത്തിയിരുന്നു. ഞാൻ ലൂയിസ്‌വില്ലെയിലെ നിറക്കാരുടെ ഒരു ചെറിയ പള്ളിയിലേക്ക് പോയപ്പോൾ, അവർ എല്ലാവരും എഴുന്നേറ്റു നിന്ന്, പാടുകയാണ്, “ഞാൻ രാജാവിന്റെ പെരുവീഥിയിലേക്ക് ഓടുകയാണ്, അത് കണ്ടെത്തിയിരിക്കുന്നു, പെരുവീഥിയെ ഏറ്റെടുക്കാൻ!”

47 അതിനെക്കുറിച്ച് എന്തോ ചിലതുണ്ട്, നിങ്ങൾ ക്രിസ്തുവിനെ കണ്ടെത്തുമ്പോൾ, നിങ്ങൾക്ക് പിന്നെയും സമാധാനമായി ഇരിക്കാൻ കഴിയില്ല. നിങ്ങളുടെ ശേഷിക്കുന്ന ദിവസങ്ങളിൽ നിങ്ങൾ ഒരു മാറ്റപ്പെട്ട വ്യക്തിയാണ്, കാരണം ജീവനും ജീവനും ഒത്തുചേരുമ്പോൾ, അത് ശോഭയുള്ള ഒരു പ്രകാശം നൽകുന്നു. ശരിയാണ്. ബൾബ് വയറുമായി ബന്ധിപ്പിക്കുമ്പോൾ, അത് ശരിയായ ബൾബാണെങ്കിൽ, അത് പ്രകാശം നൽകേണ്ടതുണ്ട്; കറന്റും ബൾബും ഒത്തുചേരുമ്പോൾ, അതിനു പ്രകാശം വിതറാനല്ലാതെ മറ്റൊന്നും ചെയ്യാനില്ല. അതിനു അതു ചെയ്യണം. നിത്യ ജീവനിലേക്ക് മുൻനിയമിക്കപ്പെട്ട ഒരു പുരുഷനോ ഒരു സ്ത്രീയോ, അവർ ദൈവത്തിന്റെ കറന്റ് ആ ബൾബ് പിടിച്ചെടുക്കുന്നത് കാണുമ്പോൾ, അതിനു കഴിയുന്നിടത്തെല്ലാം അത് പ്രകാശം വിതറും. ഒരുപക്ഷേ നിങ്ങൾ ഒരു പത്ത് വാട്ടിന് മുകളിലായിരിക്കില്ല, പക്ഷേ നിങ്ങൾക്ക് ലഭിച്ച പ്രകാശം നിങ്ങൾ വിതറും. നിങ്ങൾ ഒരു അഞ്ഞൂറ് വാട്ട് അല്ലെങ്കിൽ, പത്ത് വാട്ട് ലൈറ്റ് വിതറൂ. നിങ്ങളുടെ വെളിച്ചം പ്രകാശിപ്പിക്കൂ! “നിങ്ങളുടെ പ്രകാശം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ, അവർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തട്ടെ.” അതെ, സർ.

48 ഒരു മനുഷ്യൻ ദൈവവുമായി സമ്പർക്കം പുലർത്തുമ്പോൾ, അവൻ സ്വയം തിരിച്ചറിയുന്നു “നല്ലവനല്ല.” ഒരു മനുഷ്യൻ ഒന്നും അല്ലാതിരിക്കുമ്പോൾ, അവൻ ചുറ്റിത്തിരിഞ്ഞ് എത്ര വലിയവനാണെന്നും അവൻ എന്തു ചെയ്യുന്നു എന്നും എങ്ങനെ വീമ്പിളക്കും? അവൻ തുടക്കം മുതലേ ഒന്നുമില്ല. ഒരു ദിവസം ടെന്നിസിയിലെ, മെംഫിസിൽ, അഥവാ ഒരു...അത് മെംഫിസിൽ ആണെന്ന് ഞാൻ കരുതുന്നില്ല. അത് അവിടത്തെ സ്ഥലങ്ങളിൽ ഒന്നായിരുന്നു. ഞാൻ ഡേവിസ് സഹോദരനോടൊപ്പം നടത്തിയ ഒരു—ഒരു ഉണർവ്വ് യോഗത്തിൽ ആയിരുന്നു. ഒരുപക്ഷേ അത് മെംഫിസ് ആയിരിക്കാം. ഞങ്ങൾ ആയിരുന്നിട്ട്, ഒരു പ്രവർത്തന രംഗത്തേക്ക് പോയി, അവർക്ക് അവിടെ ഒന്നുണ്ടായിരുന്നു,

അത് പ്രവർത്തന രംഗമല്ല, അത് ഒരു കലാപ്രദർശന സ്ഥലം ആയിരുന്നു, അവർക്ക് ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് ലഭിച്ച വലിയ ആ—ആ പ്രതിമകൾ ഉണ്ടായിരുന്നു, വ്യത്യസ്തമായ, ഹെർക്കുലീസും മുതലായവയുമായി, മികച്ച കലാകാരന്മാർ വരച്ചതായിരുന്നു. പിന്നെ നൂറ്റി അൻപത് പൗണ്ട് തൂക്കമുള്ള ഒരു മനുഷ്യന്റെ വിശകലനം അവർക്ക് ഉണ്ടായിരുന്നു. എന്താണെന്ന് നിങ്ങൾക്കറിയാമോ, അവന്റെ വില എത്രയാണെന്നോ? എണ്പത്തി-നാല് സെന്റുകൾ. അത്രമാത്രമേ അവനുള്ളൂ. അവനിൽ നിന്നും നിങ്ങൾക്ക് പുറത്തെടുക്കാൻ കഴിയുന്നത് എല്ലാം—എല്ലാം കൂടെ എൺപത്തി-നാല് സെന്റിന്റെ രാസവസ്തുക്കളാണ്. ഒരു കോഴി കൂട്ടിൽ തളിക്കാൻ മതിയായ വെള്ള വാങ്ങാനുള്ള കാശ് മാത്രമേ കിട്ടൂ, അത്ര തന്നെ അവനിലുള്ളത്, കുറച്ച് കാൽസ്യവും, അല്പം പൊട്ടാഷും. ഇതെല്ലാം എണ്പത്തി-നാല് സെന്റിന് വിൽക്കപ്പെടും. പക്ഷെ നമ്മൾ ആ എൺപത്തി-നാല് സെന്റിനെ കുഞ്ഞിനെപ്പോലെ പരിപാലിക്കുകയാണ്.

49 അവിടെ രണ്ട് ആൺകുട്ടികൾ നിന്നിരുന്നു, ഒരാൾ മറ്റയാളെ നോക്കി, പറഞ്ഞു, “ജിം, നമ്മൾ നമ്മെ വിലമതിച്ചിരുന്നതു പോലെ ഒന്നും നാം ഇല്ലല്ലോ?”

അവൻ പറഞ്ഞു, “ഇല്ല, നമ്മൾ ഇല്ല, ജോൺ.”

50 ഞാൻ പറഞ്ഞു, “എന്നാൽ ഒരു നിമിഷം നിൽക്കു, ബാലന്മാരേ, പതിനായിരം മനുഷ്യരെക്കാൾ വിലയുള്ള ഒരു ആത്മാവ് നിങ്ങൾക്കുണ്ട്, അത് ആയിരുന്നിട്ട്, നിങ്ങൾ അതിനെ അനുവദിച്ചാൽ, അതിനെ ദൈവത്തിന്റെ ശക്തിയാൽ വീണ്ടെടുക്കാനാകും.”

51 മനുഷ്യൻ, അവൻ ഈ കാര്യങ്ങൾ കാണുമ്പോൾ, അവൻ മറ്റുള്ളവരോട് പറയാൻ ഉത്തരവാദിയാണ്. ഞാൻ ഒരു ചെറിയ ബാലൻ ആയിരിക്കുമ്പോൾ തന്നെ ഞാൻ അതു കണ്ടു. ഞാൻ ജീവിതകാലം മുഴുവൻ അതിൽ ചെലവഴിച്ചു. എനിക്ക് ഒരു ജീവിതമേ ലഭിച്ചുള്ളൂ എന്നതിൽ എനിക്ക് ഖേദമുണ്ട്, എനിക്ക് പതിനായിരം ഉണ്ടായിരുന്നെങ്കിൽ എന്നു ആഗ്രഹിക്കുന്നു. എനിക്ക് ഒരു നിത്യത ഉണ്ടെങ്കിൽ, അതിനെക്കുറിച്ച് ജനങ്ങളോട് പറയാൻ ഞാൻ അപ്പോഴും ആഗ്രഹിക്കുന്നു, കാരണം ഞാൻ കണ്ടെത്തിയ ഏറ്റവും വലിയ കാര്യം അതാണ്. നിങ്ങൾ യെഹെസ്കേൽ 33, യെഹെസ്കേലിന്റെ 33-ാം അദ്ധ്യായത്തിൽ വായിച്ചാൽ, ഒരു ഗോപുരത്തിൽ ഒരു കാവൽക്കാരൻ ഉണ്ടായിരുന്നാൽ, മുഴുവൻ നഗരത്തിന്റേയും ഉത്തരവാദി ഈ കാവൽക്കാരനായിരുന്നു. ആമേൻ. ഇപ്പോൾ, ഉണരൂ, ഞാൻ ഈ

തിരുവെഴുത്ത് എടുക്കുന്നേരം, ഒരു നിമിഷം നിങ്ങളുടെ ആത്മീയ മനഃസാക്ഷിയെ ഉണർത്തു. ആ കാവൽക്കാരൻ പരിശീലനം സിദ്ധിച്ച ആളായിരിക്കണം. അവൻ എന്താണ് ചെയ്യുന്നതെന്ന് അവൻ അറിയേണ്ടിയിരുന്നു, കാരണം എത്ര ദൂരത്തായാലും, ശത്രു, എഴുന്നേറ്റ ഉടൻ തന്നെ, അവന് അതു കണ്ടെത്താനാകും. അവന് അവരുടെ പരേടിനാൽ പറയാൻ കഴിയും, അവരുടെ നിറം പറയാൻ കഴിയും, അവരുടെ സാധാരണ ഭടൻമാരെ പറയാൻ കഴിയും. മനുഷ്യ കണ്ണുകൾക്ക് കാണാൻ കഴിഞ്ഞിരുന്നിടത്തോളം, അവന് അത് കാണാൻ കഴിഞ്ഞിരുന്നു. അവൻ മറ്റുള്ളവരെക്കാൾ ഉയരത്തിൽ ആയിരുന്നു, ശത്രുവിനെ അറിയാൻ അവനു പരിശീലനം ലഭിച്ചിരുന്നു. മുഴുവൻ നഗരവും അവന്റെ കയ്യിൽ ദൈവം ഏല്പിച്ചിരുന്നു. "കാവൽക്കാര, രാത്രി എന്തായി?" ഹല്ലേലൂയാ!

52 ഇന്നത്തെ ദൈവത്തിന്റെ പട്ടാളക്കാർ അങ്ങനെയാണ്. അവർ വചനത്തിൽ പരിശീലനം നേടിയിരിക്കുന്നു. തിരുവെഴുത്തല്ലാത്ത എന്തെങ്കിലും കടന്നു വരുമ്പോൾ, അതിൽ കുറച്ച് മിനുസപ്പെടുത്തിയിരിക്കുന്ന എന്തെങ്കിലും കടന്നു വരുമ്പോൾ, അവർ അവരുടെ സഭയെ താക്കീതു ചെയ്യുന്നു. ബൈബിൾ അല്ലാത്ത എന്തും, ദൈവത്തിൽ—ദൈവത്തെ-പ്പോലെ അല്ല എന്നു കാണുന്ന എന്തും, ഇങ്ങനെ പാസ്റ്റർമാർക്ക് ശമ്പളം കൊടുക്കാൻ വേണ്ടി നടത്തുന്ന, സൂപ്പ് അത്താഴവും, നൃത്തങ്ങളും, മറ്റുമെല്ലാം ആകുന്നു. ആ കാര്യങ്ങൾ തെറ്റാണ്. പള്ളികളിലെ ബാങ്കോ കളികളും കാർഡ് പാർട്ടികളും എല്ലാം, അത് തെറ്റാണ്! ഗോപുരത്തിലുള്ള ആ യഥാർത്ഥ കാവൽക്കാരൻ, അവൻ ഒരിക്കൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നിട്ട്...അവൻ ഗോപുരത്തിൽ ആയിരിക്കുന്നില്ലെങ്കിൽ, അവൻ ഗോപുരത്തിൽ ആയിരിക്കാനായി നിമയിക്കപ്പെട്ടിരിക്കുന്നു എങ്കിൽ, ആ ഗോപുരം സഭയിലെ മറ്റുള്ളവരെക്കാൾ ഉയർന്നതായിരിക്കില്ല. പക്ഷേ അവൻ ശരിയായ കാവൽക്കാരനാണെങ്കിൽ, ദൈവം അവനെ ബാക്കിയുള്ളവർക്ക് ഒരിക്കലും കടക്കാൻ കഴിയാത്ത മണ്ഡലങ്ങളിലേക്ക് ഉയർത്തുന്നു. എന്നാൽ അവൻ ആട്ടിൻകൂട്ടത്തെ നിരീക്ഷിക്കുകയും, ദൈവം അവനിൽ നിന്ന് അത് ആവശ്യപ്പെടുകയും ചെയ്യുന്നു! ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിൽക്കുകയും, ദൈവം ദൈവമാണെന്ന് അറിഞ്ഞ്, ദൈവം തന്റെ വചനം പാലിക്കുന്നു എന്ന് അറിയുകയും ചെയ്യുന്ന ആ മനുഷ്യൻ, ദൈവം തന്നെത്താൻ നിർവഹിക്കുകയും തന്റെ കടമ ചെയ്തുകൊണ്ട് വചനം പാലിക്കുകയും ചെയ്യുന്നു, പിന്നെ എത്ര സംഘടനകളോ വിഭാഗീയ സഭകളോ അതിനെ വലിച്ചു കീറാൻ

ശ്രമിച്ചാലും കാര്യമില്ല, ശത്രുവിന്റെ സാധാരണ ഭടന്മാരെപ്പോലും അവനറിയാം. ആമേൻ. ഒരു യഥാർത്ഥ കാവൽക്കാരൻ, സഭയോട് എന്തു പറയണമെന്ന് അവൻ അറിയുന്നു.

53 അവൻ ഉണ്ട് എന്ന് നാം ഏറ്റുപറഞ്ഞിട്ടുണ്ടെങ്കിൽ, നാം അവന്റെ സാന്നിദ്ധ്യത്തിലായിരുന്നു, നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ്, അവന്റെ സ്മരണയുടെ പുസ്തകത്തിൽ നിന്നും അവയെ മായ്ച്ചുകളഞ്ഞിരിക്കുന്നതു. അത് ദൈവത്തിനല്ലാതെ മറ്റാർക്കും ചെയ്യാൻ കഴിയില്ല. ഇപ്പോൾ, നിങ്ങൾ എന്നോട് എന്തെങ്കിലും ചെയ്തിട്ട്, ഞാൻ നിങ്ങളോട് ക്ഷമിച്ചാലും, ഞാൻ അത് ഓർക്കും. ഞാൻ നിങ്ങളോട് എന്തെങ്കിലും ചെയ്താൽ, നിങ്ങൾ എന്നോട് ക്ഷമിച്ചാലും, നിങ്ങൾ അത് ഓർക്കും. എന്നാൽ ദൈവത്തിന് അത് ക്ഷമിക്കാനും മറക്കാനും കഴിയും. അതിനെക്കുറിച്ച് ചിന്തിച്ചു നോക്കു, "അത് ഓർക്കുക പോലും ചെയ്യുന്നില്ല!" ആമേൻ. അത് എനിക്ക് നന്നായി അനുഭവപ്പെടുന്നു. അത് ഇനി ഒരിക്കലും ഓർമ്മിക്കാൻ പോലും കഴിയാത്തപ്പോൾ, ദൈവത്തിനല്ലാതെ മറ്റൊന്നിനും അതു ചെയ്യാൻ കഴിയില്ല. ദൈവത്തിനല്ലാതെ മറ്റൊന്നിനും അത് ചെയ്യാൻ കഴിയില്ല. തന്റെ ഓർമ്മയുടെ പുസ്തകത്തിൽ നിന്ന് അത് മായ്ച്ചുകളയുമെന്ന് അവൻ പറഞ്ഞിരിക്കുന്നു. എനിക്ക് അത് ചെയ്യാൻ കഴിയില്ല, നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല, കാരണം നമുക്ക് ഈ പരിമിതമായ ഇന്ദ്രിയങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. പക്ഷേ അവൻ അനന്തനാണ്, ദൈവം, അത് എപ്പോഴെങ്കിലും ചെയ്തെന്ന് അവന് നിരുപാധികമായി മറക്കാൻ കഴിയും. ആമേൻ.

54 ഒരു നാട്ടിൻപുറത്തെ പള്ളിയിൽ നിന്ന് ഒരു യുവതി വന്നിരുന്നു, അവളുടെ പിതാവ് പഴയ- രീതിയിലുള്ള, അലറി വിളിക്കുന്ന പ്രസംഗികനോ, അതോ സഭയിലെ ഒരു അംഗമോ ആയിരുന്നു. അങ്ങനെ അവൾ നഗരത്തിലേക്കു പോയി, അവിടെയുള്ള സ്ത്രീകളുമായിട്ട് എല്ലാം അവൾ ഇടകലർന്നിട്ട്, ഫാഷനും മറ്റും ചെയ്തുകൊണ്ട്, അവർ ചെയ്തിരുന്നതുപോലെ പെരുമാറേണ്ടി വന്നു. ഒരു ദിവസം അവളുടെ പപ്പയും അമ്മയും വരുന്നതിൽ അവൾ ലജ്ജിച്ചു, അല്ലെങ്കിൽ അവളുടെ പപ്പ വന്നിരുന്നതിൽ ലജ്ജിച്ചിരുന്നു, അവളുടെ അമ്മ മരിച്ചു പോയിരുന്നു. അങ്ങനെ ആ വൃദ്ധൻ, അവൻ ചെയ്തിരുന്ന ഒരേയൊരു കാര്യം, രാവിലെ എഴുന്നേറ്റാൽ, തന്റെ പ്രഭാത ഭക്ഷണം കഴിച്ചിട്ട് ബൈബിൾ എടുത്ത് അത് വായിക്കും, പകൽ മുഴുവൻ കരയുകയും പ്രാർത്ഥിക്കുകയും അലറുകയും, മുറിയിൽ മുകളിലേക്കും താഴേക്കും ഓടുകയും ചെയ്തിരുന്നു, അവൾ അതിൽ അല്പം ചമ്മിയിരുന്നു. അങ്ങനെ പിന്നെയും—പിന്നെയും രാത്രി മുഴുവൻ

ചെയ്തിരുന്നു, അവന്റെ കയ്യിൽ ബൈബിൾ കിട്ടിയാൽ, അത് വായിക്കാൻ തുടങ്ങിയിട്ട്, അവൻ കട്ടിലിൽ നിന്ന് എഴുന്നേറ്റിട്ട്, നിലവിളിക്കും, "ദൈവത്തിന് മഹത്വം! ഹല്ലെലൂയാ! ഓ, ദൈവത്തിനു മഹത്വം!" അർദ്ധ രാത്രിയിൽ ചാടിയെഴുന്നേറ്റ് കരയും.

55 അങ്ങനെയിരിക്കെ, ഒരു ദിവസം അവർക്ക് ഉണ്ടായിരുന്നതുപോലെ അവൾ പള്ളിയിലെ അംഗങ്ങളെ ഒരു ചെറിയ ചായ സൽക്കാരത്തിൽ പങ്കെടുപ്പിക്കാൻ പോവുകയായിരുന്നു, അതുകൊണ്ട് അവൾക്ക് അവളുടെ അപ്പനുമായി എന്താണ് ചെയ്യാൻ പോകുന്നതെന്ന് അവൾക്ക് അറിയില്ലായിരുന്നു. എല്ലാത്തിനും ഉപരിയായി, അത് അവളുടെ ഡാഡിയായിരുന്നു. അതിനാൽ അവൾ അവനെ മാളികപ്പുരയിലാക്കാൻ തീരുമാനിച്ചിട്ട്, പറഞ്ഞു, "ഡാഡി, ഈ സ്ത്രീകൾ ആയിരിക്കുമ്പോൾ ഇവിടെ ആയിരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല, അല്ലേ?"

പറഞ്ഞു, "ഇല്ല, ഞാൻ അത് ചെയ്യാൻ ആഗ്രഹിക്കുന്നു എന്നു ഞാൻ കരുതുന്നില്ല."

56 അദ്ദേഹം പറഞ്ഞു, "ശരി, ഞങ്ങൾ ഇന്ന് സഭയിലെ സ്ത്രീകളെ ഇവിടെ എത്തിക്കാൻ പോകുന്നു, ഞങ്ങൾ ഒരു ചെറിയ യോഗം, ഒരു ചെറിയ പ്രാർത്ഥന യോഗം നടത്താൻ പോകുന്നു. അതിനാൽ ഞാൻ—ഞാൻ നിങ്ങളോട് ചോദിക്കുന്നു, ഡാഡ്, എന്താ നിങ്ങൾ മാളികപ്പുരയിലേക്ക് കയറില്ലേ?"

പറഞ്ഞു, "ഞാൻ അത് ചെയ്യുമെന്ന് ഞാൻ കരുതുന്നു."

57 അങ്ങനെ അവൾ പറഞ്ഞു, "ഈ നല്ല പുസ്തകം വായിക്കു." അവൾ അദ്ദേഹത്തിനു ഒരു ഭൂമിശാസ്ത്രം നൽകി. അവനെ ശാന്തനായിരുത്താൻ അവന്റെ ബൈബിൾ അവനിൽ നിന്ന് എടുത്തു. അങ്ങനെ അദ്ദേഹം ബൈബിൾ വായിച്ചാൽ, എന്താ, അവിടെ വളരെ ശബ്ദമുണ്ടാക്കാൻ പോകുന്നു എന്ന് അറിയാമായിരുന്നു. നിങ്ങൾ അറിയുന്നതു പോലെ, അങ്ങനെ അദ്ദേഹം അവരുടെ അടുത്തു തന്നെ ആയിരുന്നിട്ട്, അവർ അവരുടെ പാർട്ടി നടത്താൻ പോകുകയായിരുന്നു. അതിനാൽ അവൾ അവൾക്ക് ഭൂമിശാസ്ത്രം നൽകിയിട്ട്, പറഞ്ഞു, "ഇത് വളരെ നല്ലതാണ്. ഡാഡി, നിങ്ങൾ ഇത് വായിക്കണം, കാരണം ഇത് ലോകത്തെക്കുറിച്ചുള്ള സകല സത്യവും നിങ്ങളോട് പറയുന്നു."

പറഞ്ഞു, അതെ, "അത് വായിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്."

58 അങ്ങനെ അദ്ദേഹം പറഞ്ഞു, "ഇപ്പോൾ നിങ്ങൾ അവിടെ പോയി ഈ സ്ത്രീകൾ പോകുന്നതുവരെ വളരെ നിശബ്ദമായിരിക്കു, പിന്നെ ഞാൻ...നിങ്ങൾക്ക് തിരികെ താഴെ ഇറങ്ങി വന്ന് തുടർന്നും നിങ്ങൾ ആഗ്രഹിക്കുന്ന എന്തും ചെയ്യാം." അദ്ദേഹം അത് ചെയ്യാൻ സമ്മതിച്ചു. അങ്ങനെ അദ്ദേഹം മുകളിലേക്ക് പോയി, അവിടെ ഇരിക്കുകയായിരുന്നു.

59 നിങ്ങൾ അറിയുന്നതു പോലെ, അവരെല്ലാവരും അവരുടെ ചായ സൽക്കാരത്തിലായിരുന്നു, *അങ്ങനെയും-പിന്നെ-ഇങ്ങനെയും* സംസാരിച്ചുകൊണ്ടിരുന്നു, മാത്രമല്ല അത് എങ്ങനെ പോകുന്നെന്ന് നിങ്ങൾക്കറിയാം, അത്രയും അധികം സമയം എടുക്കുന്നു. ആ സമയം ആയപ്പോഴേക്കും എന്തോ മുകളിലെത്തെ നിലയിൽ തുടങ്ങിയിട്ട്, നിലവിളിക്കുകയും ചാടുകയും മറ്റു ചെയ്ത്, തട്ടിൽ നിന്നും ചാന്ത് വീഴാൻ തുടങ്ങി. ആ വയസ്സായ മനുഷ്യൻ അവനു കഴിയുന്നത്ര കഠിനമായി അട്ടഹസിച്ചുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഓടുകയും, മുകളിലേക്കും താഴേക്കും ചാടിക്കൊണ്ട്, അലറി വിളിച്ചു, "ദൈവത്തിനു മഹത്വം! ദൈവത്തിനു മഹത്വം!" അവിടെ എന്തു സംഭവിച്ചെന്നും, മുകളിലത്തെ നിലയിൽ എന്താണെന്നും ആ സ്ത്രീകൾക്ക് അറിയില്ലായിരുന്നു. അങ്ങനെ അവൻ തനിക്ക് കഴിയുന്നത്ര വേഗത്തിൽ, നേരെ പടികളിലൂടെ താഴേക്ക് ഇറങ്ങി.

അവൾ പറഞ്ഞു, "ഡാഡി, ഞാൻ നിങ്ങൾക്ക് വായിക്കാൻ ഒരു ഭൂമിശാസ്ത്രം തന്നിരുന്നു."

60 പറഞ്ഞു, "അതെ, എനിക്ക് അതറിയാം. നിനക്കറിയാം," പറഞ്ഞു, "ഞാൻ ഇവിടെ ഈ ഭൂമിശാസ്ത്രത്തിൽ സമുദ്രത്തിന്റെ ആഴം അറിയാൻ പറ്റാത്ത സ്ഥലങ്ങളുണ്ട് എന്നു വായിക്കുകയായിരുന്നു." പിന്നെ പറഞ്ഞു, "ഞാൻ ഇന്നലെ ബൈബിളിലെ ഈ ഭാഗത്ത് വായിച്ചതിൽ, അവൻ പറയുന്നു അവൻ എന്റെ പാപങ്ങളെ 'മറവിയുടെ സമുദ്രത്തിൽ ഇട്ടുകളഞ്ഞു.' ദൈവത്തിനു മഹത്വം!...?..." പറഞ്ഞു, "അവ ഇപ്പോഴും പോകുന്നു. അവയ്ക്ക് അവസാനമില്ല, അവ ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നു." അത് ശരിയാണ്. അവൻ അതിനെക്കുറിച്ച് അലറിക്കൊണ്ടിരുന്നു. അതെ, അത് ശരിയാണ്.

61 ദൈവം നമ്മുടെ പാപങ്ങളെ മറവിയുടെ സമുദ്രത്തിൽ ഇടുന്നു, അവ ഒരിക്കലും സംഭവിച്ചിട്ടില്ലാത്തതു പോലെ, അവയെ മാച്ചുകളയുന്നു. ഓ, എന്റെ! പിന്നെ നാം ദൈവ കൃപയാൽ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ, അവൻ വിശുദ്ധൻ ആയിരുന്നതു പോലെ, പവിത്രവും വിശുദ്ധവും ആയി, എന്തുകൊണ്ടെന്നാൽ ഞാൻ അവിടേക്ക് വരുമ്പോൾ അവൻ എന്നെ കാണുന്നില്ല, അവൻ തന്റെ സ്വന്ത

പുത്രനെ കാണുന്നു. അവന് കാണാനുള്ള ഒരേയൊരു വഴി...എന്നെ കാണാൻ കഴിയില്ല, കാരണം ഞാൻ അവന്റെ പുത്രനിലാണ്. അവൻ തന്റെ പുത്രനെ മാത്രമേ കാണുന്നുള്ളൂ. അത് അതിശയമല്ലേ? നമുക്ക് ഇനി പാപങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതില്ല, സകലതും ഇല്ലാതായി, അത് രക്തത്തിന്റെ കീഴിലാകുന്നു. അതെ, സർ. ഇനി അതിനെക്കുറിച്ച് വിഷമിക്കേണ്ടതില്ല, ദൈവത്തിന്റെ ഓർമ്മയ്ക്ക് പുറത്തായി, അതെല്ലാം തീർന്നിരിക്കുന്നു. അവൻ ഇനിയും അതു ഓർക്കുന്നേയില്ല.

62 യെശയ്യാവ്, ആ പ്രതാപമാർന്ന പ്രവാചകൻ, അവൻ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞപ്പോൾ, അവൻ പറഞ്ഞു, "എനിക്ക് അയ്യോ കഷ്ടം, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ." ഒരു പ്രവാചകൻ! "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ, എന്റെ സഭയുടേയും ശുദ്ധിയില്ലായ്മ." കണ്ടോ? "ഞാൻ പ്രസംഗിക്കുന്ന ജനങ്ങൾ, അവർ ശുദ്ധിയില്ലാത്തവരാണ്. ഞാൻ ശുദ്ധിയില്ലാത്തവനാണ്. എനിക്ക് അയ്യോ കഷ്ടം. എന്നാൽ ഇവിടെ ഇതാ ദൈവ മഹത്വത്തിൽ നിന്ന് ഒരു കൂട്ടം ദൂതന്മാർ, ആ—ആ മേഘങ്ങളെ വീശി മാറ്റിക്കൊണ്ട് താഴേക്ക് ഇറങ്ങുന്നു, അപ്പോൾ ഞാൻ അവിടെ നോക്കി അവരുടെ കൂട്ടത്താൽ സ്വർഗ്ഗം മുഴുവൻ നിറഞ്ഞു നിൽക്കുന്നതു കണ്ടു. പാപം എന്താണെന്ന് ഒരിക്കലും അറിയാത്ത ഈ ദൂതന്മാരെ ഞാൻ കണ്ടു. അവിടെ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നിട്ട്, പാപം എന്താണെന്നു അവർ ഒരിക്കലും അറിഞ്ഞിരുന്നില്ല, അവർക്ക് മുഖം മറക്കാൻ രണ്ട് ചിറകുകൾ കിട്ടിയിരുന്നു, അവരുടെ കാലുകൾ മറക്കാൻ രണ്ടു ചിറകുകൾ കിട്ടിയിരുന്നു, അവർ രണ്ട് ചിറകുകളുമായി പറന്നിരുന്നു, അവർ രാവും പകലും ആർത്തു വിളിച്ചിരുന്നു, 'പരിശുദ്ധൻ, പരിശുദ്ധൻ, കർത്താവാം ദൈവം പരിശുദ്ധൻ.'" വൂ. അത് നിങ്ങളെ ഒരു വിധം ശുദ്ധിയില്ലാത്തതു പോലെ തോന്നിപ്പിക്കും, അങ്ങനെ ചെയ്യുന്നില്ലേ? ഇപ്പോൾ, അവൻ എന്താണ് ചെയ്തത്? അവൻ പറഞ്ഞു, "എനിക്ക് അയ്യോ കഷ്ടം."

63 അവൻ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞിട്ടു പറഞ്ഞു "എനിക്ക് അയ്യോ കഷ്ടം," ദൂതൻ പോയി കൊടിൽ എടുത്ത്, പരിശുദ്ധാത്മാവിനെയും തീയേയും പ്രതിനിധീകരിക്കുന്ന ഒരു തീക്കനൽ എടുത്തുകൊണ്ടു വന്നു, വന്ന് പ്രവാചകന്റെ വായ്ക്ക് തൊടുവിച്ചിട്ട്, പറഞ്ഞു, "ഞാൻ നിന്നെ ശുദ്ധീകരിച്ചിരിക്കുന്നു." പിന്നെ അവരുടെ വഴിയിൽ അവർ അങ്ങനെ ചിറകുകളെ വിടർത്തി, സമയത്തിന്റെ തിരശ്ശീലകളെ നീക്കിയപ്പോൾ, ദൈവം ചോദിക്കുന്നതു അവൻ കേട്ടു, "ആർ നമുക്കുവേണ്ടി പോകും?"

64 എന്നാൽ പാപത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരു വഴിയുണ്ടെന്ന് അവൻ കണ്ടെത്തിയിട്ട്, ആരെങ്കിലും തനിക്ക് വേണ്ടി പോകണമെന്ന് ദൈവം ആഗ്രഹിച്ചു, അവൻ പറഞ്ഞു, "ഞാൻ ഇതാ ഇവിടെ, എന്നെ അയച്ചാലും." അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്ന്, അവന്റെ പാപങ്ങൾ ഏറ്റുപറഞ്ഞിരുന്നു, അവന്റെ പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെടുകയും, ശുശ്രൂഷക്കായി തയ്യാറാകുകയും ചെയ്തു. ആമേൻ.

65 കവി അത് പിടിച്ചെടുത്തിട്ട് പറഞ്ഞു, "ഇപ്പോൾ ദശലക്ഷങ്ങൾ പാപത്തിലും ലജ്ജയിലും മരിക്കുന്നു, അവരുടെ സങ്കടവും ദുഃഖ പൂർണ്ണവുമായ നിലവിളി കേട്ടാലും. ധൃതി കൂട്ടു, സഹോദരാ, വേഗം അവരെ രക്ഷിക്കു; വേഗത്തിൽ ഉത്തരം നൽകു, 'ഗുരോ, ഇതാ ഞാൻ.'"

66 ആഫ്രിക്കയേയും, ഇന്ത്യയേയും, ലോകത്തെ മുഴുവനെയും കുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ, ദശ ലക്ഷക്കണക്കിന് വിഗ്രഹാരാധികൾ കരുണയ്ക്കായി നിലവിളിക്കുകയും കരയുകയും ചെയ്യുന്നു, ആർ പോകും? അവർക്ക് ഒരു ലഘുലേഖ കൈമാറാനല്ല, എന്നാൽ അവരെ യേശു ക്രിസ്തുവിലേക്ക് കൊണ്ടുവരാനാണ്. മോശെയെപ്പോലെ, അവന്റെ സാന്നിദ്ധ്യത്തിൽ നിന്നും, ആരെങ്കിലും അവിടേക്ക് ഇറങ്ങി ചെന്ന് അവർക്ക് യഥാർത്ഥ വിടുതൽ കാണിക്കാൻ വേണ്ടിയാണ്. അവരെ ഒരു പള്ളിയിൽ ചേർക്കാനോ, അതല്ല കൈ പിടിച്ചു കുലുക്കി മതവിശ്വാസം പറയിക്കുകയോ ചെയ്യാതെ, അവരുടെ പ്രാണന് വിടുതൽ നൽകാൻ കഴിയുന്ന; ഏതെങ്കിലും നല്ല ദൈവ ഭക്തനായ മനുഷ്യൻ. അതെ, യെശയ്യാവ് തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞപ്പോൾ ശുദ്ധീകരിക്കപ്പെട്ടു.

67 തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ്, യാക്കോബ് രാത്രി മുഴുവനും മല്ലിട്ടു, അവൻ ആയിരുന്ന സ്ഥലം നിങ്ങൾ ഓർക്കുന്നോ? അതിനെ പെനിയേൽ, പി-ഇ-എൻ-ഐ-ടി-എൽ, പെനിയേൽ എന്നാണ് വിളിച്ചിരുന്നത്. എബ്രായ ഭാഷയിൽ, *പെനിയേൽ* എന്ന വാക്കിന്റെ, അർത്ഥം "സർവശക്തനായ ദൈവത്തിന്റെ മുഖം." യാക്കോബ്, ചെറിയ മനസ്സാക്ഷി ഇല്ലാത്തവനായി എല്ലാം ചെയ്തിട്ട് ഓടിപ്പോയി...അവന്റെ പേര് *യാക്കോബ്* എന്നായിരുന്നു, അതിന്റെ അർത്ഥം "ഉല്ലംഘിക്കുന്നവൻ," അതായത് വഞ്ചകൻ, തന്റെ ജീവിതകാലം മുഴുവൻ, ദൈവത്തിൽ നിന്ന് അകന്നു പോയെങ്കിലും, പെനിയേലിൽ വെച്ച് ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരു പ്രാവശ്യം കിട്ടിയപ്പോൾ, ദൈവ മുമ്പാകെ, അവന് ദൈവത്തിൽ ഒരു പിടിത്തമിടുകയും അവനെ വിട്ടതുമില്ല. ദൈവമേ, ഞങ്ങൾക്ക് കൂടുതൽ യാക്കോബുമാരെ ആവശ്യമുണ്ട്. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ,

ദൈവത്തിന്റെ മുമ്പിൽ അവൻ അവനെ മുറുകെപ്പിടിച്ച്, സൂര്യോദയം വരെ അവിടെത്തന്നെ നിന്നു. ദൈവം പറഞ്ഞു, "സൂര്യൻ ഉദിച്ചു വരുന്നതിനാൽ, എന്നെ പോകാൻ അനുവദിക്കൂ." സൂര്യപ്രകാശം വരുന്നതു വരെ അവൻ ദൈവ മുമ്പാകെ നിന്നു, പക്ഷേ അവൻ നീതിമാനായി രക്ഷപ്പെട്ടവനായി കടന്നു പോയി. ഏ.

68 ഓ, അത് എന്തൊരു വലിയ കാര്യമായിരുന്നു, ഇപ്പോൾ, അവൻ രാത്രി മുഴുവനും മല്ലിട്ടു എന്നു അറിയാൻ കഴിയുന്നത്. അതായത്, അവൻ ദൈവത്തിന്റെ അടയാളങ്ങൾ കണ്ടു, അവൻ ദൈവത്തെക്കുറിച്ച് സ്വപ്നങ്ങൾ കാണുമായിരുന്നു, എന്നാൽ അവൻ ഈ സമയം ദൈവത്തിന്റെ മുമ്പിൽ ആയിരുന്നു, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ. സുഹൃത്തുക്കളേ, അതിനെപ്പറ്റി ചിന്തിക്കൂ. ഇപ്പോൾ, നാം വേഗത്തിലാക്കാൻ പോകുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ, ഒരു മനുഷ്യൻ മാറ്റപ്പെടുന്നു. യാക്കോബ് മാറ്റപ്പെട്ടിരുന്നു. ഇപ്പോൾ അവന് ദൈവത്തോടൊപ്പം നടക്കാൻ കഴിഞ്ഞിരുന്നു. അതെ, അവൻ അവിടെ പോയപ്പോൾ ആയിരുന്നതിനേക്കാൾ വ്യത്യസ്തമായ ഒരു മനുഷ്യനായി മാറിയിരുന്നു. യുദ്ധം ഇപ്പോൾ അവസാനിച്ചു കഴിഞ്ഞിരുന്നു. അതെ, സർ. അവൻ ഒരു ബലിപീഠം പണിയാൻ തുടങ്ങുന്നു. നിങ്ങൾ അറിയുന്നതു പോലെ, അവൻ ബലിപീഠങ്ങൾ പണിതിരുന്നില്ല. പക്ഷേ, ഞാൻ നിങ്ങളോടു പറയട്ടെ, നിങ്ങൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വരുമ്പോൾ, എവിടെയെങ്കിലും ഒരു ബലിപീഠം പണിയാൻ നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് പ്രാർത്ഥിക്കാൻ കഴിയുന്ന ഒരു സ്ഥലം നിങ്ങൾ എവിടെയെങ്കിലും കണ്ടെത്താൻ ആഗ്രഹിക്കുന്നു. അവൻ ഒരു ബലിപീഠം പണിതു. അവൻ ശുദ്ധീകരിക്കപ്പെട്ടിരുന്നു, ദൈവം ജയിച്ചു കഴിഞ്ഞിരുന്നു.

69 യാക്കോബ് *യാക്കോബിൽ* നിന്ന് "ചതിയനിൽ," നിന്ന് *യിസ്രായേലായി* മാറ്റപ്പെട്ടിരുന്നു, "ദൈവത്തിന്റെ ശക്തിയുള്ള, ഒരു രാജകുമാരൻ." അതാണ് യാക്കോബിന് സംഭവിച്ചത്. ചതിയൻ, വഞ്ചകൻ, അനീതി ചെയ്തവൻ, അശുദ്ധൻ, വഞ്ചകൻ, തന്റെ സഹോദരനെ വഞ്ചിച്ചവൻ, അത് ആയിരുന്നിട്ട്, തന്റെ സഹോദരനിൽ നിന്ന്, ജന്മാവകാശം മോഷ്ടിച്ച്, അത് ചെയ്യാൻ ഒരു ചെറിയ വൃത്തികെട്ട മാർഗം എടുത്തു, അത്തരമൊരു വഞ്ചകൻ ആയിരുന്നു. അവൻ തന്റെ അമ്മായിയപ്പനെ വഞ്ചിച്ചു. പശുക്കൾ ചനയേൽക്കാനായി അവിടേക്ക് വരുമ്പോൾ, വരയും പുള്ളിയുമുള്ള കാളക്കുട്ടികൾക്കായി അവൻ അവിടെ പുന്ന വൃക്ഷത്തിന്റെ കൊമ്പുകളെ വെട്ടിയിട്ടിരുന്നിട്ട്, അതിലേക്ക് നോക്കി, ആടുകൾ...ആ പുള്ളിയുള്ള കൊമ്പുകളിലേക്ക് നോക്കി പുള്ളികളുള്ള കന്നുകാലികളെ

പ്രസവിച്ചു, അവയ്ക്ക് ജന്മചിഹ്നങ്ങൾ നൽകിയിരുന്നു. വഞ്ചകൻ, സ്വന്തം അമ്മായിയപ്പനെ വഞ്ചിച്ചവൻ. അവന്റെ അമ്മയെ വഞ്ചിച്ചു, അവന്റെ അപ്പനെ വഞ്ചിച്ചു, അവന്റെ സഹോദരനെ വഞ്ചിച്ചു, പക്ഷേ ഒരിക്കൽ അവൻ അതിൽ കടന്നപ്പോൾ...അവൻ ഒരു മനസ്സാക്ഷി ഇല്ലാത്തവൻ ആയിരുന്നു. അവൻ പോയിരുന്നിടത്തേക്കെല്ലാം അവൻ ഓടിയിരുന്നു, എല്ലായ്പ്പോഴും ദൈവത്തിൽ നിന്ന് ഓടിയിരുന്നു, അവൻ അവന്റെ സഹോദരനിൽ നിന്ന് ഓടിപ്പോയിരുന്നു. എന്നാൽ അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നപ്പോൾ, അവൻ ഒരു പാപിയാണെന്നു അവൻ തിരിച്ചറിഞ്ഞു. അവൻ എന്തു ചെയ്തു? അവൻ ചെയ്തത് എന്താണ്? അവൻ തന്റെ അവസരത്തെ കണ്ടു. മുമ്പ് ചിന്തിക്കുക പോലും ചെയ്യാത്ത ഒരു കാര്യം അവൻ കണ്ടു, സകല പാപങ്ങളും ഇല്ലാതാകുവോളം അവൻ അവിടെ തന്നെ നിന്നു. ഓ, എന്റെ! ദൈവം അവനെ തന്റെ സ്വന്തം സാന്നിദ്ധ്യത്തിൽ കൊണ്ടുവന്നു.

70 മനുഷ്യരെ അവരുടെ സാന്നിദ്ധ്യത്തിൽ കൊണ്ടു വരാനുള്ള ഒരു മാർഗം ദൈവത്തിന്റെ കയ്യിലുണ്ട്, അപ്പോൾ അവർ അവരുടെ തീരുമാനമെടുക്കുന്നു. അവരിൽ ചിലർ അവനിൽ നിന്ന് ഓടിപ്പോകുന്നു, ചിലർ അവനിലേക്ക് ഓടുന്നു. അവർ ജീവങ്കലേക്ക് മുൻനിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അവർ അത് വിശ്വസിക്കുകയും, അവർ അതിൽ തൂങ്ങിക്കിടക്കുകയും ചെയ്യും. അവർ ഇല്ലെങ്കിൽ, അവർ രക്ഷപ്പെടാൻ ശ്രമിച്ചിട്ട് പറയും, "അതിൽ യാതൊന്നും ഇല്ല." കണ്ടോ? അതാണ് ആ നഷ്ടപ്പെട്ട വ്യക്തി. "തന്റെ പാപം ഏറ്റുപറയുന്നവന്, ക്ഷമ ലഭിക്കും. നിങ്ങൾ നിങ്ങളുടെ പാപം മറച്ചു വെച്ചാൽ, നിങ്ങൾക്ക് ശുഭം വരികയില്ല." ഇല്ല.

71 അങ്ങനെ യാക്കോബ്, അടുത്ത ദിവസം യാക്കോബ് തന്റെ സഹോദരനായ ഏശാവിനെ കണ്ടുമുട്ടിയത്, നിങ്ങൾക്കറിയാം. അപ്പോൾ അവനിൽ നിന്നും അവനു ഒരു സഹായവും ആവശ്യമില്ലായിരുന്നു. അവന്റെ സൈന്യങ്ങൾ അവന് ആവശ്യമില്ലായിരുന്നു. അവൻ ബലിപീഠങ്ങൾ പണിയാനുള്ള ജോലിയിലായിരുന്നു. അവൻ പിന്നൊരിക്കലും ഏശാവിനെ ഭയപ്പെട്ടില്ല.

72 സങ്കീർത്തനങ്ങൾ 16:8-ൽ, ദാവീദ് പറഞ്ഞു, "ഞാൻ എപ്പോഴും കർത്താവിനെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു." അത് ചെയ്യുന്നത് ഒരു നല്ല കാര്യമാണ്. സങ്കീർത്തനങ്ങൾ 16:8, "ഞാൻ എപ്പോഴും കർത്താവിനെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു." അതിനാൽ, അവന് അതിനെക്കുറിച്ച് ആശയക്കുഴപ്പമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല.

അവന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് ബോധവാനാകാൻ അവൻ ആഗ്രഹിച്ചിരുന്നു, അതിനാൽ ദാവീദ് പറഞ്ഞു, “ഞാൻ എപ്പോഴും കർത്താവിനെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. ഇപ്പോൾ ഞാൻ, ദാവീദ്, എപ്പോഴും ദൈവത്തെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു, എപ്പോഴും ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ ബോധമുള്ള—ബോധമുള്ളവൻ ആകുന്നു.” ഇന്ന് രാത്രിയിൽ അതു നമുക്കെല്ലാവർക്കും ഒരു നല്ല പാഠമായിരിക്കില്ലേ? കർത്താവിനെ നമ്മുടെ മുമ്പിൽ വെച്ചിരിക്കുക അങ്ങനെ നാം അവന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് ബോധവാന്മാരാകും. അവനെ ആദ്യം വെയ്ക്കൂ. എന്തുകൊണ്ട്? നിങ്ങളുടെ മുമ്പിൽ, അവനെ വെയ്ക്കൂ. എന്തുകൊണ്ട്? നിങ്ങൾ നിരന്തരം ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണെന്ന് നിങ്ങൾ തിരിച്ചറിയുമ്പോൾ പിന്നെ നിങ്ങൾ പാപം ചെയ്യില്ല. ദൈവം നിങ്ങളുടെ ചുറ്റും ഉണ്ടെന്ന് നിങ്ങൾ തിരിച്ചറിയുമ്പോൾ, നിങ്ങൾ പറയുന്നത് നിങ്ങൾ നിരീക്ഷിക്കും.

73 ഒരു മനുഷ്യൻ, ദൈവം പോയിക്കഴിഞ്ഞിരിക്കുന്നു എന്ന് അവൻ വിചാരിക്കുമ്പോൾ, അവൻ ശപിക്കും, അവൻ സ്ത്രീകളെ മോഹിക്കും, അവൻ ചെയ്യും...അവൻ മോഷ്ടിക്കും, ചതിക്കും, കള്ളം പറയും. ദൈവം അവനെ കാണുന്നില്ലെന്ന് അവൻ വിചാരിക്കുമ്പോൾ അവൻ എന്തും ചെയ്യും. എന്നാൽ അവനെ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് കൊണ്ടുവരൂ, അവൻ അപ്പോൾ തന്നെ അത് നിർത്തും. കണ്ടോ? അങ്ങനെ ദാവീദ് പറഞ്ഞു, “ഞാൻ എപ്പോഴും കർത്താവിനെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു.” അതൊരു നല്ല കാര്യമാണ്. അവൻ ദൈവത്തിന്റെ ഹൃദയത്തിനു ബോധിച്ച ഒരു മനുഷ്യനാണെന്ന് അവൻ പറഞ്ഞതിൽ അതിശയിക്കാനില്ല. ദൈവം അടുത്തില്ലെന്ന് മനുഷ്യൻ വിചാരിക്കുമ്പോൾ അവൻ സകലതും ചെയ്യും. എന്നാൽ ദൈവം അടുത്താണെന്നു അവൻ തിരിച്ചറിയുമ്പോൾ, നിങ്ങൾ എപ്പോഴെങ്കിലും ഒരു പാപിയെ ശ്രദ്ധിച്ചിട്ടുണ്ടോ? ഒരു ദൈവ ഭക്തനായ വ്യക്തി അടുത്തേക്ക് നടന്നു ചെല്ലട്ടെ, അവനു എന്തെങ്കിലും ആദരവ് ഉണ്ടെങ്കിൽ, അവൻ തന്റെ ശപിക്കൽ ഉപേക്ഷിക്കും. കണ്ടോ? അവൻ പറഞ്ഞിരുന്ന വൃത്തികെട്ട തമാശകൾ പിന്നെ അവൻ പറയുകയില്ല. കണ്ടോ? നോക്കു, അവൻ അത് ഉപേക്ഷിക്കും, കാരണം അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണെന്ന് അവൻ അറിയുന്നു, കാരണം ദൈവം അവന്റെ ജനത്തിന്റെ കൂടാരത്തിൽ വസിക്കുന്നു. കണ്ടോ?

74 ദാവീദ് ഇതു ചെയ്തശേഷം, അവൻ പറഞ്ഞു, “എന്റെ ഹൃദയം സന്തോഷിച്ചു.” സങ്കീർത്തനങ്ങൾ 16, നിങ്ങൾ ഇത് വായിക്കണമെന്ന്

ഞാൻ ആഗ്രഹിക്കുന്നു. "എന്റെ ഹൃദയം സന്തോഷിച്ചു, എന്റെ ജഡവും നിർഭയമായി വസിക്കും." എന്തുകൊണ്ട്? എന്നെ എപ്പോഴും ദൈവത്തിന്റെ മുമ്പിൽ വെച്ചിരിക്കുന്നതിനാൽ എന്റെ ഹൃദയം സന്തോഷിച്ചു. "എന്റെ ജഡവും നിർഭയമായി വസിക്കും; ഞാൻ മരിച്ചാൽ, ഞാൻ വീണ്ടും ഉയിർത്തെഴുന്നേൽക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല, നിന്റെ പരിശുദ്ധനെ ദ്രവത്വം കാണാൻ സമ്മതിക്കയുമില്ല." കണ്ടോ? ദാവീദ് ദൈവത്തെ അവന്റെ മുമ്പിൽ വെച്ചപ്പോൾ, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിരന്തരം ആയിരുന്നു എന്ന് അവൻ ബോധവാനായിരുന്നു. "മുമ്പേ ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക."

75 ഇപ്പോൾ ശ്രദ്ധിക്കു, സഭയെ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ ഇപ്പോൾ ഞാൻ പറയുന്നത് ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മാക്കൊല്ലോ സഹോദരൻ പറയാറുള്ളതു പോലെ, "ഞാൻ ഒരു കാര്യം പറയാൻ പോകുന്നു." എല്ലായ്പ്പോഴും കർത്താവിനെ നിങ്ങളുടെ മുമ്പിൽ വെയ്ക്കു, അവന്റെ സാന്നിദ്ധ്യത്തിൽ നിങ്ങൾ ചെയ്തു കൂടാത്ത ഒന്നും നിങ്ങൾ ചെയ്യരുത്, കാരണം അവൻ നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. കണ്ടോ? അവനെ ഭയപ്പെടുന്നവർക്കു ചുറ്റും കർത്താവ് പാളയമിറങ്ങി അവരെ വിടുവിക്കുന്നു. അവൻ ഇല്ല...അവൻ നിങ്ങളുടെ അടുത്ത് തന്നെ നിൽക്കുന്നു. നിങ്ങൾ ചെയ്യുന്നതെല്ലാം അവനറിയാം, നിങ്ങൾ അത് തികച്ചും തിരിച്ചറിയണം. നിങ്ങൾ ഒരു കളവ് പറയാൻ തുടങ്ങിയാൽ, അത് ചെയ്യരുത്, ഓർക്കു, ദൈവം നിങ്ങളെ കേൾക്കുന്നു. നിങ്ങൾ ഒരു ചെറിയ ചതി ചെയ്യാൻ തുടങ്ങിയാൽ, നിങ്ങൾ അത് ചെയ്യരുത്, ദൈവം നിങ്ങളെ നോക്കുന്നു. നിങ്ങൾ അവന്റെ നാമം വൃഥാ എടുക്കാൻ തുടങ്ങിയാൽ, അത് ചെയ്യരുത്, ദൈവം നിങ്ങളെ ശ്രദ്ധിക്കുന്നു. ഒരു സിഗരറ്റ് വലിക്കാൻ തുടങ്ങിയാൽ, അവൻ നിങ്ങളെ നിരീക്ഷിക്കുന്നു. കണ്ടോ? അവന്റെ... ഞങ്ങൾ ഒരു ഗാനം ആലപിക്കാറുണ്ടായിരുന്നു, "പ്രാണന്റെ യഥാർത്ഥ വാസ സ്ഥലത്തേക്കുള്ള വഴിയിലുടനീളം, ഒരു കണ്ണ് നിങ്ങളെ നോക്കുന്നു; നിങ്ങൾ എടുക്കുന്ന ഓരോ ചുവടും, ഈ മഹത്തായ കണ്ണ് ഉണർന്നിരിക്കുന്നു, നിങ്ങളെ നിരീക്ഷിക്കുന്ന ഒരു കാണുന്നു." ഓർക്കു, ദാവീദിനെപ്പോലെ ചെയ്യു, കർത്താവിനെ എപ്പോഴും നിങ്ങളുടെ മുമ്പിൽ വെയ്ക്കു. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും നിങ്ങളുടെ ജഡം നിർഭയമായി വസിക്കുകയും ചെയ്യും. അതെ, സർ. ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നതിനാൽ അവൻ എഴുന്നേൽക്കുമെന്ന് അവന് അറിയാമായിരുന്നു. ശരിയാണ്.

76 നാം അവന്റെ സാന്നിദ്ധ്യത്തിൽ വരുമ്പോൾ, നാം മാറ്റപ്പെട്ടിട്ട്,

ഒരിക്കലും അതു പോലെ ആയിരിക്കുകയില്ല. കാലങ്ങളിലൂടെ, ഓരോ ജീവിത യാത്രയിലും, മനുഷ്യനെ നോക്കു. അബ്രഹാമിനെ നോക്കു. നിങ്ങൾ പറയും, "അതെ, മാറ്റപ്പെട്ട ജീവിതം ദൈവ ദാസന്മാർക്ക് മാത്രം ഉള്ളതാണ്." ഓ, അല്ല. മാറ്റപ്പെട്ട ജീവിതം എല്ലാവർക്കും ഉള്ളതാണ്. കണ്ടോ?

77 ഇപ്പോൾ, അബ്രഹാം ഒരു കൃഷിക്കാരനായിരുന്നു, എന്നാൽ ദൈവത്തിന്റെ ശബ്ദം അവനോട് സംസാരിക്കുന്നത് അവൻ കേട്ട്, ആ ദർശനം കണ്ടപ്പോൾ, ആ സമയം മുതൽ അവൻ ഒരു മാറ്റപ്പെട്ട മനുഷ്യനായി. അവൻ തന്റെ സ്വജനത്തിൽ നിന്നും, അവന്റെ എല്ലാ കൂട്ടാളികളിൽ നിന്നും സ്വയം വേർപെടുത്തി, അവൻ ഒരു തീർത്ഥാടകനും അപരിചിതനുമായി നടന്നിട്ട്, ഒരു പരദേശത്ത്, അവന്റെ ശേഷിച്ച ജീവിതകാലം, കൂടാരങ്ങളിൽ പർത്തു, കാരണം അവൻ ഒരു നഗരത്തെ അന്വേഷിക്കുകയാണെന്ന് അവൻ വ്യക്തമായി സമ്മതിച്ചു അതിന്റെ നിർമ്മാതാവും ശില്പിയും ദൈവം തന്നെ. ഒരു ദൈവമുണ്ടെന്ന് അവന് അറിയാമായിരുന്നു, എവിടെയെങ്കിലും ഒരു നഗരമുണ്ടായിരിക്കും അതിന്റെ ശില്പിയും നിർമ്മാതാവും ദൈവമായിരിക്കും. അതാണ് എബ്രായർ 11 നമ്മോട് പറയുന്നത്, ഒരു നഗരത്തെ അവൻ അന്വേഷിച്ചു അതിന്റെ ശില്പിയും നിർമ്മാതാവും ദൈവമായിരുന്നു. അവൻ ഒരു നിസ്സാരനായ കൃഷിക്കാരൻ ആയിരുന്നിട്ടും, അവൻ ഒരു മാറ്റപ്പെട്ട മനുഷ്യനായിരുന്നു. എന്നാൽ അവൻ ഒരു ദർശനം കണ്ടിട്ട് ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് വരികയും, അപ്പോൾ മുതൽ അവൻ ഒരു മാറ്റപ്പെട്ട മനുഷ്യനായി തീരുകയും ചെയ്തു.

78 മോശെ, അവൻ ഒരു ഇടയനായിരുന്നു, എന്നാൽ അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നപ്പോൾ അവൻ ഒരു മാറ്റപ്പെട്ട മനുഷ്യനായി തീർന്നു. ഒരു മുഴുവൻ സൈന്യം അവനോടൊപ്പം ഉണ്ടായിരുന്നിട്ടും, അവൻ ഭീരുവായിരുന്നു, അവൻ ഫറവോന്റെ അടുക്കൽ നിന്നും ഓടിപ്പോയി. എന്നാൽ തന്റെ കയ്യിൽ ഒരു വടിയുമായി, അവൻ തിരികെപ്പോയി മുഴുവൻ രാജ്യത്തെയും പിടിച്ചടക്കി. കണ്ടോ? എന്തുകൊണ്ട്? അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നിരുന്നു. അവൻ ഒരു ഇടയനിൽ നിന്നും, മാറ്റപ്പെട്ട ഒരു മനുഷ്യനായി തീർന്നിരുന്നു.

79 ഒരു മീൻ പിടിത്തക്കാരനായ, പത്രൊസ്, മീൻ പിടിത്തത്തെക്കുറിച്ച് ഒന്നും അറിയാതെ...അഥവാ ദൈവത്തെക്കുറിച്ച് ഒന്നും അറിയാതെ, മീൻ എങ്ങനെ പിടിക്കാമെന്നത് അവന് ഒരുപക്ഷേ അറിയാമായിരുന്നു. എന്നാൽ അവൻ ദൈവത്തിന്റെ

സാന്നിദ്ധ്യത്തിൽ വന്നപ്പോൾ, മീനിനെ സൃഷ്ടിക്കാൻ കഴിവുള്ള മഹാനായ സൃഷ്ടാവിനെ കണ്ടു, അവൻ മീൻ പിടിക്കാനായി വലകൾ ഇറക്കാൻ അവനോടു പറഞ്ഞപ്പോൾ ആയിരുന്നു. അവിടെ ഒരു മീനും ഉണ്ടായിരുന്നില്ല, അവൻ തന്റെ വലയെ വലിച്ചു കയറ്റിയിരുന്നു. പക്ഷേ അവൻ പറഞ്ഞു, "കർത്താവേ, നിന്റെ വാക്കിനാൽ, നീ ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു, നീ അനുവദിച്ചിട്ട്... ഞാൻ വലയിറക്കിയാൽ, അതു ചെയ്യുന്നതിനായി നീ എന്നോടു പറഞ്ഞു; നിന്റെ വാക്കിനാൽ, കാരണം നീയും നിന്റെ വചനവും ഒന്നു തന്നെ, ഞാൻ വലയിറക്കുന്നു." അവൻ വലിക്കാൻ തുടങ്ങുമ്പോൾ അവൻ പറഞ്ഞു, "കർത്താവേ, ഞാൻ ഒരു പാപിയായ മനുഷ്യൻ, എന്നെ വിട്ടുപോകേണമേ." നോക്കൂ, ഒരു മീൻ പിടിത്തക്കാരനായ, പത്രൊസ് ക്രിസ്തുവിനെ കണ്ടുമുട്ടിയതിനു ശേഷം അവൻ ഒരിക്കലും അങ്ങനെ ആയിരുന്നില്ല. അവൻ, അതിനുശേഷം, ദൈവത്തോട് വളരെ സത്യസന്ധനായിരുന്നു, രാജ്യത്തിന്റെ താക്കോലുകൾ അവന് നൽകി. അതെ, സർ.

80 പൌലൊസ്, സ്വയം- വിശേഷിപ്പിച്ച പരീശൻ, മതത്തിലും വിദ്യാസമ്പന്നനുമായി സകല പരിശീലനവും നേടി...അക്കാലത്ത് ലോകത്ത് ഉണ്ടായിരുന്നവരിൽ ഉൾപ്പെട്ടിരുന്ന്, ഭൂമിയിൽ ഏറ്റവും അറിയപ്പെടുന്ന പണ്ഡിതന്മാരിൽ ഒരാൾ ആയിരുന്നു. എന്നാൽ ഒരു ദിവസം അവൻ ആ അഗ്നിസ്തംഭനത്തിനു മുമ്പിൽ വന്നപ്പോൾ, അജ്ഞതയാൽ, അവൻ ദൈവത്തെ ഉപദ്രവിച്ചു പോന്നു. അവൻ ഒരു പരീശനായിരുന്നു, ദൈവം ഒരു മനുഷ്യനായിരുന്നു എന്നു അവൻ വിശ്വസിച്ചിരുന്നില്ല. ദൈവം അഗ്നിസ്തംഭമാണെന്ന് അവന് അറിയാമായിരുന്നു, അത് തന്റെ ജനത്തെ മിസ്രായീമിൽ നിന്ന് പുറപ്പെടുവിച്ച്, അത് അവരോട് എല്ലാവരോടും കൂടെ ഉണ്ടായിരുന്നു. എന്നാൽ ഈ അഗ്നിസ്തംഭം കണ്ടപ്പോൾ, അവൻ സാഷ്ടാംഗം വീണു. ഒരു ശബ്ദം അവനോടു ചോദിക്കുന്നതും കേട്ടു, "ശൌലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?"

ചോദിച്ചു, "കർത്താവേ, നീ ആരാണ്?"

81 അവൻ പറഞ്ഞു, "ഞാൻ യേശു ആകുന്നു." അവൻ ഒരു മനുഷ്യനായിരുന്നു, അതിനാൽ ചോദിച്ചു, "നിങ്ങൾ സ്നാനമേറ്റത് എങ്ങനെ?" അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നു. അന്നു മുതൽ അവൻ ഒരു മാറ്റപ്പെട്ട മനുഷ്യനായി തീർന്നു, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നു. അത് ഒരു മനുഷ്യനെ മാറ്റുന്നു.

82 ചാൾസ് ജി. ഫിന്നി, ഒരു അഭിഭാഷകൻ, ഫിലഡൽഫിയായിലെ ഒരു ശ്രേഷ്ഠ അഭിഭാഷകൻ, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നപ്പോൾ അവൻ തന്റെ നിയമ പഠനം ഉപേക്ഷിച്ച ഈ രാജ്യത്ത് ഇതു വരെയും ഉണ്ടായിട്ടില്ലാത്ത ഏറ്റവും ശക്തനായ ഒരു പ്രാസംഗികനായി മാറി.

[ടേപ്പിലെ ശൂന്യമായ ഇടം—Ed.]...ഒരു പ്രാസംഗികനായിരുന്നു, എന്തുകൊണ്ടെന്നാൽ ഒരു ദിവസം അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നിരുന്നു. ഒരിക്കൽ, അവൻ ശുശ്രൂഷക്കായി പഠിക്കുമെന്ന്, അവൻ കരുതി. അവന്റെ പുസ്തകം നിങ്ങൾക്കറിയാം. എനിക്ക് അവന്റെ ആത്മകഥ കിട്ടിയിട്ടുണ്ട്. അവൻ പ്രാർത്ഥിക്കാൻ പുറപ്പെട്ടു. താൻ ഒരു പ്രാസംഗികനാണെന്ന് അവൻ കരുതിയിരുന്നു. അവന് ഒരു ആഗ്രഹമുണ്ടായിരുന്നു, അതിനാൽ അവൻ പ്രസംഗിക്കാൻ ആഗ്രഹിച്ചിരുന്നു, കൂടാതെ പ്രസംഗിക്കാൻ ശ്രമിച്ചിട്ട് കുറച്ച് പ്രഭാഷണങ്ങളും അവനുണ്ടായിരുന്നു. അവൻ ഒരു ദിവസം, തന്റെ കാര്യാലയത്തിൽ നിന്ന്, പ്രാർത്ഥനക്കായി, കാട്ടുകളിലേക്ക് പോയി. അവൻ ഒരു പഴയ ഉലഞ്ഞ മരത്തിന്റെ കീഴിൽ ഇരുന്നു, അവിടെ അവൻ എല്ലാ ദിവസവും ഉച്ച കഴിയുമ്പോൾ പോകുമായിരുന്നു. വളരെ മത ഭക്തനായിരുന്നു, എന്നാൽ അവൻ അതിൽ വിശ്വസിച്ചിരുന്നില്ല.

അവിടെ ആലയത്തിൽ രണ്ട് സ്ത്രീകൾ ഉണ്ടായിരുന്ന്, തുടർച്ചയായി പറയുമായിരുന്നു, "ശ്രീമാൻ ഫിന്നി, നിങ്ങൾക്ക് പരിശുദ്ധാത്മാവ് ലഭിക്കാനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു."

അവൻ പറഞ്ഞു, "എനിക്ക് പരിശുദ്ധാത്മാവ് കിട്ടിയിട്ടുണ്ട്." പറഞ്ഞു, "ഞാൻ ഒരു പ്രാസംഗികനാണ്."

83 പറഞ്ഞു, "ശ്രീമാൻ ഫിന്നി, നിങ്ങൾ ഒരു ശ്രേഷ്ഠ മനുഷ്യനാണ്, നിങ്ങൾക്ക് വചനത്തിൽ വലിയൊരു പിടിത്തം കിട്ടിയിട്ടുണ്ട്, പക്ഷേ നിങ്ങൾക്ക് പരിശുദ്ധാത്മാവ് ആവശ്യമാണ്. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു." മനോഹരികളായ സ്ത്രീകൾ.

84 അങ്ങനെ അവൻ തുടർന്നും, മുന്നോട്ട് പോയി. അങ്ങനെ എല്ലാ ദിവസവും അവൻ തന്റെ കാര്യാലയത്തിൽ നിന്നും, അവന്റെ തലവന്റേയും അവിടെ ജോലിചെയ്യുന്ന എല്ലാവരുടെയും അടുക്കൽ നിന്നും പുറകിലേക്ക് പോകുമായിരുന്നു, അവൻ തന്റെ നിയമ കാര്യാലയത്തിൽ നിന്ന് പുറത്തേക്കു പോയി പ്രാർത്ഥിക്കാൻ അവിടേക്ക് പോകും. ഒരു ദിവസം അവൻ അവിടെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു കുറ്റിക്കാട് ഒടിക്കുന്നതു പോലെ അവൻ കേട്ടു.

അവനെ അന്വേഷിച്ചു കൊണ്ട്, തന്റെ തലവൻ വരികയാണെന്ന് അവൻ കരുതി. അവൻ വേഗത്തിൽ ചാടി എഴുന്നേറ്റു. അവൻ ഇങ്ങനെ പറയുകയായിരുന്നു, “കർത്താവാം ദൈവമേ, ഞാൻ നിന്നെ വിശ്വസിക്കുന്നു.” കുറച്ച് കുറ്റിച്ചെടികൾ കൂടെ ഒടിച്ചു മാറ്റിയപ്പോൾ, അവനു കിട്ടിയിരുന്നു, “ഉം! ഉം! ഉം!” എഴുന്നേറ്റിട്ട്, ചുറ്റും നോക്കിയിട്ട്, കുറ്റിച്ചെടികൾ ഒടിക്കുന്നത് എന്താണെന്നു നോക്കി. അപ്പോഴാണ് അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നത്. ആ കുറ്റിച്ചെടി ഒടിച്ചത് ഒരു ഉദ്ദേശത്തോടെയാണെന്നു അവൻ തിരിച്ചറിഞ്ഞു. അവൻ അവിടെ നിൽക്കുമ്പോൾ, അവന്റെ കവിളുകളിൽ കൂടെ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. അവൻ പറഞ്ഞു, “ഒരുപക്ഷേ ആ സ്ത്രീകൾ ശരിയായിരിക്കാം. എന്റെ ദൈവത്തോട് ഞാൻ സംസാരിക്കുന്നത് ആരെങ്കിലും കാണുന്നതിൽ ഞാൻ ലജ്ജിച്ചിരുന്നു, പക്ഷേ എന്റെ തലവനുമായി ഞാൻ സംസാരിക്കുന്നത് ആരെങ്കിലും കാണുന്നത് ഒരു ബഹുമതിയാണെന്ന് ഞാൻ കരുതി. എന്റെ തലവനെക്കാൾ എത്ര വലിയവനാണ് എന്റെ കർത്താവ്!” “കർത്താവേ, എന്നോട് ക്ഷമിച്ച് പരിശുദ്ധാത്മാവിനാൽ എന്നെ നിറക്കേണമേ,” എന്ന് പറഞ്ഞു, അലറി വിളിക്കാനും കരയാനും തുടങ്ങി. അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലായിരുന്നു. അവൻ തന്റെ കാര്യാലയത്തിലേക്ക് അതിവേഗം ഓടിപ്പോയി. അവനു കഴിയാവുന്നതിലും ഉച്ചത്തിൽ അവൻ കതകിന്റെ വെളിയിൽ വെച്ചു നിലവിളിച്ചുകൊണ്ട്, പറഞ്ഞു, “കർത്താവേ, ഞാൻ നിനക്ക് അപമാനത്തെ കൊണ്ടുവരും. വ്യക്തമായി പറയാൻ സാധിക്കുന്നതു വരെ എന്നെ ഇവിടെ ഒളിപ്പിക്കു.” എന്തുകൊണ്ട്? അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നിരുന്നു. അവൻ ഒരു മാറ്റപ്പെട്ട മനുഷ്യനായിരുന്നു. അവൻ പ്രസംഗിച്ചിരുന്ന അതേ പ്രഭാഷണങ്ങൾ, അതേ പ്രസംഗങ്ങൾ അവൻ പ്രസംഗിച്ചപ്പോൾ പ്രാണനുകൾ ബലിപീഠത്തിലേക്ക് എത്തിയിരുന്നു. നോക്കു, അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നു.

85 ഒരു വൃദ്ധനായ ചെരുപ്പു കുത്തി, മൂഡിക്ക്, അവന്റെ എബിസികൾ പോലും അറിയില്ലായിരുന്നു. അത് ശരിയാണ്. അവന്റെ വ്യാകരണം മോശമായിരുന്നു. ഒരു ദിവസം അവനോട് ആരോ പറഞ്ഞു, “നിങ്ങളുടെ വ്യാകരണം വളരെ മോശമാണ്, ശ്രീമാൻ മൂഡി.”

അവൻ പറഞ്ഞു, “എന്നാൽ ഞാൻ അതുമായി ആത്മാക്കളെ നേടുന്നു.” അതിനാൽ...

86 ഒരു ദിവസം പത്രങ്ങൾ, പത്രാധിപർ പത്രത്തിൽ എഴുതാനായി പോയി. ഏത് സാഹചര്യത്തിലും ഈ മനുഷ്യന് ജനക്കൂട്ടത്തെ പിടിക്കാൻ കഴിയുന്നതെന്നു എങ്ങനെ എന്നു കാണാൻ അവൻ

അവിടേക്ക് പോയി, ചെറിയ വൃദ്ധൻ, കഷണ്ടി-തലയും, മറ്റെല്ലാമായിട്ട്, ഒപ്പം താഴേക്ക് തൂങ്ങിക്കിടക്കുന്ന താടി മീശയും ഉണ്ടായിരുന്നു, ഒരു തരത്തിലെ കുട-വയറനായി, അവൻ കാഴ്ചയ്ക്ക്-ഭയങ്കരനായ ഒരു മനുഷ്യനായിരുന്നു. അതിനാൽ ഈ പത്രം ശരിക്കും അവനെക്കുറിച്ച് ഒരു ലേഖനം എഴുതിയിട്ട്, പറഞ്ഞു, "ഡൈവ്റ്റ് മൂഡിയിൽ ലോകത്തിലെ ജനം എന്തു കാണുന്നു എന്നു എനിക്ക് കാണാൻ കഴിയുന്നില്ല." പറഞ്ഞു, "അവൻ കാഴ്ചയിൽ വിരൂപിയാണ്, ശബ്ദം ശോചനീയമാണ്, അവന്റെ അരക്കെട്ടോളം താടിയുണ്ട്, അവന് മത്തങ്ങ പോലെയുള്ള കഷണ്ടി-തലയാണുള്ളത്." പറഞ്ഞു, "ലോകത്തിലെ ആരും എപ്പോഴെങ്കിലും മൂഡിയിൽ എന്തെങ്കിലും കാണാൻ പോകുന്നത് എങ്ങനെയാണ്?"

87 അങ്ങനെ മൂഡിയുടെ മാനേജർ ഇത് കാണാൻ ഇടയായിട്ട്, പറഞ്ഞു, "നോക്കൂ, ശ്രീമാൻ മൂഡി, ഞാൻ ഇത് നിങ്ങൾക്കായി വായിച്ചു തരാം." മൂഡിക്ക് അത് സ്വയം വായിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ അവൻ പറഞ്ഞു, "ഞാൻ നിങ്ങൾക്ക് മുഖപ്രസംഗം വായിച്ചു താരം." അവൻ അത് എഴുതിയിരുന്നു.

88 മൂഡി തന്റെ തോൾ വെട്ടിക്കൊണ്ട്, പറഞ്ഞു, "തീർച്ചയായും ഇല്ല, അവർ ക്രിസ്തുവിനെ കാണാനാണ് വരുന്നത്." എല്ലാമായി അതായിരുന്നു. എന്തുകൊണ്ട്? അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നു. ജനങ്ങൾ നടന്നു തേച്ചുകളയുന്ന, ചെരുപ്പിന്റെ കാലിന്റെ ഉള്ളടി നിർമ്മിക്കുന്നതിൽ നിന്നും; അവൻ നിന്നുകൊണ്ട് ജനത്തെ സുവിശേഷ തയ്യാറെടുപ്പിന്റെ പാദരക്ഷ ധരിപ്പിച്ചിരുന്നു. എന്തുകൊണ്ട്? അവൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലായിരുന്നു. ശരി.

89 ഒരു കൊച്ചു സ്ത്രീ ഒരിക്കൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നു, അവൾക്ക് കഴിയാവുന്നതിലും ഏറ്റവും വലിയ കുറ്റവാളിയായിരുന്നു. അവൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണ് എന്ന് തിരിച്ചറിഞ്ഞ ആ നിമിഷത്തിൽ, സകല പാപവും ക്ഷമിക്കപ്പെട്ടു അവൾ താമര പോലെ ശുദ്ധമായി വെളുത്തു. ഓ, എന്റെ. എനിക്ക് ഇനിയും എത്രമാത്രം ആളുകളെ വിളിക്കാൻ കഴിയും, സമയം അനുവദിക്കുന്നില്ല.

90 എന്നാൽ എന്നെക്കുറിച്ച് അല്പം സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെക്കാൾ താഴെ മറ്റെന്താണ് ഉണ്ടായിരുന്നത്? ഞാൻ എവിടെയായിരുന്നു? മദ്യപാനികളുടെ ഒരു കുടുംബത്തിൽ നിന്ന് പുറത്തുവന്നു, കൊലപാതകികളുടെ കുടുംബത്തിൽ നിന്ന് പുറത്തുവന്നു, മദ്യം ഒളിച്ചു കടത്തുന്നവരുടെ കുടുംബത്തിൽ നിന്ന് പുറത്തുവന്നു. നിങ്ങൾക്ക് എല്ലാവർക്കും അറിയാം, ഞങ്ങൾക്ക് ഇവിടെ

ഏത് തരം പേരാണ് ഉണ്ടായിരുന്നത്, നിങ്ങൾക്കറിയാം. ജനങ്ങൾ തെരുവിൽ വെച്ച് ഞങ്ങളോട് സംസാരിച്ചിരുന്നില്ല. ആരോടെങ്കിലും സംസാരിക്കാനായി, എനിക്ക് പട്ടണത്തിന്റെ ആളൊഴിഞ്ഞ മൂലയ്ക്ക് പോകണം, ആരെങ്കിലും എന്റെ അടുത്ത് ഉണ്ടായിരുന്നാൽ മറ്റൊരാൾ എന്നോട് സംസാരിക്കില്ല. അവർ എന്നോട് സംസാരിക്കുമ്പോൾ, ആരെങ്കിലും വന്നാൽ, അവർ എന്നെ വിട്ട് പോകുമായിരുന്നു. ഞാൻ അവിടെ നിന്നിട്ട് കരയുമായിരുന്നു, "ഇല്ല, ഇത് അങ്ങനെയല്ല, അങ്ങനെയാകാൻ കഴിയില്ല. ഇത് തെറ്റാണ്."

91 എന്നാൽ ഒരു ദിവസം ഞാൻ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വന്നു. അവൻ എന്നെ മാറ്റി മറ്റൊരു തരത്തിലുള്ള മകനാക്കി തീർത്തു. അവന്റെ കൃപ എന്നെ അവന്റെ സാന്നിദ്ധ്യത്തിൽ കൊണ്ടുവന്നു. ഞാൻ ഒരിക്കലും ഇത് ഉപേക്ഷിക്കാൻ ആഗ്രഹിച്ചിട്ടില്ല. ഞാൻ ഇപ്പോൾ ഏകദേശം മുപ്പതിൽ-പരം വർഷങ്ങളായി ഇവിടെയുണ്ട്. ഇത് ഉപേക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ എല്ലായ്പ്പോഴും അവിടെ ഉണ്ടായിരിക്കും എന്ന ഉറപ്പ് എനിക്കുണ്ട്. മരണം പോലും എന്നെ ഒരിക്കലും അവന്റെ സാന്നിദ്ധ്യത്തിൽ നിന്ന് വേർപെടുത്തില്ല. ഇല്ല. ഞാൻ അവനോടൊപ്പം എന്നേക്കും ഉണ്ടായിരിക്കും. അവന്റെ സാന്നിദ്ധ്യം ഞാൻ ആദ്യമായി കണ്ടപ്പോൾ, യെശയ്യാവിനെപ്പോലെ ഞാൻ കരഞ്ഞു, "എനിക്ക് അയ്യോ കഷ്ടം." പിന്നെ അവന്റെ കൃപയാൽ അവൻ എന്നെ സ്പർശിച്ചു. ഞാൻ ഒരു മാറ്റപ്പെട്ട വ്യക്തിയായി. ഇവിടെ നിന്ന് പുറത്തേക്ക് പോയി സകലതുമായി തുടർന്നിരുന്ന ഒരു ചെറിയ വിശ്വാസഘാതകനിൽ നിന്നും, മാറ്റപ്പെട്ടു, അപ്പോൾ മുതൽ ഞാൻ അവന്റെ കുഞ്ഞായി തീർന്നു. അപ്പോൾ മുതൽ, എന്റെ ജീവിതകാലം മുഴുവൻ അവന്റെ സേവക്കായി നൽകാൻ ഞാൻ ആഗ്രഹിച്ചു, അവനു വേണ്ടി നൽകാൻ എനിക്ക് പതിനായിരം ജീവിതം കൂടി ലഭിക്കണമെന്നു ആഗ്രഹിക്കുന്നു. ഇത് ഇപ്പോൾ നന്നായി ക്ഷയിച്ചുകൊണ്ട്, അമ്പത്തി-മൂന്ന് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അതിലെ ഏകദേശം മുപ്പത്തി-മൂന്ന്, അല്ലെങ്കിൽ മുപ്പത്തി-രണ്ടും സുവിശേഷത്തിൽ ആയിരിക്കുന്നു. എനിക്ക് ചെലവഴിക്കാൻ കഴിയുന്ന മറ്റൊരു ആയിരം കൂടെ വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ട്? ഒരിക്കൽ ഞാൻ അവന്റെ സാന്നിദ്ധ്യത്തിലേക്ക് കടന്നപ്പോൾ സ്നേഹിക്കാൻ കൊള്ളരുതാത്തവരെ സ്നേഹിക്കുന്ന ആരോ ഉണ്ടെന്ന് തിരിച്ചറിഞ്ഞിട്ട്, മറ്റാരും സ്നേഹിക്കാത്തപ്പോൾ അവിടെ ആരോ ഒരാൾ എന്നെ സ്നേഹിച്ചിരുന്നു, മറ്റാരും എന്നെ ശ്രദ്ധിക്കാതിരുന്നപ്പോൾ എന്നെ ശ്രദ്ധിച്ചിരുന്ന ആരോ ഒരാൾ ഉണ്ടായിരുന്നു. ഞാൻ അവന്റെ ക്രൂശിന് ചുറ്റും എന്റെ കൈകൾ

ചുറ്റി, ഞാനത് എന്നിലേക്ക് പുണർന്നപ്പോൾ, ഞാനും അവനും ഒന്നായി തീർന്നു. അന്നു മുതൽ ഞാൻ അവനെ സ്നേഹിച്ചു തുടങ്ങി. എന്നെ സ്പർശിച്ചും എന്റെ പാപങ്ങൾ ക്ഷമിച്ചും, അവൻ എന്റെ മാറിനെയും ഹൃദയത്തെയും അവന്റെ രക്തത്താൽ കറ മാറ്റി, അവരിൽ ഒരാളാകാൻ കഴിഞ്ഞതിൽ ഇന്ന് രാത്രിയിൽ ഞാൻ സന്തോഷിക്കുന്നു. എന്നെ അനുനയിപ്പിക്കാനായി പ്രലോഭകൻ പലതവണ ശ്രമിച്ചിട്ടും, ഈ സ്വർഗ്ഗീയ സ്ഥലം വിട്ടുപോകാൻ ഞാൻ ഒരിക്കലും ആഗ്രഹിച്ചില്ല; എന്നാൽ ഞാൻ ദൈവത്തിന്റെ വിശ്രമ സ്ഥലത്ത് സുരക്ഷിതനായി, അവന്റെ സ്നേഹത്തിലും കൃപയിലും സന്തോഷിക്കുന്നു, ഞാൻ ഹല്ലെല്ലൂയയുടെ പക്ഷത്ത് ജീവിക്കുന്നു. എന്റെ! അത് എന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

92 ക്ഷീണിതരായ ഓരോരുത്തർക്കും ഞാൻ അവനെ ശുപാർശ ചെയ്യുന്നു. പ്രത്യാശയില്ലാത്ത നിങ്ങൾക്ക് ഞാൻ അതു ശുപാർശ ചെയ്യുന്നു. ഒരിക്കലും അവന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടായിരുന്നിട്ടില്ലാത്ത നിങ്ങൾ, നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും നിങ്ങൾ തെറ്റിലാണെന്ന് തിരിച്ചറിയുകയും ചെയ്യുക എന്നതാണ്, നിങ്ങളുടെ പാപങ്ങളെ എല്ലാം എടുത്തുകളയുന്ന, പരിശുദ്ധാത്മാവ് എന്നു വിളിക്കുന്ന, ദൂതനെ ഇന്ന് രാത്രിയിൽ ദൈവം നിയമിച്ചിരിക്കുന്നു. അപ്പോൾ നിങ്ങൾ നിലവിളിക്കും, "കർത്താവേ, ഇതാ ഞാൻ, എന്നെ അയച്ചാലും." പിന്നെ നിങ്ങൾ നിങ്ങളുടെ കൈകൾ ഉയർത്തി പാടും, "ഞാൻ അവനെ സ്തുതിക്കും! ഞാൻ അവനെ സ്തുതിക്കും! പാപികൾക്കായി കൊല്ലപ്പെട്ട കുഞ്ഞാടിനെ സ്തുതിക്കും. ജനങ്ങളായ നിങ്ങൾ എല്ലാവരും, അവനു മഹത്വം കൊടുക്കണം, അവന്റെ രക്തം ഓരോ കറയും കഴുകിക്കളഞ്ഞിരിക്കുന്നു." ഞാൻ അവനെ സ്നേഹിക്കുന്നു. നിങ്ങളും സ്നേഹിക്കുന്നില്ലേ? അവന്റെ സാന്നിദ്ധ്യത്തിൽ ജീവിക്കുക!

93 ഇന്ന് രാവിലെ ഞാൻ ഇവിടെ പുൾപ്പിറ്റിലെത്തി, വളരെ മോശമായി സുഖമില്ലാതെ തോന്നിയിരുന്നു...ഞാൻ—ഞാൻ കഴിഞ്ഞയാഴ്ച ഇവിടെ കെന്റക്കിയിൽ എന്റെ ചില സ്വകാര്യ സുഹൃത്തുക്കളോടൊപ്പം ഇരുന്നിരുന്നു. ഞാൻ വളരെക്കാലം അവിടെ ആയിരുന്നാൽ, അവർ എന്നെ കൊന്നുകളയും, എന്റെ ജീവിതത്തിൽ എനിക്ക് അറിയാവുന്ന ഏറ്റവും മികച്ച പാചകക്കാരാൽ, ദയയാൽ, അവർ കൊല്ലും എന്നത് തീർച്ചയാണ്. ഞാൻ എന്റെ ശേഷിയിലെത്തുമ്പോൾ, പിന്നെയും അധികമായി പോയിട്ട്, "ബ്രദർ ബ്രൺഹാം, നിങ്ങൾ ഇതിൽ നിന്നും ചിലത് എടുക്കില്ലേ?" ഇത് വളരെ നല്ലതായിട്ട്, ഞാനത് പരിഹരിക്കാൻ ശ്രമിക്കുകയാണ്. ഞാൻ

അത്രയും കഴിച്ചിട്ട് എനിക്ക് അനങ്ങാൻ പോലും കഴിയില്ല. എനിക്ക്—എനിക്ക് ഉറങ്ങാൻ കഴിയില്ല, അതുകൊണ്ട് ഞാൻ എഴുന്നേറ്റ് ചുറ്റിനും കുറച്ച് നേരം നടക്കും. ഇന്ന് രാവിലെ ഞാൻ ഇവിടെ എത്തിയപ്പോൾ എനിക്ക് വലിയ സുഖം തോന്നിയില്ല. പക്ഷേ ഒരിക്കൽ ഞാൻ അവന്റെ സാന്നിദ്ധ്യത്തിൽ വന്നപ്പോൾ, അത് അതിനെ പരിഹരിച്ചു. അത് അതിനെ പരിഹരിച്ചു, അതെല്ലാം അപ്രത്യക്ഷമായി എവിടെക്കോ പോയി. അത് ശരിയാണ്. ഓ, അവന്റെ സാന്നിദ്ധ്യത്തിൽ ജീവിക്കുക!

ഞാൻ അവനെ സ്തുതിക്കും, ഞാൻ അവനെ സ്തുതിക്കും,
പാപികൾക്കായി കൊല്ലപ്പെട്ട കുഞ്ഞാടിനെ സ്തുതിക്കും;
ജനങ്ങളെ എല്ലാവരും അവനെ മഹത്വപ്പെടുത്തുവിൻ,
അവന്റെ രക്തം സകല കറയും കഴുകിക്കളഞ്ഞിരിക്കുന്നു.

ഇപ്പോൾ നമുക്ക് നമ്മുടെ തലകളെ കുമ്പിടാം.

[ബ്രദർ ബ്രൺഹാം മൂളിപ്പാടാൻ തുടങ്ങുന്നു *ഞാൻ അവനെ സ്തുതിക്കും*—Ed.]

അവൻ എനിക്കായി വളരെയധികം ചെയ്തിരിക്കുന്നു.
അവൻ എന്റെ ലംഘനം ക്ഷമിച്ചു,
അവന്റെ രക്തം എൻ പാപത്തെ കഴുകിക്കളഞ്ഞു.

ഞാൻ അവനെ സ്തുതിക്കും, ഞാൻ അവനെ സ്തുതിക്കും,
പാപികൾക്കായി കൊല്ലപ്പെട്ട കുഞ്ഞാടിനെ സ്തുതിക്കും;
ജനങ്ങളെ എല്ലാവരും അവനെ മഹത്വപ്പെടുത്തുവിൻ,
അവന്റെ രക്തം ഓരോ കറയും കഴുകിക്കളഞ്ഞു.

[ബ്രദർ ബ്രൺഹാം മൂളിപ്പാടാൻ തുടങ്ങുന്നു *ഞാൻ അവനെ സ്തുതിക്കും*—Ed.]

94 ഇപ്പോൾ ഇന്ന് രാത്രിയിൽ നിങ്ങൾ ഇവിടെ ഉണ്ടെങ്കിൽ... അവന്റെ സാന്നിദ്ധ്യം ഇവിടെ ഉണ്ടെന്ന് എനിക്കറിയാം. കുറച്ചു മുമ്പ് അവിടെ നിൽക്കുമ്പോൾ, ഒരു ചെറിയ ചർച്ച് ഓഫ് ഗോഡ് പെൺകുട്ടിയോട്, ആ കൊച്ചു കുട്ടിക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്റെ മേൽ വന്നു. മാതാപിതാക്കൾ വന്നിരുന്നത് ആൻഡേഴ്സൺ ചർച്ച് ഓഫ് ഗോഡ് ക്യാമ്പ് ഗ്രൗണ്ടിൽ നിന്നായിരുന്നു. അവിടെയുള്ള മേൽവിചാരകൻ, കുട്ടിയെപ്പറ്റി, ഡോക്ടർമാർ പറഞ്ഞിരുന്നത് അറിഞ്ഞിരുന്നു, "കഴിഞ്ഞാൽ...രക്താർബുദം ബാധിച്ചതിനാൽ, ഉടൻ തന്നെ മരിക്കും." ആ ചെറിയ, കൊച്ചു സുന്ദരി പെൺകുട്ടി, ഇപ്പോൾ അവളുടെ അവസാന ഘട്ടങ്ങളിൽ ആയിരുന്നു. അവൾ അവിടെ

തിരിച്ചെത്തിയിട്ട് അവളുടെ ചെറിയ കൈ എന്റെ നേർക്ക് നീട്ടി, നീരിനാൽ മുഴുവനായി വീർത്തിട്ട്, അതിൽ സൂചികളും വസ്തുക്കളുമായി, നീല നിറമായിരുന്നു. ഞാൻ അവളെ നോക്കിയപ്പോൾ, ഞാൻ ഒരു ദർശനം കണ്ടു. മാതാപിതാക്കൾ അവിടെയിരുന്ന് ഒരു പുസ്തകം വായിക്കുകയായിരുന്നു. അവർക്ക് ഇതിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. അവിടെയുള്ള ക്യാമ്പിലെ പൊതു മേൽവിചാരകൻ അവരോട് പറഞ്ഞിട്ട്, കുട്ടിയെ ഇവിടെ താഴേക്ക് കൊണ്ടു വരികയായിരുന്നു. ഞങ്ങൾക്ക് ഒരു രോഗശാന്തി ശുശ്രൂഷ ഉണ്ടായിരിക്കുമ്പോൾ അവർ തിരിച്ചുവരാൻ ആഗ്രഹിച്ചിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു, "കുട്ടിയെ ഇപ്പോൾ കൊണ്ടുവരൂ," അങ്ങനെ നയിക്കപ്പെട്ടിരുന്നു.

95 ഞാൻ ശരിക്കും അവിടെ നിൽക്കുമ്പോൾ തന്നെ, പരിശുദ്ധാത്മാവ് പുറകിലേക്ക് പോയി കുട്ടിയുടെ ചരിത്രം മുഴുവനും പുറത്തു കൊണ്ടുവന്നു. അത് എങ്ങനെ സംഭവിച്ചു, അവർ എന്താണ് ചെയ്തത് എന്നതിനെക്കുറിച്ച് എല്ലാം പറഞ്ഞു. ഒരു പിയാനോ വായിക്കുന്നവൾ ആയിത്തീരുക എന്നതായിരുന്നു, കൊച്ചു പെൺകുട്ടിയുടെ അഭിലാഷം. ആ അമ്മ ഏതാണ്ട് നിലവിളിച്ചു കരഞ്ഞുപോയി. ആ ഡാഡി പറഞ്ഞു, "അത് ദൈവത്തിന്റെ സത്യമാണ്." കാറിൽ തന്നെ ഇരുന്നു ഇപ്പോൾ അത് കേൾക്കുന്നു, അകത്തേക്ക് കയറാൻ കഴിയാതെ, അവിടെ ഇപ്പോൾ ഇരുന്നു ഇത് കേൾക്കുകയാണ്.

96 കുട്ടിയുടെ മുകളിൽ ഒരു നിഴലിന്റെ വലിയ മൂടൽ ഉണ്ടായിരുന്നു. ഞാൻ പറഞ്ഞു, "സാത്താൻ, നീ പരാജയപ്പെട്ടിരിക്കുന്നു." "ദൈവമേ, നിന്റെ പക്കൽ മുഖപക്ഷം ഇല്ല. നിന്റെ പുനഃരുത്ഥാനത്തിന്റെ ശക്തിയാൽ, നിന്റെ ദാസനായി, ഞാൻ ഈ പിശാചിനെ കുട്ടിയിൽ നിന്നു പുറത്താക്കുന്നു." ഒരു വലിയ ശോഭയുള്ള വെളിച്ചം അവളുടെ മേൽ മിന്നി, അത് കഴിഞ്ഞിരുന്നു. ആമേൻ. ഹും? തീർച്ചയായും, അവൻ സകല സ്തുതിക്കും അർഹനാണ്!

97 അവൻ സകലതും അറിയുന്നു. അവൻ നിങ്ങളുടെ ഹൃദയം അറിയുന്നു. നിങ്ങൾ എന്താണ് ചിന്തിക്കുന്നതെന്ന് നിങ്ങൾക്കറിയാം; അവനും, കൂടെ അറിയുന്നു. ഇന്ന് രാത്രിയിൽ ഒരു ചെറിയ പാപം നിങ്ങളുടെ മേൽ തൂങ്ങിക്കിടക്കുന്നെങ്കിലും, അതുമായി ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ പോകാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിലും, നിങ്ങൾ ഒരിക്കൽ കൂടി കൈ ഉയർത്തി നിങ്ങൾ ഇങ്ങനെ പറയുമോ, "ബ്രദർ ബ്രൺഹാം, എനിക്കായി പ്രാർത്ഥിക്കു, നിർദ്ദോഷിയായി, ആ ദിവസം അവന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു." ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അനേകം

കൈകൾ, ദൈവം അതു കാണുന്നു. അവന്റെ സാന്നിദ്ധ്യത്തിൽ. നിങ്ങൾ ചെയ്യുന്നത് എന്താണെന്ന് ഇപ്പോൾ ഞാൻ നിങ്ങളോട് പറയാം. ഇപ്പോൾ നന്നേ ശ്രദ്ധിക്കു. ദാവീദിനെപ്പോലെ ചെയ്യു, ഇപ്പോൾ തന്നെ കർത്താവിനെ നിങ്ങളുടെ മുമ്പിൽ വെയ്ക്കു. നിരന്തരം വശത്തേയ്ക്കാക്കുന്ന ആ ചെറിയ പാപം ആയാലും ശരി, കർത്താവിനെ നിങ്ങൾക്കും ആ പാപത്തിനും ഇടയിൽ വെയ്ക്കു. അത് നുണ പറയുന്നത് ആയിരിക്കാം, മോഷ്ടിക്കുന്നത് ആയിരിക്കാം, ഒരുപക്ഷേ അത് മോശമായ ചിന്തിക്കുന്നതോ, അത് ഒരുപക്ഷേ കോപം ആയിരിക്കാം, ചിലപ്പോൾ മദ്യപിക്കുന്നതോ, ഒരുപക്ഷേ പുകവലിയോ, അതുമല്ല ചൂതാട്ടമോ ആയിരിക്കാം. എന്താണെന്ന് എനിക്കറിയില്ല. അത് ഒരുപക്ഷേ കാമമായിരിക്കാം. അത് എന്തും ആയിരിക്കാം. അത് എന്താണെന്ന് എനിക്കറിയില്ല. അതു എന്തു തന്നെയായാലും, കർത്താവിനെ നിങ്ങളുടെ മുമ്പിൽ വയ്ക്കു. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും, നിങ്ങളുടെ ജഡം നിർഭയമായി വസിക്കും, അവസാന നാളുകളിൽ അവൻ വീണ്ടും ഉയിർപ്പിക്കും എന്നു ക്രിസ്തു വാഗ്ദത്തം ചെയ്തതു നിങ്ങൾക്കറിയാം. അവൻ പുറപ്പെട്ടു വരുമ്പോൾ, നാം അവന്റെ സാദൃശ്യത്തിൽ വരും. ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ, നിങ്ങൾ ഇപ്പോൾ ഇത് ചെയ്യില്ലേ?

98 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ക്ഷീണിതനായ ഒരു ദാസന്റെ ഇറച്ചി അരിഞ്ഞതു പോലെയുള്ള സന്ദേശമാണ്. "ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വസിക്കുക" എന്ന വിഷയത്തിന്മേൽ ചിന്തിക്കുകയാണ്. നിന്റെ സാന്നിദ്ധ്യത്തിലേക്ക് വന്നിരുന്ന വിശുദ്ധ മനുഷ്യരുടെ സ്വാധീനം, അത് അവരെ എങ്ങനെ സ്വാധീനിച്ചു എന്ന് ഇന്ന് രാത്രിയിൽ ഞങ്ങൾ കണ്ടു. ജ്ഞാനികൾ, ദൈവത്താൽ നിയോഗിച്ച് വചനം പ്രസംഗിക്കാൻ അയക്കപ്പെട്ട, വലിയ ശക്തരായ പ്രവാചകന്മാർ, പിന്നെയും അവനെ മുഖാമുഖം കണ്ടുമുട്ടിയപ്പോൾ മരിച്ചവരെപ്പോലെ നിലത്തു വീഴുന്നു. കർത്താവേ, ആ ദിവസം ഞങ്ങൾ എന്തു ചെയ്യാൻ പോകുന്നു? ഞങ്ങൾ ഇതിനെപ്പറ്റി ചിന്തിക്കുന്നു. ഞങ്ങൾ അത് ചിന്തിക്കുകയായിരുന്നു. കർത്താവേ, നാല്പതോ അമ്പതോ കൈകൾ ചിന്തിക്കുന്നു, കാരണം അവർ കൈകളോ, കൈകൾക്കു കീഴിലെ ഹൃദയത്തെയോ ഉയർത്തിയിരിക്കുന്നു, ഞങ്ങൾ സംസാരിച്ചതു മുതൽ അവനെ കണ്ടുമുട്ടുന്നതിനെക്കുറിച്ച് ചിന്തിക്കുകയാണ്. അവനെ കാണേണ്ടി വന്നാൽ അവർ എന്തു ചെയ്യും?

99 കർത്താവേ, എന്റെ കൈകളും, ഉയർന്നിരിക്കുന്നു. ഞാൻ എന്തു ചെയ്യും? ഇപ്പോൾ, പിതാവേ, ഞാൻ തെറ്റായി ചെയ്തുപോയ

പലതും എന്നിലുണ്ട്. ഇന്ന് രാവിലെ നേരം സഭയുടെ മുമ്പിൽ ഞാൻ എന്റെ പാപം ഏറ്റുപറഞ്ഞ്, കഴിഞ്ഞ ദിവസം രാവിലെ പർവ്വതത്തിനു മുകളിൽ കാറ്റു വീശുകയും മഞ്ഞു വീഴുകയും ചെയ്തപ്പോൾ ഞാൻ നിന്നോട് അത് ഏറ്റുപറഞ്ഞതു പോലെ, പർവ്വതത്തിന്റെ മുകളിൽ, ഞാൻ എങ്ങനെ നിലവിളിച്ചുകൊണ്ട്, എന്റെ വിഡ്ഢിത്തത്തെ എന്നോട് ക്ഷമിക്കണമെന്ന് നിന്നോട് ആവശ്യപ്പെട്ടത് എങ്ങനെയാണ്. എന്റെ സഹോദരന്മാരുടെ മുമ്പാകെ വരാൻ ഞാൻ ഭയപ്പെട്ടു, അവരിൽ ചിലർ ഞാൻ നിന്റെ പ്രവാചക-ദാസൻ എന്നു കരുതുന്നു. മാത്രമല്ല, കർത്താവേ, അവരുടെ മുമ്പിൽ വന്ന് ഒരു വിഡ്ഢിത്തമായ പ്രവൃത്തിയെക്കുറിച്ച് ഞാൻ അത്തരമൊരു കാര്യം ചെയ്തെന്നു പറയാൻ ഞാൻ എങ്ങനെ വെറുത്തിരുന്നു, പക്ഷേ, ദൈവമേ, ഞാൻ എന്റെ പാപങ്ങൾ ഏറ്റുപറയുകയും അവയെ മറയ്ക്കാതിരിക്കുകയും ചെയ്യുന്നത് എന്റെ പ്രാണന് നല്ലതാണ്. കർത്താവേ, അതിനാൽ നിന്നോട് സത്യസന്ധത പുലർത്തി, നേരെ ജനങ്ങളുടെ മുമ്പിൽ, ഞാൻ അത് ഏറ്റുപറഞ്ഞിരിക്കുന്നു. ഞാൻ തെറ്റാണ്, ഞാൻ തീർത്തും തെറ്റാണ്. ഞാൻ ക്ഷമയ്ക്കായി പ്രാർത്ഥിക്കുന്നു.

100 പിന്നെയും, പിതാവേ, ഞാൻ നിന്നെപ്പറ്റി ചുറുചുറുക്കില്ലാതെ, നിന്നെ സേവിക്കുന്നു, ഞാൻ അത് ചെയ്യാതിരുന്നപ്പോൾ കൂടുതൽ തവണ എനിക്ക് അധിക ദൂരൻ പോകാൻ കഴിയുമായിരുന്നു. പിതാവേ, ഞാൻ എന്റെ പാപങ്ങൾ ഏറ്റുപറയുന്നു. യേശുവിന്റെ രക്തത്താൽ, ദൈവത്തിന്റെ ദൂതൻ എന്നെ അതിൽ നിന്ന് ശുദ്ധീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ള കൈകളും ഇന്ന് രാത്രിയിൽ ഉയർന്നിരിക്കുന്നു, അവരിൽ ചിലർ ഇതിനു മുമ്പ് ഒരിക്കലും ക്ഷമ ചോദിച്ചിട്ടില്ലായിരിക്കാം; ഞങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞാൽ, ഈ ഒരു കാര്യത്തെക്കുറിച്ച് എനിക്ക് ഉറപ്പുണ്ട്, ദൈവം അവരെ മാച്ചുകളയുകയും, അവയെ മറവിയുടെ സമുദ്രത്തിൽ ഇടുകയും പിന്നെ ഒരിക്കലും ഇല്ല—ഇല്ല ഓർക്കുകയുമില്ല. എന്നാൽ, പിതാവേ, ജനത്തിന്റെ മുമ്പിൽ തെറ്റായി പെരുമാറുന്നത്, ഞാൻ എന്റേത് ഏറ്റുപറഞ്ഞതു പോലെ, ഞാൻ എന്റെ മേൽ യേശു ക്രിസ്തുവിന്റെ ദാസൻ എന്നതുപോലെ ചെയ്യുന്നില്ല. ഞാൻ ചെയ്തിട്ടില്ല. മനുഷ്യൻ എന്നോട് ദേഷ്യപ്പെട്ടുമെന്നും അവന്റെ വികാരങ്ങളെ വ്രണപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്നും ഞാൻ ഭയപ്പെട്ടു, കർത്താവേ, ഞാൻ നിന്നോട് എന്താണ് ചെയ്യുന്നതെന്ന് ഞാൻ ചിന്തിച്ചില്ല. ഇപ്പോൾ നീ എന്നോട്—എന്നോട് ക്ഷമിക്കണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇപ്പോൾ, പിതാവേ, ഞാൻ ക്ഷമ ചോദിച്ചാൽ എനിക്ക് ക്ഷമ ലഭിക്കുമെന്ന് ഞാൻ അറിയുന്നു, നീ

അവയെ മറവിയുടെ സമുദ്രത്തിൽ ഇട്ടു, ഇനി ഒരിക്കലും അത് ഓർമ്മിക്കുകയില്ല. ദൈവമേ, ഞാൻ അതിനായി നന്ദിയുള്ളവനാണ്.

101 പാപം ചെയ്തിരിക്കുന്ന, അവർ മുമ്പ് എന്തിലും പാപം ചെയ്തിട്ട്, ഇവിടെ ആയിരിക്കുന്ന ഓരോ വ്യക്തിയെയും അനുവദിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു, അവർ അതു നീക്കിക്കളഞ്ഞ് ദാവീദിനെപ്പോലെ കർത്താവിനെ അവരുടെ മുമ്പിൽ വെയ്ക്കാൻ ഇടയാകട്ടെ. അതിനാൽ ഇപ്പോൾ ഞങ്ങൾ നിലവിളിക്കുന്നു, "എനിക്ക് അയ്യോ കഷ്ടം, ഞാൻ ദൈവത്തിന്റെ മഹത്വം കണ്ടുവല്ലോ. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു പുരുഷനോ, അഥവാ ഒരു സ്ത്രീയോ അതുമല്ല ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു പെൺകുട്ടിയോ, ആൺകുട്ടിയോ അതോ മറ്റെന്തായിരുന്നാലും." ഞങ്ങൾ എന്തു തന്നെയായാലും, ഞങ്ങൾ ശുദ്ധിയില്ലാത്തവരാണ്, കൂടാതെ ഞങ്ങൾ ഉചിതമായ ബലിയെ, യേശു ക്രിസ്തുവിന്റെ രക്തത്തെ, അവന്റെ സാന്നിദ്ധ്യത്തിൽ വസിക്കേണ്ടതിന്, സകല പാപത്തിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കാൻ ആവശ്യപ്പെടുന്നു. ഞങ്ങളുടെ ഹൃദയം സന്തോഷത്താൽ നിറഞ്ഞ് ഇന്ന് രാത്രിയിൽ ഇവിടെ നിന്ന് ഞങ്ങളെ പോകാൻ അനുവദിച്ചാൽ, ഞങ്ങളുടെ ജഡം നിർഭയമായി വസിക്കും, എന്നു അറിയും, യേശു വരുമ്പോൾ, അവന്റെ സാദൃശ്യത്തിൽ ഞങ്ങളെ അവനോടൊപ്പം ഉയിർപ്പിക്കും, അവസാനം പുറകോട്ടെണ്ണൽ അവസാനിക്കുമ്പോൾ, ആകാശത്തിൽ അവനെ എതിരേല്പാനായി, മേഘങ്ങളിൽ എടുക്കപ്പെടും. ഏഴാം സഭാ കാലം ഇതിനകം കണക്കാക്കിയതായി ഞങ്ങൾ കാണുന്നു, ഞങ്ങൾ ഇപ്പോൾ പുറപ്പെടാൻ തയ്യാറായിരിക്കുന്നു. ഞങ്ങൾ പ്രാർത്ഥിക്കുന്നത്, ദൈവമേ, അതിനാൽ നീ, നീ വാതിൽ അടയ്ക്കുന്നതിനു മുമ്പ്, ഇതു വരെയും അകത്തേക്ക് കടക്കാത്ത ഒരാൾ ഈ രാത്രി ഇവിടെ ഉണ്ടെങ്കിൽ, അവർ വേഗത്തിൽ തിട്ടുക്കപ്പെടട്ടെ, കാരണം കരുണയ്ക്കും ന്യായവിധിക്കും ഇടയിലുള്ള കരുണയുടെ, വാതിൽ അടച്ചിരിക്കുന്നു, എന്നു ഞങ്ങൾക്ക് തോന്നുന്നു. കരുണ സ്വീകരിക്കുന്നവർ കാലെടുത്തുവയ്ക്കും. ഉള്ളിലേക്ക് വരാത്തവർക്ക് ന്യായവിധി അനുഭവിക്കേണ്ടിവരും. ദൈവം വാതിൽ അടയ്ക്കുന്നു. പാപങ്ങളെ ഏറ്റു പറയുന്ന ഓരോ പാപിക്കും ഇന്ന് രാത്രിയിൽ ആ ഒരു വാതിൽ അടക്കരുതേ. ഞങ്ങൾക്ക് എല്ലാവർക്കും ക്ഷമയും കരുണയും ലഭിക്കട്ടെ. യേശു ക്രിസ്തുവിന്റെ നാമത്തിൽ.

102 ഇപ്പോൾ, പിതാവേ, രോഗികൾക്കും പീഢിതർക്കും, ആവശ്യക്കാർ ആയിരിക്കുന്നവർക്കും വേണ്ടി, നിന്റെ കൃപ അവർക്ക് ആവശ്യമുള്ളതെല്ലാം നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അവന്റെ സാന്നിദ്ധ്യത്തിലേക്ക്, അവർ ക്രിസ്തുവിലേക്ക് കടന്നുവരട്ടെ. ക്രിസ്തുവിനെ, ക്രിസ്തുവിനെ, ആ വാഗ്ദാനത്തെ വെയ്ക്കുന്നു, "'എന്റെ അകൃത്യങ്ങൾക്കായി അവൻ മുറിവേറ്റു,' അത് എന്റെ പാപങ്ങളാണ്. 'അവന്റെ അടിപ്പിണരുകളാൽ ഞാൻ സൌഖ്യം പ്രാപിച്ചിരിക്കുന്നു,' പിന്നെ ഞാൻ എന്റെ രോഗത്തിന് മുന്നിൽ കർത്താവിനെ വെയ്ക്കുന്നു. 'അവൻ എന്റെ വലത്തു ഭാഗത്തുള്ളതുകൊണ്ട്, ഞാൻ കുലുങ്ങിപ്പോകയില്ല' ഞാൻ സുഖം പ്രാപിച്ചു എന്ന് ഏറ്റുപറഞ്ഞ്, ധൈര്യത്തോടെ നടന്നു പോകുന്നു. 'അവന്റെ അടിപ്പിണരുകളാൽ ഞാൻ സൌഖ്യം പ്രാപിച്ചിരിക്കുന്നു.'" കർത്താവേ, അവർക്ക് ഓരോരുത്തർക്കും, ഇതു നൽകിയാലും. നമ്മുടെ അധരങ്ങളാലോണോ അതോ, ഞങ്ങളുടെ ഹൃദയങ്ങളാലാണോ ഞങ്ങൾ ഏറ്റുപറഞ്ഞതെന്ന് ഞങ്ങൾക്കറിയാം, ഞങ്ങളുടെ ഹൃദയത്താൽ വിശ്വസിച്ചാൽ, അപ്പോൾ ഞങ്ങൾക്ക് ഞങ്ങളുടെ ആഗ്രഹം ലഭിക്കും.

103 നീ പറഞ്ഞു, "നിങ്ങൾ എന്തെങ്കിലും ചോദിക്കുമ്പോൾ, അത് സംഭവിക്കുമെന്ന് വിശ്വസിച്ചാൽ, നിങ്ങൾ പറഞ്ഞതു തന്നെ നിങ്ങൾക്കുണ്ടാകും." പിതാവേ, ഞങ്ങളുടെ എല്ലാ പാപങ്ങളിൽ നിന്നും നീ ഞങ്ങളെ ശുദ്ധീകരിക്കുമെന്നും, ഞങ്ങളുടെ എല്ലാ രോഗങ്ങളെയും സുഖപ്പെടുത്തുമെന്നും, ഞങ്ങൾ വിശ്വസിക്കുന്നു, കർത്താവേ, നിന്നെ സേവിക്കാൻ, ഞങ്ങൾക്ക് കൃപ നൽകിയാലും.

104 ഈ ജനങ്ങളോടൊപ്പം ആയിരുന്നാലും. അവരിൽ പലരും ഈ രാത്രി ഇരുണ്ട റോഡുകളിലൂടെ യാത്ര ചെയ്യാൻ പോകുന്നു. അവരിൽ പലരും അനേക മൈലുകൾ യാത്ര ചെയ്യും. കർത്താവേ, അവർക്ക് ഒന്നും സംഭവിക്കാൻ അനുവദിക്കരുതേ. ഇവിടെ ഇരുന്നിട്ട് പുറകോട്ടെണ്ണൽ കേൾക്കാനും, അവസാന സമയത്തോട് ഞങ്ങൾ എത്ര അടുത്തിരിക്കുന്നു എന്നു കാണാനും അവർ രാജ്യത്ത് ആകമാനം നിന്നും വന്നിരിക്കുന്നു. ദൈവത്തെ അവരുടെ മുമ്പിലും, എപ്പോഴും അവരുടെ മുമ്പിലും, മറ്റെന്തിന്റെ മുമ്പിലും വെച്ചുകൊണ്ട് പോകാൻ, ഇപ്പോൾ ഞാൻ അവരോട് ആവശ്യപ്പെടുന്നു. അവരുടെ യാത്രയ്ക്ക് മുമ്പ്, അവരുടെ നീക്കത്തിന് മുമ്പ്, അവരുടെ മുമ്പ്—അവർ എഴുന്നേൽക്കുന്നതിന് മുമ്പ്, അവർ കിടക്കയിലേക്ക് പോയതിനു ശേഷം, എപ്പോഴും അവർ ഉറങ്ങാൻ പോകുന്നതിനു മുമ്പ്, അത് എവിടെ ആയിരുന്നാലും, ദൈവത്തെ ആദ്യം വെയ്ക്കുക! "അവൻ എന്റെ വലത്തു ഭാഗത്തുള്ളതുകൊണ്ട്, ഞാൻ കുലുങ്ങിപ്പോകയില്ല." അപ്പോൾ അവർ ആവശ്യപ്പെട്ടത് അവർക്ക് കിട്ടിയെന്നു അറിയാൻ ഇടയായി, അവരുടെ ഹൃദയം സന്തോഷിക്കട്ടെ, കാരണം ദൈവം

അത് വാഗ്ദാനം ചെയ്തിരിക്കുന്നു, അവരുടെ ജഡവും നിർഭയമായി വസിക്കും. കർത്താവേ, ഇത് അനുവദിച്ചാലും, ഞങ്ങൾ അത് യേശു ക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

ഞാൻ അവനെ സ്തുതിക്കും, ഞാൻ അവനെ സ്തുതിക്കും,
പാപികൾക്കായി കൊല്ലപ്പെട്ട കുഞ്ഞാടിനെ സ്തുതിക്കും;
സകല ജനവും അവനു മഹത്വം കൊടുക്കട്ടെ,
അവന്റെ രക്തം ഓരോ കറയും കഴുകിക്കളഞ്ഞു.

105 കർത്താവിനെ നിങ്ങൾക്കും നിങ്ങളുടെ പാപത്തിനും ഇടയിൽ, നിങ്ങൾക്കും നിങ്ങളുടെ രോഗത്തിനും ഇടയിൽ, നിങ്ങൾക്കും നിങ്ങളുടെ തെറ്റുകൾക്കും ഇടയിൽ, നിങ്ങൾക്കും നിങ്ങളുടെ വഴികൾക്കുമിടയിൽ വെച്ചെന്നു നിങ്ങൾ വിശ്വസിക്കുന്നോ? “കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു, ഞാൻ അവന്റെ സാന്നിദ്ധ്യത്തിലാകുന്നു. അടുത്ത തവണ ഞാൻ ഒരു സിഗരറ്റ് കത്തിക്കാൻ തുടങ്ങുമ്പോൾ, കർത്താവ് എന്റെ മുമ്പിലുണ്ട്. അടുത്ത തവണ ഞാൻ മോഹിക്കാൻ തുടങ്ങുമ്പോൾ, കർത്താവ് എന്റെ മുമ്പിലുണ്ട്. അടുത്ത തവണ ഞാൻ എന്തെങ്കിലും തെറ്റ് പറയാൻ തുടങ്ങുമ്പോൾ, കർത്താവ് എന്റെ മുമ്പിലുണ്ട്. അടുത്ത തവണ ഞാൻ ഒരു മോശം കാര്യം പറയാൻ തുടങ്ങുമ്പോൾ, കർത്താവ് എന്റെ മുമ്പിലുണ്ട്. ഞാൻ കുലുങ്ങിപ്പോകയില്ല. ആമേൻ. ഞാൻ ഓരോ ദിവസവും അവന്റെ സാന്നിദ്ധ്യത്തിൽ, എന്റെ ഇടപാടുകൾക്കൊപ്പം, ഓരോ ദിവസവത്തെ എന്റെ സംഭാഷണത്തിനൊപ്പം ജീവിക്കും. കർത്താവ് എന്റെ മുമ്പിലുള്ളതുപോലെ ഞാൻ നടക്കും, കാരണം ഈ രാത്രിയിൽ ഞാൻ അവനെ എന്റെ മുമ്പിൽ വെയ്ക്കുന്നു. ഞാൻ കുലുങ്ങിപ്പോകയില്ല.” നിങ്ങൾ അവനെ സ്നേഹിക്കുന്നോ?

106 ഇപ്പോൾ, നമുക്ക് എഴുന്നേറ്റു നിൽക്കാം. ഓ, എനിക്ക് വളരെ നന്നായി തോന്നുന്നു. എനിക്ക് വീട്ടിലേക്ക് പോകാൻ താല്പര്യമില്ലാത്തതു പോലെ തോന്നുന്നു. ഒമ്പതിനു ഏകദേശം ഇരുപത്തിയഞ്ച് മിനിറ്റ് മാത്രമേ ഉള്ളൂവെന്ന് നിങ്ങൾക്കറിയാം, ഞാൻ ഏകദേശം രണ്ട് മണിക്കൂർ നേരത്തെയാണ്. ഇത് അതിശയകരമല്ലേ? ഓ, എന്റെ! എന്നാൽ ഇപ്പോൾ നാം പുറപ്പെട്ടു പോകുമ്പോൾ, സകല കെണിയിൽ നിന്നും ഒരു പരിചയായി, യേശുവിന്റെ നാമം നമ്മോടൊപ്പം കൊണ്ടുപോകാൻ, നാം ഓർത്തിരിക്കണം. നമുക്ക് ചുറ്റും പ്രലോഭനങ്ങൾ ഒരുമിച്ചു കൂടുമ്പോൾ... അത് നമ്മെ ഓർമ്മിപ്പിക്കാൻ ശ്രമിക്കുമ്പോൾ, പ്രാർത്ഥനയിൽ ആ വിശുദ്ധ നാമം ശ്വസിക്കുക.

യേശുവിൻ നാമം നിങ്ങൾക്കൊപ്പം എടുത്തുകൊണ്ടു പോകു,
ദുഃഖത്തിന്റെയും കഷ്ടതയുടെയും സന്താനത്തെ;
അത് നിങ്ങൾക്ക് സന്തോഷവും ആശ്വാസവും നൽകും,
ഓ, നിങ്ങൾ പോകുന്നിടത്തെല്ലാം അത് എടുത്തുകൊണ്ടു പോകു.

വിലയേറിയ നാമം (വിലയേറിയ നാമം), ഓ എത്ര മാധുര്യം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും;
വിലയേറിയ നാമം (വിലയേറിയ നാമം), ഓ എത്ര മാധുര്യം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും.

107 നെവിൽ സഹോദരനെ, നമ്മുടെ പാസ്റ്റർ എത്രപേർ ആസ്വദിക്കുന്നു? [സഭ പറയുന്നു, "ആമേൻ."—Ed.] ദിനംപ്രതി, സുവിശേഷം വിശ്വസിക്കുന്ന, സത്യസന്ധനായ, മനുഷ്യനായി നിങ്ങൾ കർത്താവിന് നന്ദി പറയുന്നില്ലേ? ["ആമേൻ."] ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നതിലൂടെ അവൻ അത്തരമൊരു അത്ഭുതകരമായ ജോലി ചെയ്യുന്നു, വചനം പ്രസംഗിക്കുകയും സഭയിൽ ഈ മഹത്തായ ആത്മീയ അന്തരീക്ഷം എല്ലായ്പ്പോഴും നിലനിർത്തുകയും ചെയ്യുന്നു. ഓർക്കുക, ഞാൻ കിഴക്കൻ തീരത്ത് ഇറങ്ങി, തെക്ക് ഭാഗത്തേക്ക് കുറുകെ പോയിട്ട്, പടിഞ്ഞാറൻ തീരത്ത് എത്തി, കാനഡ വഴി വന്നു, ഈ സഭയെപ്പോലെ ആത്മീയമായ ഒരു സഭയേയും ഞാൻ ഇവിടെ എവിടെയും കണ്ടില്ല. അവർ വിത്തിലേക്ക് പോയി, അതെ, ഒന്നുകിൽ മതഭ്രാന്ത്, അല്ലെങ്കിൽ ബാലിശമായ കോപാവേശം മെനഞ്ഞു, അതുമല്ലെങ്കിൽ വളരെ തണുപ്പുള്ളതിനാൽ നീക്കാൻ കഴിയില്ല. അത്രയേയുള്ളൂ.

108 ഇപ്പോൾ നിങ്ങൾ പരസ്പരം സ്നേഹിക്കുന്നുണ്ടോ? [സഭ പറയുന്നു, "ആമേൻ."—Ed.] ഓ, പരസ്പരം കൈ കുലുക്കിയിട്ടു, പറയൂ, "കർത്താവിന് സ്തുതിയായിരിക്കട്ടെ."

109 [ബ്രദർ ബ്രൺഹാം ജനങ്ങളുമായി കൈ പിടിച്ചു കുലുക്കുന്നു—Ed.] കർത്താവിന് സ്തുതിയായിരിക്കട്ടെ. കർത്താവിന് സ്തുതിയായിരിക്കട്ടെ. കർത്താവിന് സ്തുതിയായിരിക്കട്ടെ. സഹോദരി, കർത്താവിന് സ്തുതിയായിരിക്കട്ടെ. കർത്താവിന് സ്തുതിയായിരിക്കട്ടെ. സഹോദരാ, നിങ്ങൾ ഇവിടെ വന്നതിൽ സന്തോഷമുണ്ട്. സഹോദരി, കർത്താവിന് സ്തുതിയായിരിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അങ്ങനെയാകട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഞങ്ങൾ

ചെയ്യും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് എന്താണ് വേണ്ടതെന്ന് എനിക്കറിയാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

യേശുവിൻ നാമത്തെ നിങ്ങൾക്കൊപ്പം എടുത്തുകൊണ്ടു പോക,
എല്ലാ കെണിയിൽ നിന്നും ഒരു പരിചപോലെ;
പ്രലോഭനങ്ങൾ നിങ്ങൾക്ക് ചുറ്റം കുന്നുകൂടുമ്പോൾ, (നിങ്ങൾ എന്തു ചെയ്യും?)
ആ വിശുദ്ധ നാമത്തെ പ്രാർത്ഥനയാൽ ശ്വസിക്കു.

വിലയേറിയ നാമം (വിലയേറിയ നാമം), ഓ എത്ര മാധുര്യം! (ഓ എത്ര മാധുര്യം!)
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും;
വിലയേറിയ നാമം (വിലയേറിയ നാമം), ഓ എത്ര മാധുര്യം!
ഭൂമിയുടെ പ്രത്യാശയും സ്വർഗ്ഗത്തിന്റെ സന്തോഷവും.

110 നമുക്ക് ഇപ്പോൾ തലകളെ കുമ്പിടാം. വളരെ മൃദുവായി, അത് ഇപ്പോൾ നാം മറക്കരുത്. നമുക്ക് ഇപ്പോൾ ആ വരികൾ വീണ്ടും പാടാം.

യേശുവിൻ നാമം നിങ്ങൾക്കൊപ്പം എടുത്തുകൊണ്ടു പോക, (എന്തിനു വേണ്ടി?)
എല്ലാ കെണിയിൽ നിന്നും ഒരു കവചമായി, (സാത്താൻ നിങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുമ്പോൾ);
പ്രലോഭനങ്ങൾ നിങ്ങൾക്ക് ചുറ്റം കൂനകൂടുമ്പോൾ, (നിങ്ങൾ എന്തു ചെയ്യുന്നു?)
ആ വിശുദ്ധ നാമം ശ്വസിച്ചാൽ മാത്രം മതി.

"കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; ഞാൻ കുലുങ്ങിപ്പോകയില്ല!"

വിലയേറിയ നാമം (വിലയേറിയ നാമം), ഓ എത്ര മാധുര്യം!

സഹോദരൻ നെവിൽ.

***അവന്റെ സാന്നിദ്ധ്യത്തിൽ*** MAL62-0909E

(In His Presence)

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, 1962, സെപ്റ്റംബർ 9, ഞായറാഴ്ച വൈകിട്ട്, അമേരിക്കൻ ഐക്യ നാട്ടിലെ, ജെഫെർസൺവില്ലെയിലുള്ള, ബ്രൺഹാം ടെബർണക്കിളിൽ വെച്ച്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2021 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org